# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 9 ചിങ്ങം - 1194 സെപ്റ്റംബർ 2018






എറണാകുളം കരയോഗത്തിന്റെ 2018 ലെ ജീവകാരുണ്യ സഹായവിതരണോദ്ഘാടനം ബഹു. ഹൈകോർട്ട് ജഡ്ജ് (റിട്ട.) ബി. കെമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു



എറണാകുളം കരയോഗത്തിന്റെ പ്രളയ ദുരിതാശ്വാസ സഹായം....



## എഡിറ്റോറിയൽ

# പ്രകൃതി സംരക്ഷണത്തിനായി പ്രതിജ്ഞയെടുക്കാം

ഒരു ജീവിതകാലത്തെ പ്രയത്നഫലമായി പടുത്തുയർത്തിയ സർവ്വതും ഒരു നിമിഷം കൊണ്ട് പ്രകൃതി ക്ഷോഭത്താൽ തകർന്നടിയുന്ന ദയനീയ കാഴ്ച കണ്ട് നെഞ്ച് പൊട്ടി കരയുന്ന അനേകായിരങ്ങളുടെ ദീനരോദനങ്ങളുടെ മാറ്റൊലി അടങ്ങിയിട്ടില്ലാത്ത കേരളത്തിൽ അതിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമാണല്ലോ? രാഷ്ട്രീയ ഭേദമില്ലാതെ, ജാതിമതവ്യത്യാസങ്ങളില്ലാതെ, വലിയവനെന്നോ ചെറിയവനെന്നോ ഉള്ള ചിന്തയില്ലാതെ, മനസ്സാക്ഷി മരവിച്ചിട്ടില്ലാത്ത സകലരും ഒന്നിച്ചു നിന്നുകൊണ്ട് പ്രളയദുരിന്തത്തിലകപ്പെട്ടവരെ രക്ഷിക്കുന്നതിനും അവർക്കു വേണ്ട പാർപ്പിടവും ഭക്ഷണവും വസ്ത്രവുമെല്ലാം ഒരുക്കുന്നതിനും ഒരുമയോടെ, തോളോട് തോൾ ചേർന്ന് സർവ്വാത്മനാ നടത്തിയ അക്ഷീണ പ്രയത്നത്തെ എത്രകണ്ട് പ്രശംസിച്ചാലും മതിയാവില്ല. ഈ രക്ഷാദൗത്യത്തിൽ മുഖ്യ പങ്കു വഹിച്ച നമ്മുടെ വ്യോമസേനയിലെയും നാവികസേനയിലെയും കരസേനയിലെയും ധീരജവാന്മാരെയും, മത്സ്യബന്ധന തൊഴിലാളികളെയും നന്ദിയോടെ സ്മരിക്കുന്നു. അവസരോചിതമായി അവർ നല്കിയ സേവനപ്രവർത്തനങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ഒപ്പം ഈ രക്ഷാദൗത്യത്തിൽ പങ്കെടുത്ത ഒട്ടേറെ സന്നദ്ധസംഘടനകളുണ്ട്, സ്ഥാപനങ്ങളുണ്ട്, വ്യക്തികളുണ്ട് - എല്ലാവരുടെയും മുമ്പിൽ കൃതജ്ഞതാനിർഭരരായി ഈ മണ്ണിന്റെ മാറിൽ തൊട്ട് നന്ദി രേഖപ്പെടുത്തുന്നു. എടുത്ത പറയേണ്ട മറ്റൊന്ന്, നമ്മുടെ യുവതലമുറ കാഴ്ചവെച്ച ഐക്യവും ധീരോദാത്തമായ പ്രവർത്തനങ്ങളുമാണ്. ഇവരുടെ കൈകളിൽ നമ്മുടെ നാടിന്റെ ഭാവി ഭദ്രമാണെന്നുറപ്പാക്കും വിധമുള്ള നിസ്വാർത്ഥ സേവനങ്ങളാണ് ഈ ദുരന്തവേളയിൽ അവരിൽനിന്നും ഉണ്ടായത്. കേരളയുവത്വത്തിന് ഞങ്ങളുടെ ഹൃദയത്തിന്റെ



# ഉള്ളടക്കം

വാല്യം 11 | ലക്കം 09 | സെപ്റ്റംബർ 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| ദ്വൈപായന വേദവ്യാസൻ | 17 |
| സാമൂഹ്യമാധ്യമങ്ങളും ഭാരതീയ സംസ്കാരവും ഒരു ചർച്ച | 21 |
| ഹരിസുധാലഹരി | 27 |
| പാതഞ്ജലയോഗ ദർശനം | 29 |
| പ്രളയദുരിതാശ്വാസ സഹായം | 30 |
| ഓണം ഒളിമങ്ങുന്ന ഈണങ്ങളിലൂടെ | 32 |
| ശകുനം | 35 |
| അദ്ധ്യാത്മികത | 36 |
| ആദരാഞ്ജലികൾ | 40 |
| സ്ത്രീകൾ കഠിനഹൃദയരാണോ? | 41 |
| സമുദ്രങ്ങൾ | 43 |
| കലാലയ രാഷ്ട്രീയ നിരോധനം ഒരു വിചിന്തനം | 45 |
| നവരാത്രി ആഘോഷങ്ങൾ | 49 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |


കവർചിത്രം: *വിശ്വകർമ്മാവ്*


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ഭാഷയിൽ അഭിനന്ദനം രേഖപ്പെടുത്തുന്നു.

ഈ രക്ഷാദൗത്യത്തിനിടയിൽ അപകടത്തിൽ പെട്ട് ജീവൻ പൊലിഞ്ഞ കുറെ ചെറുപ്പക്കാരുണ്ട്. നന്മയുടെ നാളത്തെ പ്രകാശദീപങ്ങളായി ശോഭിക്കേണ്ടിയിരുന്ന, സ്വയം മറന്ന് മറ്റുള്ളവരെ രക്ഷിച്ച, ആ സുമനസ്സുകളുടെ സ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കരായി നിന്ന് അഞ്ജലികൾ അർപ്പിക്കുന്നു. പ്രിയ സഹോദരരെ നിങ്ങളെ ഈ നാട് ഒരിക്കലും മറക്കില്ല. അത്രയ്ക്കു മഹത്തായ ബലിദാനികളാണ് നിങ്ങൾ. വീണ്ടും പ്രണാമം.

ദുരന്ത നിവാരണത്തിൽ കേരള സർക്കാരും കേന്ദ്രസർക്കാരും സജീവമായി പ്രവർത്തിച്ചു എന്നുള്ളതിൽ രണ്ടഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല. രണ്ട് കൂട്ടരുടെയും ഇതുവരെയുള്ള പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെ – സംശയമില്ല. കേരളമുഖ്യമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ ഇനി തുടക്കം കുറിക്കേണ്ടത് ഒരു നവകേരള സൃഷ്ടിക്കാണ്. വളരെ ബൃഹത്തായ പദ്ധതികളിലൂടെ മാത്രമെ അത് സാദ്ധ്യമാവുകയുള്ളൂ, അത്രയ്ക്കു വലിയ നാശനഷ്ടങ്ങളാണല്ലോ ഉണ്ടായിരിക്കുന്നത്. അതു മുഴുവനും മാറ്റുവാനും മുമ്പത്തെപ്പോലെ എല്ലാം പുന:സൃഷ്ടിക്കുവാനും ഏറെ സമയവും സമ്പത്തും അദ്ധ്വാനവും വേണ്ടി വരും. അതിനായി സർക്കാർ പ്രവർത്തനങ്ങൾക്ക് സർവ്വാത്മനാ സഹകരണം നല്കുകയും ദുരിതാശ്വാസ നിധിയിലേക്ക് അകമഴിഞ്ഞ് സംഭാവനകൾ നല്കേണ്ടതുമുണ്ട്. കേരളത്തിൽ പ്രളയദുരിതം ബാധിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലുള്ളവരാണ് ഈ കാര്യങ്ങളിൽ ഇനി മുൻകൈയ്യേടുക്കേണ്ടത്. ചെങ്ങന്നൂർ, പത്തനംതിട്ട, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലുള്ളവർ അനുഭവിച്ച ദുരിതങ്ങളും അവർക്കുണ്ടായ നഷ്ടങ്ങളും നമ്മൾ ഒന്നു വിലയിരുത്തണം. അവരുടെ സ്ഥാനത്ത് നാം ആയിരുന്നുവെങ്കിൽ എന്താകുമായിരുന്നു നമ്മുടെ അവസ്ഥ എന്നു ചിന്തിക്കണം. അവിടങ്ങളിലല്ല നമ്മുടെ പ്രദേശങ്ങളിലായിരുന്നു പ്രളയമെങ്കിൽ നാമും ഇന്ന് എല്ലാം നഷ്ടപ്പെട്ടവരാകുമായിരുന്നില്ലേ ? സഹജീവികളെ സഹായിക്കുക എന്നുള്ളതാണല്ലോ നമ്മുടെ ധർമ്മം. പ്രത്യേകിച്ചും അവരുടെ ആപത്തുകാലത്ത്. സഹായം നല്കേണ്ടേത് അത് ആവശ്യമുള്ളപ്പോഴാണ്. നമ്മുടെ മനസ്സിലെ നന്മയുടെ വാതിലുകൾ തുറക്കേണ്ട സമയമാണിത്. സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നല്കണം – ആളുകൊണ്ടും അർത്ഥംകൊണ്ടും – പോരാ ഈ മഹായജ്ഞത്തിൽ പങ്കാളികളാകുന്നതിനും വേണ്ടി ആളുകളെ ഉദ്ബുദ്ധരാക്കുവാൻ വേണ്ട അഭിപ്രായരൂപികരണവും അതിനുവേണ്ടിയുള്ള പ്രചരണങ്ങളും നടത്തണം. ഈ പ്രവർത്തനങ്ങൾ പൂർണ്ണമാകുന്നതുവരെ രക്ഷാപ്രവർത്തനവേളയിൽ നാം കാട്ടിയ യോജിപ്പും സഹകരണവും നിലനിർത്തണം. പരസ്പരം കുറ്റപ്പെടുത്താതെ, മേൽക്കൈയ്ക്കു വേണ്ടിയുള്ള മത്സരങ്ങളിലേർപ്പെടാതെ ഒരു മനസ്സും ഒരു ശരീരവും എന്നപോലെ മുന്നേറണം – പുന : നിർമ്മാണം പൂർണ്ണമാകുന്നതുവരെയെങ്കിലും.

ഈ വൻദുരന്തത്തെ ഒരു പാഠമായുൾക്കൊണ്ടുകൊണ്ട് വേണം ഇനിയും മുന്നോട്ട് പോകേണ്ടത്. നൂറുകണക്കിനാളുകളുടെ ജീവനെടുത്ത, അനേകായിരങ്ങളുടെ സ്വത്തും സർവ്വതും നശിപ്പിച്ച ഈ മഹാദുരന്തം ഉണ്ടാകുവാനുള്ള കാരണം അറിയണം. എങ്കിലെ ഇതുപോലുള്ള ഒരാപത്ത് ഇനി ഉണ്ടാകാതിരിക്കുവാനുള്ള നടപടികളും മുൻകരുതലുകളും എടുക്കുവാൻ സാധിക്കുകയുള്ളൂ. പ്രകൃതി ക്ഷോഭിക്കുന്നത് പ്രകൃതിയെ വേദനിപ്പിക്കുമ്പോൾ മാത്രമാണ്. എന്താണിവിടെ സംഭവിച്ചത് എന്നുള്ളത് നിഷ്പക്ഷമതികളായ, ഈ വിഷയത്തിൽ പരിജ്ഞാനമുള്ള ശാസ്ത്രജ്ഞന്മാരടങ്ങുന്ന ഒരു സമിതിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തണം. പരിഹാര നിർദ്ദേശങ്ങളും മുൻകരുതൽ നടപടികളും എല്ലാം ഉണ്ടാവണം. അവയെല്ലാം നടപ്പാക്കുകയും വേണം.

ഇക്കാര്യത്തിൽ ശാസ്ത്രജ്ഞരായ മാധവ് ഗാഡ്ഗിലിന്റെയും കസ്തൂരി രംഗന്റെയും ഒക്കെ റിപ്പോർട്ടുകൾ നിലവിലുണ്ടല്ലോ ? അവർ പറഞ്ഞത് അന്ന് നാം ചെവിക്കൊണ്ടില്ല. സ്വാർത്ഥമതികളായ ചിലർ അന്ന് അതിനെതിരെ ഉറഞ്ഞ് തുള്ളിയതും നാം മറന്നിട്ടില്ല. ഇങ്ങനെയുള്ള ദുരന്തങ്ങളുണ്ടാകുവാനുള്ള സാധ്യതയുണ്ട് എന്ന് അവർ അവരുടെ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ ചിലരുടെയൊക്കെ സ്വാധീനശക്തിക്കടിയിൽപ്പെട്ടുപോയി, ആ റിപ്പോർട്ടുകൾ എന്നു വേണം കരുതാൻ. ഇന്ന് നാം അനുഭവിക്കുന്നത് ആ അവഗണനയുടെ അനന്തരഫലമായിരിക്കാം.

ഈ മഹാദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട പ്രിയ സഹോദരീ സഹോദരന്മാരുടെ ആത്മാക്കളുടെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്, അവരുടെ ആത്മാക്കളെ സാക്ഷി നിർത്തി നമുക്കു പ്രതിജ്ഞയെടുക്കാം – ഇനിയൊരിക്കലും പ്രകൃതി നശീകരണത്തിന് കൂട്ടു നില്ക്കില്ലയെന്ന്, ഇനിയെന്നും പ്രകൃതി സംരക്ഷണത്തിനായിരിക്കും നമ്മുടെ പ്രഥമ പരിഗണനയെന്ന്.





# ജനറൽ സെക്രട്ടറിയുടെ പംക്തി

കേരളീയരായ നമ്മൾ ഇതുപോലെ ഭയപ്പെട്ട ഒരു സന്ദർഭം ഉണ്ടായിട്ടുണ്ട് എന്ന് തോന്നുന്നില്ല. 1924 ലെ പ്രളയദുരിതം ഒരുപക്ഷെ, പഴമക്കാരുടെ ഓർമ്മയിലോ അറിവിലോ ഉണ്ടായിരിക്കാം. അനുഭവിച്ചവർ നന്നേ കുറവ്. സാങ്കേതിക പരിജ്ഞാനവും അത്യന്താധുനിക സജ്ജീകരണങ്ങളും ആശയവിനിമയ സൗകര്യങ്ങളും എല്ലാം ഉണ്ടായിട്ടും എന്തേ നമുക്ക് പിഴച്ചു? കൃത്യമായും സുതാര്യമായും ജനങ്ങളെ അറിയിക്കുന്നതിൽ പിഴവ് പറ്റിയോ? എന്തായാലും ഒന്ന് തീർച്ചയാണ്.ഏതെല്ലാം വിധത്തിലുള്ള ആധുനിക സാങ്കേതിക അറിവുകൾ ഉണ്ടെങ്കിലും അതിനെല്ലാം ഉപരിയാണ് പ്രകൃതിയുടെ വിളയാട്ടങ്ങൾ.

കാടും മലകളും കുന്നുകളും പാടങ്ങളും കായലുകളും നികത്തിയും ഭൂമിയോട് യാതൊരുവിധ അനുകമ്പയും കാണിക്കാതെ എല്ലാം മോഷ്ടിച്ചും വെട്ടിപ്പിടിച്ചും നേടിയിട്ട് എന്തായി, കേരള ജനത ഇനിയെങ്കിലും പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ ജീവിതശൈലിയും നിർമ്മാണ പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ചില്ലെങ്കിൽ ഭാരതഭൂഖണ്ഡത്തിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന കേരളം എന്ന മലയാളിയുടെ സ്വന്തം ഇടം ഭൂപടത്തിൽ നിന്ന് ഒരു പക്ഷെ കാലം മായ്ച്ചു കളഞ്ഞേക്കാം. തോരാമഴയും അണക്കെട്ടുകളിലെ വെള്ളവും ഒരാഴ്ച കേരളത്തെ വിറപ്പിച്ചുകളഞ്ഞു. അടുത്ത അഞ്ച് കൊല്ലത്തെ വളർച്ച പിന്നോട്ടായിരിക്കുന്നു. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം വാസസ്ഥലങ്ങളും ഗൃഹങ്ങളും നഷ്ടപ്പെട്ടവരുടെ പുനരധിവാസം, കൃഷിയിടങ്ങളും, വ്യവസായ സ്ഥാപനങ്ങളും ഇല്ലാതായതിൽ നിന്നുള്ള തിരിച്ചുവരവ്, അനേകായിരം കന്നുകാലികളുടെ നഷ്ടം തൊഴിലും ജീവിതോപാധിയും നഷ്ടപ്പെട്ട അനേകർ അങ്ങിനെ നിരവധി യാതനയും കഷ്ടപ്പാടും അനുഭവിക്കുന്ന നമ്മുടെ സമൂഹത്തിന്റെ സഹോദരി സഹോദരൻമാരെ സഹായിക്കേണ്ട കടമ നമ്മളിൽ നിക്ഷിപ്തമാണ്.

ജാതിയും മതവും ക്ഷേത്രങ്ങളും മോസ്ക്കുകളും പള്ളികളും എല്ലാം മറന്ന് മനുഷ്യർ ഒന്നായ ദിവസങ്ങൾ. ഒരു നേരത്തെ വിശപ്പിനും ഒരു കഷ്ണം തുണിക്കും കിടക്കുവാൻ ഒരു പായയ്ക്കും കൈനീട്ടേണ്ടി വന്ന നമ്മുടെ സഹോദരി സഹോദരൻമാർ. മറക്കരുത് അവരുടെ മുഖങ്ങൾ നമ്മുടെ മനസ്സിൽ നിന്ന്. നമ്മൾ ഓരോരുത്തരെക്കൊണ്ടും ചെയ്യാവുന്നത്ര സഹായങ്ങൾ ചെയ്യണം. പുതിയ കേരളം കെട്ടിപ്പടുക്കുന്നതിന് സഹായിക്കാൻ മുൻപന്തിയിലുണ്ടാവണം. മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവനകൾ നൽകുവാൻ അഭ്യർത്ഥിക്കുന്നു. ഒരു സർക്കാരിനും ഈ ദുരിതക്കയത്തിൽ നിന്ന് രക്ഷ നേടുവാൻ സഹായങ്ങളില്ലാതെ കഴിയില്ല. നമുക്കും ഒരു കൈതാങ്ങ് നല്കാം.

എറണാകുളം കരയോഗം പ്രളയദുരിതം അറിഞ്ഞ നിമിഷം മുതൽ എറണാകുളത്തെ ഒട്ടുമിക്ക ക്യാമ്പുകളും സന്ദർശിക്കുകയും അവർക്കാവശ്യമുള്ള വസ്ത്രങ്ങൾ, പായ, പുതപ്പ്, അരി, മറ്റ് പലവ്യഞ്ജനങ്ങൾ എന്നിവ ക്യാമ്പിലെ നടത്തിപ്പുകാരുടെ ആവശ്യങ്ങളനുസരിച്ച് കഴിയുന്നത്ര സഹായിക്കുവാൻ സാധിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അതിന് അകമഴിഞ്ഞ് സഹായിച്ച എല്ലാ സജ്ജനങ്ങളോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

കൂടാതെ പ്രളയകെടുതിയിൽ എല്ലാം നഷ്ടപ്പെട്ട് കഷ്ടപ്പെടുന്ന നമ്മുടെ സഹോദരി സഹോദരൻമാരുടെ മക്കളുടെ വിവാഹം ഇക്കാരണത്താൽ മുടങ്ങിപ്പോയിട്ടുണ്ടെങ്കിൽ ജാതിമതത്തിന് അതീതമായി എല്ലാവർക്കും എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ വച്ച് അവരുടെ വിവാഹം നടത്തിക്കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വധൂവരൻമാരുടെ ബന്ധുക്കളായ 150 പേർക്ക് വിവാഹാനന്തര സദ്യയും 10,000/– രൂപ സാമ്പത്തിക സഹായവും നല്കുന്നതും ആയിരിക്കും.

ഈ വർഷത്തെ നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള വിവിധ മത്സരങ്ങൾ സെപ്റ്റംബർ 9 മുതൽ ആരംഭിച്ചിട്ടുണ്ട്. അപേക്ഷാഫോറങ്ങൾ കരയോഗം ഓഫീസിൽ ലഭ്യമാണ്.

2018 ലെ കരയോഗത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ സാമ്പത്തിക സഹായ വിതരണോദ്ഘാടനം ആഗസ്ററ് 11–ാം തീയതി ബഹു. ജസ്റ്റിസ്(റിട്ട) ബി.കെമാൽ പാഷ ടി.ഡി.എം.ഹാളിൽ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഡോ.കെ.എസ്.രാധാകൃഷ്ണൻ വിദ്യാഭ്യാസ സഹായം നിർവ്വഹിക്കുകയും ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് എ. അനിത നിർധനരായവർക്ക് സഹായം വിതരണം ചെയ്തു. ഈ വർഷം 50 ലക്ഷം രൂപയുടെ ജീവകാ

രുണ്യ പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് ജനറൽ സെക്രട്ടറി അറിയിച്ചു.

ഈ വർഷത്തെ ഓണം വിപണനമേള ആഗസ്റ്റ് 9 മുതൽ 25 വരെ ടി.ഡി.എം.ഹാളിൽ നടത്തുകയുണ്ടായി. മുൻവർഷങ്ങളെ അപേക്ഷിച്ച് ഓണക്കാലം പ്രളയക്കെടുതിയിൽ ആയതുകൊണ്ട് മേള കൂടുതൽ ആകർഷമാക്കി നടത്തുകയുണ്ടായില്ല.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ നളചരിതം രണ്ടാം ദിവസം കഥകളി-25 ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് പ്രതിമാസ പരിപാടിയിൽ 18ന് ചൊവ്വാഴ്ച, വൈകുന്നേരം 6.30ന് – ബോൺ വോയേജ് നാടകം ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്. പ്രളയക്കെടുതി മാനിച്ച് ബീമിന്റെ ആഗസ്റ്റ് മാസ പരിപാടി നവംബർ മാസത്തിലേയ്ക്ക് മാറ്റി വച്ചു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ സെപ്തംബർ മാസത്തിലെ പരിപാടിയിൽ 23ന്, മെട്രോഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാവിലെ 10 മുതൽ വൈകുന്നേരം 6.00 മണി വരെ ഹ്രസ്വചിത്രസിനിമകളുടെയും, ഡോക്യുമെന്ററി പ്രദർശനവും ടിഡിഎം ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 16.9.2018 മുതൽ 15.10.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 18.9.2018 | ചൊവ്വ | 6.30 p.m. | : ബീം പ്രതിമാസ പരിപാടി--ഡ്രാമ- ബോൺ വോയേജ് |
| 19.9.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 20.9.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 22.9.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 23.9.2018 | ഞായർ | 10.00a.m.-6.00p.m. | : കരയോഗം ഫിലിംക്ലബ്ബ് -ഹ്രസ്വസിനിമ-ഡോക്യുമെന്ററി ഫെസ്റ്റിവൽ-മെട്രോ ഫിലിം സൊസൈറ്റി |
| 25.9.2018 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്-കഥകളി നളചരിതം രണ്ടാം ദിവസം |
| 26.9.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 27.9.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 29.9.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 3.10.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 4.10.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 6.10.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 10.10.2018 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.00 p.m. | : കരയോഗം നവരാത്രി ആഘോഷാരംഭം |
| 11.10.2018 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 13.10.2018 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.10.2018 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**

**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**

**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഓണക്കാലം നമുക്ക് അത്ര സുഖകരമായില്ല അല്ലെ?

നമ്മുടെ നാട്ടിൽ കാലവർഷം ഉണ്ടാക്കിയ ദുരന്തങ്ങൾ കുറെയെല്ലാം കൂട്ടുകാരും മനസ്സിലാക്കിയിരിക്കുമല്ലോ.

നമ്മുടെ നാടിനെ നടുക്കിയ മഹാമാരി എത്ര ദോഷകരമായാണ് നമ്മെയെല്ലാം ബാധിച്ചത് അല്ലെ?

നമ്മിൽ പലരും സ്വസ്ഥമായി ജീവിക്കുമ്പോൾ കുറെ ജീവിതങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടു പ്രകൃതി എന്ത് നിശ്ചയിച്ചാലും അതു തന്നെ നടക്കും എന്ന് കൂട്ടുകാരും അറിഞ്ഞല്ലോ? അവരോടൊപ്പം നമ്മുടെ മനസ്സും വേദനിച്ചു. അവർക്കായി പ്രാർത്ഥിക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ് കേട്ടോ കൂട്ടുകാരെ. അവശത അനുഭവിക്കുന്നവർക്ക് തന്നാലായത് ചെയ്യാൻ കൂട്ടുകാരും ശ്രദ്ധിക്കുമല്ലോ.

അല്ല കൂട്ടുകാരെ,

അധ്യാപകദിനവും കഴിഞ്ഞു പോയില്ലേ? എന്നും നമുക്ക് അക്ഷരങ്ങൾ പഠിപ്പിച്ചു തരുന്ന ഗുരുക്കന്മാരെ ഓർക്കാൻ ഒരു പ്രത്യേക ദിനമുണ്ട്. സെപ്റ്റംബർ 5. പഴയകാല വിദ്യാർത്ഥികൾക്കെല്ലാം ഏറെ പ്രിയപ്പെട്ട ഒരു അധ്യാപകനുണ്ടായിരുന്നു കൂട്ടുകാരെ. ശ്രീ സർവ്വേപ്പള്ളി രാധാകൃഷ്ണൻ. സ്നേഹസമ്പന്നനായ പ്രസിഡണ്ട് ,അധ്യാപകൻ, രാഷ്ട്രീയ നേതാവ്, തത്വചിന്തകൻ എന്നീ നിലകളിൽ എല്ലാം സേവനം അനുഷ്ഠിച്ച ഈ വ്യക്തിയെ അദ്ദേഹത്തിന്റെ അർപ്പണബോധം കൊണ്ട് വിദ്യാർത്ഥികൾ ഏറെ സ്നേഹിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിക്കാൻ തല്പരരായ കുറെ വിദ്യാർത്ഥികൾ അദ്ദേഹത്തെ സമീപിച്ചുകൊണ്ട് ചോദിച്ചു. 'ഞങ്ങൾ അങ്ങയുടെ ജന്മദിനം ആഘോഷിക്കാൻ ആഗ്രഹിക്കുന്നു. അങ്ങതിനു അനുവാദം നൽകാമോ'? അദ്ദേഹം ഇങ്ങിനെ മറുപടി പറഞ്ഞു. ഈ ദിവസം അധ്യാപകദിനമായി ആഘോഷിച്ചോളൂ. അതല്ലേ കൂടുതൽ നന്നാവുക ? അങ്ങിനെയാണ് അധ്യാപകദിനം ചരിത്രത്തിൽ സ്ഥാനം പിടിച്ചത്.

പഴയകാലത്തു ഗുരുശിഷ്യ ബന്ധം എത്ര വിശിഷ്ടമായിരുന്നു എന്നറിയാമോ കൂട്ടുകാരെ ? ഏറെ പവിത്രത ഈ ബന്ധത്തിന് നൽകിയിരുന്നു. അവർക്കു കുട്ടികളുമായി അതീവ സ്നേഹബന്ധം ഉണ്ടായിരുന്നു. അവരുടെ ഓരോ വാക്കും നിത്യജീവിതത്തിൽ പകർത്താൻ അന്നത്തെ കുട്ടികൾ ശ്രമിച്ചു പോന്നു. ഇന്നും കൂട്ടുകാരെല്ലാം അവരുടെ ഉപദേശങ്ങൾ നന്നായി ഉൾക്കൊള്ളാൻ ശ്രമിക്കുകയും അവർക്കു വേണ്ടത്ര ബഹുമാനം നൽകുകയും വേണം കേട്ടോ. ഗുരുത്വം എന്ന മൂന്നക്ഷരം ഉണ്ടെങ്കിൽ എവിടെയും നിങ്ങൾക്ക് വിജയിക്കാനാവും കേട്ടോ.

നല്ല വാക്കുകൾ പറയുന്നവരെ ക്ഷാമം അലട്ടുകയില്ല എന്നൊരു ചൊല്ലുണ്ട്. ബീർബലിനെക്കുറിച്ചു ഒരു ചെറിയ കഥ കേട്ടോളൂ. ഒരു സ്വപ്നത്തിന്റെ കഥ. ഒരിക്കൽ അക്ബർ രാജാവ് ഒരു സ്വപ്നം കണ്ടു. തന്റെ പല്ലുകളിൽ ഒന്നൊഴിച്ചു ബാക്കിയെല്ലാം കൊഴിഞ്ഞു പോയി എന്ന സ്വപ്നമാണ് അദ്ദേഹം കണ്ടത്. ഇതെന്താ ഇങ്ങിനെ ഒരു സ്വപ്നം. അക്ബർ ഇതിന്റെ പൊരുൾ അറിയാൻ പ്രശസ്തരായ മൂന്ന് ജോത്സ്യന്മാരുടെ അടുത്തുപോയി. അവരെല്ലാം പറഞ്ഞു. അങ്ങയുടെ ബന്ധുക്കളെല്ലാം മരിച്ച ശേഷമേ അങ്ങ് ജീവൻ വെടിയുകയുള്ളൂ. അക്ബറിനു ഇത് കേട്ട് ഏറെ കോപം വന്നു. അവരെയെല്ലാം ഒരു പാരിതോഷികവും നൽകാതെ തിരിച്ചയച്ചു. ഇതേക്കുറിച്ചുള്ള അഭിപ്രായം അറിയാൻ അദ്ദേഹം ബീർബലിനെ സഭയിലേക്കു വിളിച്ചു വരുത്തി. അദ്ദേഹത്തിന്റെ അഭിപ്രായം ആരാഞ്ഞു. ബീർബൽ പറഞ്ഞു. അങ്ങ് ദിർഘനാൾ പൂർണ ആരോഗ്യത്തോടെയും, സംതൃപ്തിയുടെയും രാജ്യം ഭരിക്കും. മരിക്കുന്നതിനെക്കുറിച്ചു ഒരു വാക്കു പോലും മിടുക്കനായ ബീർബൽ പറഞ്ഞില്ല. അക്ബർ സന്തുഷ്ടനായി അദ്ദേഹത്തിന് ധാരാളം സമ്മാനങ്ങൾ നൽകി.

മറ്റുള്ള ജ്യോത്സ്യന്മാർ ബീർബലിനോട് ചോദിച്ചു. ഞങ്ങൾ പറഞ്ഞ കാര്യം തന്നെയാണല്ലോ അങ്ങും സൂചിപ്പിച്ചത്. എന്നിട്ടും ഞങ്ങൾക്ക് ഒരു പാരിതോഷികവും രാജാവ് തന്നില്ലല്ലോ ? ബീർബൽ പുഞ്ചിരിതൂകികൊണ്ടു പറഞ്ഞു 'എന്തും പറയുന്നതിന് ഒരു രീതിയുണ്ട്. കാര്യങ്ങൾ ഭംഗിയായി അവതരിപ്പിക്കുമ്പോൾ കേൾക്കുന്നവർക്ക് സ്വസ്ഥതയും സന്തോഷവും ജനിപ്പിക്കുന്ന വാക്കുകൾ പറയണം. മറ്റുള്ളവരിൽ അസ്വസ്ഥത തോന്നിപ്പിക്കുന്ന കാര്യങ്ങൾ പറയരുത്.' ഇത് കേട്ടപ്പോഴാണ് പറ്റിയ തെറ്റ് അവർക്കു മനസ്സിലായത്.

നല്ല വാക്കുകൾക്ക് ജീവിതത്തിൽ ഉള്ള പ്രാധാന്യം കൂട്ടുകാർക്കും മനസ്സിലായിരിക്കുമല്ലോ?

മൂന്ന് അക്ഷരമുള്ള വാക്കുകളെ അഞ്ചക്ഷരമുള്ള വാക്കുകൾ ആക്കി വാചകം എഴുതുവാൻ ഒന്ന് ശ്രമിച്ചു നോക്കൂ.

(1). വെളുത്ത (2). നനഞ്ഞ (3). ചുമന്ന (4). കറുത്ത (5). പുതിയ (6). പതിഞ്ഞ

രാഗപരിചയം

# കർണ്ണരഞ്ജിനി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

അപൂർവ്വ രാഗമായ കർണ്ണരഞ്ജിനി 22 -ാമത്തെ മേളകർത്താരാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ്.

ആരോഹണം : സ രി ഗ മ ഗ പ ധ സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു :ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം.

ഇതൊരു വക്രഷാഡവ - സമ്പൂർണ്ണ രാഗമാണ്. ആരോഹണത്തിൽ ആറു സ്വരങ്ങൾ വക്രമായും അവരോഹണം ക്രമ സമ്പൂർണ്ണമായും വരുന്നു. നിഷാദം ആരോഹണത്തിൽ വരുന്നില്ല. അന്യസ്വരങ്ങൾ വരാത്തതിനാൽ ഇതൊരു ഉപാംഗ രാഗമാണ്. രാഗാലാപനത്തിനും മറ്റും സാദ്ധ്യത ഇല്ലാത്ത ഒരു മൈനർ രാഗമായതുകൊണ്ട് കൃതികൾ ഈ രാഗത്തിൽ കുറവാണ്. ചലച്ചിത്ര ഗാനങ്ങളും വിരളം തന്നെ.

പ്രധാനമായും ഭക്തിഭാവം ആണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. നന്ദനം പോലുള്ള ചലച്ചിത്രങ്ങളിൽ പശ്ചാത്തല സംഗീതത്തിന് കർണ്ണരഞ്ജിനി രാഗം ഉപയോഗിച്ചിരിക്കുന്നതായി കാണാം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. വാഞ്ചതോമുനേ | - | ത്രിപുട | -മുത്തയ്യാ ഭാഗവതർ |
| 2. ഓം നമോ നാരായണ | - | ഖണ്ഡചാപ്പ് | -അംബുജം കൃഷ്ണ |
| 3. ദീന ശരണ്യനെ | - | ആദി | -നിള രാമമൂർത്തി |
| 4. തില്ലാന | - | ആദി | -ലാൽഗുഡി. ജി. ജയരാമൻ |
| 5. യമുനൈ നദിയെ | - | ആദി | -അപ്പദുറൈ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. ഹരിണാക്ഷി | - | കളിയച്ഛൻ |
| 2. കണ്ണില്ലാത്തത് ഭാഗ്യമായി | - | രജനി |

## എറണാകുളം കരയോഗത്തിന്റെ വിവാഹസഹായ പദ്ധതി

കേരളം നേരിട്ട അതിദാരുണമായ പ്രകൃതിക്ഷോഭം മൂലം ജനജീവിതമാകെ താറുമാറായി സ്വത്തും വീടും സർവ്വതും നഷ്ടപ്പെട്ട് നട്ടം തിരിയുന്ന ഈ ഘട്ടത്തിൽ പല കുടുംബങ്ങളിലും തീരുമാനിച്ചുറച്ചിരുന്ന പല വിവാഹങ്ങളും മുടങ്ങിപോയിട്ടുണ്ട്. ഇങ്ങനെയുള്ളവരെ ആശ്വസിപ്പിക്കണമെന്നും മക്കളുടെ വിവാഹം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുമായി എറണാകുളം കരയോഗം ഒരു വിവാഹസഹായ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. ജാതിമത ഭേദമെന്യെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഇത്തരം കുടുംബങ്ങളിലെ മക്കളുടെ, പ്രളയകെടുതി മൂലം മുടങ്ങിപ്പോയ വിവാഹങ്ങൾ എറണാകുളം കരയോഗം ഏറ്റെടുത്ത് ടി.ഡി.എം.ഹാളിൽ വെച്ച് ആർഭാടരഹിതമായി, അവരവരുടെ ആചാരങ്ങൾക്ക് വിരുദ്ധമാകാതെ താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളനുസരിച്ച് നടത്തികൊടുക്കുന്നതായിരിക്കും

1. വധുവരൻമാരുടെ രക്ഷകർത്താക്കൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരായിരിക്കണം.
2. വധുവിന്റെയും വരന്റെയും ക്ഷണിതാക്കൾ 150ൽ കൂടാൻ പാടില്ല.
3. 150 പേർക്കുള്ള വിവാഹസത്ക്കാരം കരയോഗം നടത്തുന്നതായിരിക്കും.
4. ഓരോ വിവാഹത്തിനും വധുവരൻമാർക്ക് 10,000/- രൂപ വീതം വിവാഹസമ്മാനമായി നല്കുന്നതായിരിക്കും.

-ജനറൽ സെക്രട്ടറി





# അഭിനന്ദനങ്ങൾ



**മാനവസേവാസമിതിയുടെ ഈ വർഷത്തെ രാമായണശ്രീ പുരസ്കാരം ലഭിച്ചത് നമ്മുടെ കരയോഗത്തിലെ ആദ്ധ്യാത്മിക വിഭാഗത്തിന് നേതൃത്വം കൊടുക്കുകയും ആദ്ധ്യാത്മിക ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ആചാര്യൻ ശ്രീ. കെ. ആർ നമ്പ്യാർക്കാണ് അവാർഡ് നിർണ്ണയ കമ്മിറ്റി ഈ അവാർഡ് നല്കുവാൻ തിരഞ്ഞെടുത്തത്, തന്റെ പ്രഭാഷണങ്ങളിലൂടെയും നിസ്വാർത്ഥമായി നടത്തിക്കൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ക്ലാസ്സുകളിലൂടെയും ഒക്കെ സനാതനധർമ്മ തത്വങ്ങളെ ജനമനസ്സുകളിലേക്ക് എത്തിക്കുന്നതിന് അക്ഷീണ പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്ന ഒരു മഹത് വ്യക്തിയെത്തന്നെയാണെന്നുള്ളതിൽ അവർക്ക് അഭിമാനിക്കാം.**

**അവാർഡ് ജേതാവായ നമ്മുടെ ആചാര്യൻ ശ്രീ. കെ. ആർ. നമ്പ്യാർക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.**

**കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷം സേവനപാരമ്പര്യമുള്ള ഈ സമുദായ സംഘടനയിൽ അംഗത്വം എടുക്കാനുള്ള അവസരം. കരയോഗാംഗങ്ങളുടെ കുടുംബാഗംങ്ങളോ സുഹൃത്തുക്കളോ ആയവർക്ക് കരയോഗം നിയമാവലി അനുസരിച്ച് അംഗത്വം എടുക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**

***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**

**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**

**ഡി.എച്ച്.റോഡ്, കൊച്ചി 682 016**

**ഫോൺ: 0484 2361160 (Ext.32), 2369589**

**Web: www.karayogammangalyam.com/**

**www.karayogammangalyam.in**

**Email: ekmkgm@gmail.com**

# അറിയിപ്പ്

എറണാകുളം കരയോഗത്തിന്റെ സാമൂഹ്യക്ഷേമ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി സുമനസ്കരായ കുറെ ആളുകൾ വിവിധ ഇനം അവാർഡുകളും പെൻഷനുകളും നൽകുന്നതിനായി എൻഡോവ്മെന്റുകൾ ഏൽപ്പിച്ചിട്ടുണ്ട്. അവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. നാളിതുവരെ യാതൊരു വിധ മുടക്കവും കൂടാതെ അർഹരായവർക്ക് പെൻഷനും അവാർഡുകളും നൽകി പോരുന്നുമുണ്ട്. എന്നാൽ വർഷങ്ങൾക്കു മുമ്പ് അന്നത്തെ കാലത്തിനനുസൃതമായി നല്കിയിട്ടുള്ള എൻഡോവ്മെന്റ് തുകകളിൽ നിന്നും ലഭിക്കുന്ന പലിശ തുലോം കുറവാണ് എന്നു പറയേണ്ടതില്ലല്ലോ. നിങ്ങളുടെ പിതാമഹൻമാരുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ വർദ്ധിപ്പിച്ച് നൽകുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. അതിലൂടെ കുടുതൽ സേവനപ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്യുവാൻ കരയോഗത്തിന് സാധിക്കും. ആയതുകൊണ്ട് കരയോഗത്തിൽ എൻഡോവ്മെന്റ് നല്കിയിട്ടുള്ള മാന്യസുഹൃത്തുക്കൾ എൻഡോവ്മെന്റ് തുകകൾ വർദ്ധിപ്പിച്ചു നല്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

ജനറൽ സെക്രട്ടറി

വാസ്തു

# വടക്കു-കിഴക്കുമൂല ശ്രദ്ധിക്കണം

**ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)**

വാസ്തുക്കാരെ മുഴുവൻ അടച്ച് ആക്ഷേപിച്ച് ഒരു സ്വാമിയുടെ പ്രസംഗം കേട്ടു. പലരും പേരിനു വേണ്ടിയാണ് ഇങ്ങനെ പ്രസംഗിക്കുന്നത്. അദ്ദേഹം ചോദിക്കുന്നത് മരത്തിന്റെ ചുവട്ടിലും, കടയുടെ വരാന്തയിലും കിടക്കുന്നവർക്ക് യാതൊരു കുഴപ്പവുമില്ല. എന്തു കൊണ്ട്?

അദ്ദേഹം ആലോചിക്കാത്ത കാര്യങ്ങൾ , ജനൽ ഇല്ലാത്ത ഒരു മുറിയിൽ , വാതിൽ അടച്ച് ഒരാഴ്ച കിടന്നാൽ എന്താണ് ഉണ്ടാകുക.




ഒരു വീടിന്റെ കിഴക്കും വടക്കും ഉള്ള സ്ഥലത്ത് മരങ്ങൾ നന്നായി വളരുന്നു. ഒരു കുന്നിന്റെ വടക്കും കിഴക്കും ജീവിക്കു ന്നവർ മനുഷ്യരായാലും മൃഗങ്ങളായാലും, മരങ്ങളാ യാലും നന്നായി വരുന്നു. വടക്കോ, കിഴക്കോ കുളം, പുഴ, തോട്, ഉള്ള ദേവാലയങ്ങൾ നന്നായി പോകുന്നു. തെക്കു പടിഞ്ഞാറ് മലകളുള്ള ദേവാലയങ്ങൾ നന്നായി പോകുന്നു. എന്തുകൊണ്ട് എന്നതു ചിന്തിക്കണം. നല്ല കാറ്റും , സൂര്യപ്രകാശവും ഇല്ലാതെ മനുഷ്യർ ആയാലും മൃഗമാ യാലും ജീവിതം സാധ്യമല്ല. എന്ന് മാത്രമാണ് വാസ്തുവിന്റെ അടിസ്ഥാന രഹസ്യം.

പലരും വിചാരിക്കുന്നത് വാസ്തു എന്നു വച്ചാൽ മുറിയുടെ കണക്കുകളും അളവുകളും ശരിയാക്കുക എന്നാണ്. അളവുകളിലും കണക്കുകളിലും യാതൊരു കാര്യവുമില്ല.

ലോകത്ത് എവിടെ ആയാലും വീടിന്റെ അടുക്കള കിഴക്ക് അഥവാ വടക്കു മാത്രം ആയിരിക്കണം. സൂര്യൻ 6 മാസം തെക്കോട്ടും,6 മാസം വടക്കോട്ടും ചലിക്കുന്നതായി കാണാം. തെക്കോട്ട് പോകുന്നതിന് ദക്ഷിണായനമെന്നും, വടക്കോട്ട് പോകുന്നതിന് ഉത്തരായനമെന്നും പറയുന്നു. ഡിസംബർ 21-ാം തീയതിയാണ് ഉത്തരായനം തുടങ്ങുന്നത്. അപ്പോഴേയ്ക്കും മഴ മാറി ആകാശം ഒരു വിധം തെളിഞ്ഞു തുടങ്ങും. നമുക്ക് അത് അനുഭവപ്പെടുന്നത്. മകരം ഒന്ന് അഥവാ ജനുവരി 15-ാം തീയതി മുതലാണ്. ആ സമയത്തെ ഉദയരശ്മി അടുക്കളയിലേക്കും അടുപ്പിന്റെ മുകളിലേയ്ക്കും വരുന്ന വിധം അടുക്കള ക്രമീകരിക്കേണ്ടതാണ്. പല വിധത്തിലും അത് ഗുണം ചെയ്യും. ഉദയ രശ്മിയുടെ ശക്തിയാൽ അടുക്കള ഒരളവ് വരെ രാത്രിയിൽ പെറ്റു പെരുകുന്ന ബാക്ടീരിയകൾ നശിക്കുന്നതും കൂടാതെ വെള്ളം ചേർത്തു വേവിക്കുന്ന ഭക്ഷണത്തിലേക്കു സൂര്യന്റെ Red Colour വീഴുമ്പോൾ പലതരത്തിലുള്ള Vitamins ഉണ്ടാകുന്നതുമാണ്. അടുക്കളയുടെ സ്ഥാനം ശരിയായാൽ മാത്രം പോര കിഴക്കോട്ടു ജനാലയും വേണം. കൂടാതെ കിഴക്കോട്ട് തിരിഞ്ഞ് നിന്നു തന്നെ പാചകം ചെയ്യണം. ഉദയം പാചകം ചെയ്യുന്ന ആളുടെ മുഖത്തേയ്ക്കു തന്നെ വരണം. ഭക്ഷണത്തിന് രുചി കൂടുന്നതാണ്. വേണ്ട സമയത്ത് ശരിയായ തോതിൽ ഉപ്പും, മുളകും, ചേർക്കുവാൻ തോന്നുന്നതായിരിക്കും.

സാധാരണ ഒരാൾ ദിവസം 8 മണിക്കൂർ ഉറങ്ങുന്നു. ഒരു ദിവസം. 24 മണിക്കൂറിന്റെ മൂന്നിൽ ഒന്നാണ് 8 മണിക്കൂർ. അതായത് 60 വയസ്സാകുമ്പോൾ $60 / {}^{1}/_{3} = 20$ വർഷം ഉറങ്ങുന്നു. അതുകൊണ്ട് ഉറങ്ങുന്ന മുറി വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ 9 മാസക്കാലം തെക്കു പടിഞ്ഞാറ് നിന്നാണ് കാറ്റ് വീശുന്നത്. ആ കാറ്റ് കിടപ്പുമുറിയിൽ കൂടി കടന്നു വരുവാൻ പാകത്തിനായിരിക്കണം കിടപ്പുമുറിയുടെ വാതിൽ, ജനലുകളും. തെക്കു പടിഞ്ഞാറു നിന്നു വരുന്ന കാറ്റ് പുറത്തേയ്ക്ക് പോയാൽ മാ

**(ശേഷം 13-ാം പേജിൽ)**





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

**ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)**

### ചാവറ ഏലിയാസ് കുര്യാക്കോസ് പിതാവ്

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള സമൂഹം അന്ധവിശ്വാസങ്ങളുടെയും ജാത്യാചാരങ്ങളു ടെയും കേന്ദ്രമായിരുന്നു. മനുഷ്യരെ വിഘടിപ്പിച്ചു നിൽക്കാൻ നിർബന്ധിതരാക്കുന്ന അനാചാരങ്ങളെ ഉന്മൂലനം ചെയ്യാൻ ഒട്ടേറെ ആചാര്യന്മാർ മുന്നോട്ടു വന്നു. അവരിൽ പ്രമുഖനാണ് ചാവറ ഏലിയാസ് കുര്യാക്കോസ് പിതാവ്. എ.ഡി. 1805 ൽ ചാവറ കുര്യാക്കോസിന്റെയും തോപ്പിൽ മറിയത്തിന്റെയും പുത്രനായി കേരളത്തിലെ കൈനകരി എന്ന ഗ്രാമത്തിലാണ് ഏലിയാസ് ജനിച്ചത്. ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസവും സെമിനാരിയിൽ വൈദിക വിദ്യാഭ്യാസവും പൂർത്തിയാക്കിയ ഏലിയാസ് 1829-ൽ അർത്തുങ്കൽ പള്ളിയിൽ വെച്ച് പൗരോഹിത്യം വരിച്ചു. ധ്യാനവും പ്രാർത്ഥനയും സുഭാഷിതങ്ങളും ജീവിതവ്രതമാക്കിയ അദ്ദേഹം താമസിയാതെ സമൂഹ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1831-ൽ ആദ്യത്തെ തദ്ദേശിയ സന്യാസസഭ (സി.എം.ഐ) സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസ വഴിയാണ് ഈ സഭക്കു വേണ്ടി ഏലിയാസച്ചൻ ആവിഷ്കരിച്ചത്. വിദ്യാഭ്യാസം, തൊഴിൽ, ദൈവഭക്തി എന്നിവയാണ് ജീവിതവിജയത്തിന്റെ ആധാരശിലകൾ എന്ന് അദ്ദേഹം ജനങ്ങളെ ബോധിപ്പിച്ചു. ജനങ്ങൾക്കു ലോകവിജ്ഞാനമുണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ അവബോധമുണ്ടായിരുന്നു. ഒരച്ചടിശാല സ്ഥാപിച്ചു കൊണ്ട് അദ്ദേഹം മലയാളത്തിലെ പ്രസാധനശൃംഖലക്കു തുടക്കം കുറിച്ചു. ഇതിന്റെ തുടർച്ചയായി 'നസ്രാണിദീപിക' എന്ന പേരിൽ പ്രതിവാരമായും 'ക്രമേണ ദീപിക' എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യദിനപത്രം പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. ദീപിക ഇന്നും ഏറെ ജനസമ്മതിയുള്ള ദിനപത്രമായി തുടരുന്നു. കേരളത്തിലെ മാദ്ധ്യമധാരയുടെ പിതാവ് എന്നാണ് ചാവറ പിതാവ് അറിയപ്പെടുന്നത്.

കുട്ടികൾ വായിച്ചു വളരണം എന്ന പക്ഷക്കാരനായിരുന്ന ചാവറ പിതാവ് ഒരു വായനശാലയും തുടങ്ങി. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇവിടെ നിന്നായിരുന്നു. ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കുക എന്ന ഉദ്ദേശത്തോടെ മുദ്രണ വിദ്യയിലും ബുക്ക് ബൈന്റിംഗിലും പരിശീലനം നൽകാൻ സ്ഥാപനങ്ങൾ തുടങ്ങി. സന്യാസിനി സഹോദരിമാരുടെ കീഴിൽ തയ്യൽ പരിശീലന കേന്ദ്രം തുടങ്ങിയതും ചാവറ പിതാവിന്റെ ഉത്സാഹത്തിലാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ തുടക്കം എന്നു തന്നെ ഈ സംരഭത്തെ വിശേഷിപ്പിക്കാം. 1846-ൽ മാന്നാനത്ത് അദ്ദേഹം ആരംഭിച്ച സംസ്കൃത വിദ്യാലയം വർണ്ണവിവേചനമില്ലാതെ ആർക്കും പ്രവേശനം ലഭിക്കുന്ന ആദ്യത്തെ വിദ്യാഭ്യാസ കേന്ദ്രമായിരുന്നു. കലയിലൂടെ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കാമെന്നു മനസ്സിലാക്കിയ പിതാവ് ബൈബിൾ വിഷയങ്ങളെ ആസ്പദമാക്കി പത്തു ലഘുനാടകങ്ങൾ രചിച്ചു.

വൈദികരംഗത്ത് ഉയർന്ന പദവികളിലേക്കു കയറ്റം കിട്ടിയതോടെ അദ്ദേഹം കൂടുതൽ കർമോൽസുകനായി. വിദ്യാഭ്യാസമേഖലയിലാണ് അദ്ദേഹം ഏറെ ശ്രദ്ധ കേന്ദ്രീകരിച്ചത്. തത്ഫലമായി ഓരോ പള്ളിയോടുമനുബന്ധിച്ച് ഓരോ പാഠശാല ഉയർന്നു. അതോടെ പിതാവിന്റെ പൊതുവിദ്യാഭ്യാസം എന്ന സ്വപ്നം യാഥാർത്ഥ്യമായി. കേരളക്കരയിൽ പൊതുസമൂഹസൃഷ്ടിക്ക് ഇതൊരു ഭൂമികയായി. സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരാക്കുക, സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പിതാവ് ഒട്ടേറെ സ്ഥാപനങ്ങൾ തുടങ്ങി. പെൺകുട്ടികൾക്കു താമസിച്ചു പഠിക്കാനായി കേരളത്തിൽ ആദ്യമായൊരു ബോർഡിംഗ് സ്കൂൾ ഉണ്ടായതും ചാവറ പിതാവിന്റെ ഉത്സാഹത്തിലാണ്.

അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി നാടിന്റെ വിവിധ ഭാഗങ്ങളിൽ അഗതിമന്ദിരങ്ങളും ഉപവിശാലകളും സ്ഥാപിക്കാൻ പിതാവ് മുൻകൈയെടുത്തു. ഇവയുടെ മേൽനോട്ടത്തിനായി നാട്ടുകാരിൽ സേവനമനസ്ഥിതിയുള്ള

വരെ ഏർപ്പെടുത്തി. ഭക്തി തന്നെയായിരുന്നു ചാവറ പിതാവിന്റെ ശക്തി. ഈ ശക്തിയിൽ നിന്നാണ് അദ്ദേഹം ഊർജ്ജവും ആത്മവിശ്വാസവും നേടിയത്.

മാനവസേവനത്തിനുവേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ച ചാവറ പിതാവ് കേരളീയ നവോത്ഥാനത്തിനുവേണ്ടി ചെയ്ത പ്രവൃത്തികൾ ഇവിടെ പൂർണ്ണമാകുന്നില്ല.1871 ജനുവരി മൂന്നാം തീയതി ആത്മാവിനു വേണ്ടുന്ന കൂദാശകൾ കൈക്കൊണ്ട് പ്രാർത്ഥനാനിരതനായി ചാവറ ഏലിയാസ് കുര്യാക്കോസ് പിതാവ് സ്വർഗം പൂകി. 1986-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ചാവറ പിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014ൽ അദ്ദേഹം വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ടു.

**മഹാരാഷ്ട്ര**

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ തരംഗങ്ങളുയർത്തിയ ഭക്തി പ്രസ്ഥാനത്തിന്റെ അലയടികൾ മഹാരാഷ്ട്രയിലും പ്രതിധ്വനിച്ചു. നാഥ്പംഥ് സമ്പ്രദായ മാണു മഹാരാഷ്ട്രയിൽ ഏറെ പ്രചാരം നേടിയത്. മറ്റു സമ്പ്രദായങ്ങളെപ്പോലെ തന്നെ ബ്രാഹ്മണ/സംസ്കൃത സ്വാധീനത്തിൽ നിന്നും വേറിട്ട് ലളിതമായ ആചാരങ്ങളും ആരാധനാസമ്പ്രദായങ്ങളും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജ്ഞാനേശ്വർ, തുകാറാം തുടങ്ങിയ ഋഷികവികൾ പ്രവർത്തിച്ചു. ഇതിന്റെ ഫലമായി മറാത്തിഭാഷ തഴച്ചുവളർന്നു. മഛീന്ദ്രനാഥ്, ഗോരഖ്നാഥ് തുടങ്ങിയ മഹാഋഷികൾ മറാത്തിയിൽ കൃതികൾ രചിച്ചു. ഈ കാലഘട്ടത്തിൽ മഹാ പുരാണങ്ങളുടെയും ഭഗവത് ഗീതയുടെയും മറാത്തിതർജമകൾ വെളിച്ചം കണ്ടു. മുകുന്ദ രാജിന്റെ വിവേകസിന്ധുവാണ് വീണ്ടെടുക്കപ്പെട്ട ആദ്യ മറാത്തികൃതി. അറുപതാമത്തെ വയസ്സിൽ, തന്റെ ഗുരുവിന്റെ സമാധി സ്മാരകത്തിനു സമീപം വസിച്ചുകൊണ്ടാണ് അദ്ദേഹം ഈ കൃതി രചിച്ചത്.

മഹാരാഷ്ട്രയിൽ ഭക്തിമാർഗം പ്രചരിപ്പിച്ചവരെക്കുറിച്ച് പറയുംമുമ്പ് 'മഹാനുഭാവൻമാർ' എന്നറിയപ്പെട്ട ഋഷികളെക്കുറിച്ച് പറയേണ്ടതുണ്ട്. കൃഷ്ണൻ, ദത്താത്രേയൻ എന്നീ ദേവന്മാരെ ഉപാസിച്ചിരുന്നവരാണ് മഹാനുഭാവന്മാർ. ചക്രധരനായിരുന്നു മഹാനുഭാവന്മാരുടെ ആത്മീയാചാര്യൻ. ലീലാചരിത്രം, ഗോവിന്ദപ്രഭുചരിത്രം എന്നീ ഗ്രന്ഥങ്ങൾ അവർക്കു മാർഗദീപങ്ങളായി. മഹാനു ഭാവന്മാർ ദീർഘമായ കാവ്യങ്ങൾ രചിച്ചു. ഇവ സാതിഗ്രന്ഥ് എന്നറിയപ്പെടുന്നു. ദാമോദർ പണ്ഡിറ്റ് രചിച്ച വാച്ചാ-ഹരൺ, നരേന്ദ്ര ആയ്ചിതിന്റെ രുഗ്മിണീസ്വയംവരം, ഭാസ്കരഭട്ട ബോറികൾ രചിച്ച ശിശുപാലവധം, ഉദ്ധവഗീത എന്നീ കാവ്യങ്ങൾ ഉന്നതനിലവാരം പുലർത്തി. നവരസനാരായൺ, എൽഹൻ, ഛൽഹൻ തുടങ്ങിയ മഹാനുഭാവന്മാരുടെ പേരുകൾ എടുത്തു പറയേണ്ടതുണ്ട് .യാദവ രാജാക്കന്മാർ മഹാനുഭാവന്മാരെ പ്രോത്സാഹിപ്പിച്ചു പോന്നു. എന്നാൽ വേദങ്ങളെയും ജാതിവ്യവസ്ഥകളെയും അവഗണിച്ചു ജീവിച്ച മഹാനുഭാവൻമാർക്ക് ജനഹൃദയങ്ങളെ സ്വാധീനിക്കാനായില്ല. കാഷായം ധരിച്ചിരുന്ന മറ്റു സന്യാസിമാർക്കു ലഭിച്ചിരുന്ന ആദരവ് വിചിത്രമായ കറുത്ത വസ്ത്രം ധരിച്ചിരുന്ന മഹാനുഭാവന്മാർക്കു ലഭിച്ചില്ല. അവരുടെ ആചാരങ്ങളും വിചിത്രമായിരുന്നു. രഹസ്യഭാഷയിലെഴുതിയ അവരുടെ കൃതികൾക്ക് ജനഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലാനായില്ല. ക്രമേണ അവർ അവഗണിക്കപ്പെട്ടു. യാദവരാജവംശത്തിന്റെ അസ്തമയഘട്ടത്തിൽ ഭഗവാന്റെ കൂർ മ്മാവതാരം പോലെ സമൂഹത്തെ ഉദ്ധരിക്കാനെത്തിയ സംത് ജ്ഞാനേശ്വർ (ജ്ഞാൻദേവ്) ആണ് മഹാരാഷ്ട്രയിൽ ഭക്തിപ്രസ്ഥാനത്തിന്റെ പ്രണേതാക്കളിൽ മുഖ്യൻ.

**സംത് ജ്ഞാനേശ്വർ (ജ്ഞാൻദേവ്)**

മഹാരാഷ്ട്രയിലെ പൈഥൻ എന്ന ഗ്രാമത്തിൽ വിഠൽപംഥ് എന്നൊരു കണക്കെഴുത്തുകാരനുണ്ടായിരുന്നു. ചെറുപ്പം മുതൽക്കു തന്നെ അവധൂത ജീവിതം കാംക്ഷിച്ച അയാൾ ചില പ്രത്യേക സാഹചര്യങ്ങളിൽ രുഗ്മിണിബായി എന്ന സ്ത്രീയെ വിവാഹം കഴിച്ചു. വൈകാതെ അയാൾ അവരെ ഉപേക്ഷിച്ച് സന്യാസജീവിതം നയിക്കാൻ തുടങ്ങി.ഒരു ദിവസം വിഠൽപംഥിന്റെ ഗുരു യദൃച്ഛയാ രുഗ്മിണി ബായിയെ കണ്ടുമുട്ടി. സത്യാവസ്ഥ മനസിലാക്കിയ ഗുരു ശിഷ്യനെ വീട്ടിലേക്കു മടങ്ങാൻ നിർബന്ധിച്ചു. പുനഃസമാഗമത്തിൽ ദമ്പതികൾക്കു ജനിച്ച നാലു സന്താനങ്ങളിൽ രണ്ടാമനായിരുന്നു ജ്ഞാൻദേവ്. മറ്റുള്ളവരുടെ പേരുകൾ യഥാക്രമം നിവൃത്തിനാഥ്, സോപാൻദേവ്, മുക്താബായി എന്നിങ്ങനെയായിരുന്നു. സന്യാസം വെടിഞ്ഞ് ഗൃഹസ്ഥാശ്രമിയായിത്തീർന്ന വിഠൽപംഥിനും കുടുംബത്തിനും സമൂഹം ഭ്രഷ്ട് കൽപിച്ചു. ബ്രാഹ്മണ പുരോഹിതന്മാർ കൽപ്പിച്ചതനുസരിച്ച് പ്രായശ്ചിത്തത്തിനായി വിഠൽപംഥും കുടുംബവും ഒരു തീർത്ഥാടനത്തിറങ്ങി. എന്നാൽ തീർത്ഥാടനം കഴിഞ്ഞു മടങ്ങിയിട്ടും സമൂഹം അവരെ സ്വീകരിക്കാൻ കൂട്ടാക്കിയില്ല. അതിനാൽ മക്കളെയുപേക്ഷിച്ച് വിഠൽപംഥ് ഹിമാലയത്തിലേക്കു പോയി. അനാഥരായിത്തീർന്നെങ്കിലും നിവൃത്തിനാഥും ജ്ഞാൻ ദേവും സ്വയം സാധനയിലൂടെ അപാരമായ ജ്ഞാനം നേടി. ദൈവിക സിദ്ധി പ്രാപ്തമാക്കിയ ജ്ഞാൻദേവ് പല അൽഭുതങ്ങളും പ്രവർത്തിച്ചു. ജ്യേഷ്ഠസഹോദരനായ നിവൃത്തിനാഥായിരുന്നു ജ്ഞാൻദേവിന്റെ ഗുരു. ഉപനിഷത്തുക്കളും യോഗാവാസിഷ്ഠവും വായിച്ച് ഉദ്ബുദ്ധനായ ജ്ഞാനേശ്വർ താൻ സ്വാംശീകരിച്ച തത്വങ്ങളിലൂന്നിനിന്നുകൊണ്ട് ഭഗവദ് ഗീതയ്ക്ക് മറാത്തിയിൽ ഒരു വ്യാഖ്യാനം രചിച്ചു. എ.ഡി. 1290-ൽ തന്റെ പതിനാറാമത്തെ വയസ്സിലായിരുന്നു അദ്ദേഹം ഈ നേട്ടം കൈവരിച്ചത്.

ജ്ഞാനേശ്വരി എന്നറിയപ്പെടുന്ന ഈ രചന ഇന്നും ഏറെ ജനസമ്മതിയുള്ള ഭഗവത് ഗീതാവ്യാഖ്യാനമാണ്. പിന്നീട് ഗുരുവിന്റെ നിർദ്ദേശപ്രകാരം അനുഭവാമൃതം (അമൃതാനുഭവം) എന്ന കൃതി രചിച്ചു. സ്വന്തം ദർശനങ്ങളും സിദ്ധാന്തങ്ങളും അദ്ദേഹം ഈ കൃതിയിലൂടെ ആവിഷ്കരിച്ചു. ശങ്കരാചാര്യരുടെ അദ്വൈതവാദത്തിന്റെ സ്വാധീനവും ഈ കൃതിയിൽ കാണാം. 'ചങ്ഗദേവപശഷ്ഠിയാണ്' ജ്ഞാനശ്വേറിന്റെ മറ്റൊരു കൃതി. ഭഗവാൻ വിഠലനെയാണ് ജ്ഞാൻദേവ് ഉപാസിച്ചത്. വിഠലനെ സ്തുതിച്ചു കൊണ്ട് അദ്ദേഹം ധാരാളം 'അഭംഗുകൾ' രചിച്ചു. ഇരുപത്തിരണ്ടുവയസ്സുള്ളപ്പോൾ സന്യാസിമാരുമൊത്ത് ഒരു തീർത്ഥാടനത്തിനിറങ്ങി.സംഘം പണ്ഡർപൂർ തുടങ്ങിയ നിരവധി ക്ഷേത്രങ്ങൾ സന്ദർശിച്ചു. പണ്ഡർപൂർക്ഷേത്രം അക്കാലത്ത് നിരവധി ആത്മീയചാര്യന്മാരുടെ കേന്ദ്രമായിരുന്നു. കുശവനായ ഗോര, തോട്ടക്കാരനായ സാത്വതൻ, തോട്ടിയായ ചോഖാ, തട്ടാനായ നരഹരി, ക്ഷുരകനായ സേന തുടങ്ങിയ സന്യാസിമാർ പണ്ഡർപൂർ ക്ഷേത്ര പരിസരത്ത് ലളിതജീവിതവും ഉയർന്ന ചിന്തകളുമായി കഴിഞ്ഞുകൂടിയിരുന്നു. അതിനിടെ തയ്യൽക്കാരനായ നാംദേവ് ജ്ഞാൻദേവിനെ ഗുരുവായി വരിച്ചു. ശിഷ്യനോടൊപ്പം സഹകരിച്ച് ജ്ഞാൻദേവ് വാർക്കരി പംഥ് സമ്പ്രദായത്തിന്റെ പ്രണേതാവായിത്തീർന്നു. എ.ഡി. 1296 ൽ ഇരുപത്തിയാറാമത്തെ വയസ്സിൽ തന്റെ ജന്മ നിയോഗം പൂർണ്ണമായെന്ന തിരിച്ചറിവിൽ, ജ്ഞാനേശ്വർ മഹാസമാധിയടഞ്ഞു. (തുടരും)

---

**വാസ്തു**
**(10-ാം പേജിൽ നിന്ന് തുടർച്ച)**

ത്രമേ അടുത്ത കാറ്റ് അകത്തേയ്ക്ക് വരികയുള്ളൂ.

Sketch പരിശോധിക്കുക. എല്ലാ മുറിയിൽ കൂടിയും തെക്ക് പടിഞ്ഞാറ് കാറ്റ് കടന്നു പോകുന്നു. എല്ലാ മരങ്ങളും ചെടികളും കാർബൺഡൈയോക്സൈഡ് എടുക്കുന്നു. ഓക്സിജൻ പുറത്ത് വിടുന്നു. ഓക്സിജൻ എല്ലാ മുറികളിലും കിട്ടുന്നു. എല്ലാ അസുഖങ്ങൾക്കും പ്രധാന കാരണം ഓക്സിജന്റെ കുറവാണ്. 33 വയസ്സു കഴിഞ്ഞാൽ They want more oxygen പോക്കു വെയിൽ കൊണ്ടാൽ പൊന്നാകും. ധാരാളം Vitamin D അതിലുണ്ട്. അതിനാൽ തെക്കു പടിഞ്ഞാറ് ജനൽ വേണം.

**വാസ്തു ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്**

**1) കിണർ വടക്കു കിഴക്ക്, വടക്കു കിഴക്കു തന്നെ വരണം.**

കാരണം കിണറിന്റെ അകത്തേയ്ക്കും ചുറ്റുപാടും ഉദയം വീഴണം. ഒരളവ് വരെ വെള്ളം ശുദ്ധീകരണം നടക്കുന്നു.

**2) അടുക്കള കിഴക്കു വടക്ക് അഥവാ തെക്കായിരിക്കണം.**

അടുക്കളയിലേക്കുള്ള ഉദയം വരുമ്പോൾ ഭക്ഷണത്തിൽ Vitamin & Minarals ഉണ്ടാകുന്നു. ഉപദ്രവകാരികളായ പല ബാക്ടീരിയകളും നശിക്കുന്നു. കൂടാതെ രാവിലെ ചായ ഉണ്ടാക്കുവാൻ വരുമ്പോൾ Natural light കിട്ടുന്നു.

**3) Bed Rooms South - West വേണം.**

തെക്കു പടിഞ്ഞാറ് കാറ്റ് കിടപ്പു മുറിയിൽ കൂടി കടന്നു പോകണം. പോക്കു വെയിൽ കിടപ്പു മുറിയിൽ വരണം. Only for better health.

**4) വടക്കോട്ട് തല വെച്ചു കിടക്കരുത്**

മനുഷ്യന്റെ തലയ്ക്ക് North pole ന്റെ എല്ലാ ഗുണങ്ങളും ഉണ്ടെന്ന് പറയുന്നു. Indian Institute of Science Bangalore ഇതിൽ പല പരിശോധനകളും നടത്തിയിട്ടുണ്ട്. തെക്കോട്ട് തല വയ്ക്കുന്നവർക്ക് നല്ല ഉറക്കം കിട്ടുന്നതായി കാണുന്നു.

**5) വീടിന് ചുറ്റുമുള്ള മരങ്ങൾ**

ചില മരങ്ങൾ വളരെ വേഗം കാർബൺഡൈഓക്സൈഡ് എടുത്ത് ഓക്സിജൻ പുറത്തു വിടുന്നു. കാറ്റ് തെക്ക് പടിഞ്ഞാറ് നിന്നായതിനാൽ ആ ഭാഗത്ത് വേണം ഓക്സിജൻ തരുന്ന നെല്ലി നടേണ്ടത്. എല്ലാ ദിവസവും തുളസിക്ക് വെള്ളം ഒഴിച്ച് പ്രാർത്ഥിക്കുന്നതിന്റെ രഹസ്യം ഇതു തന്നെ. തുളസി ആവശ്യത്തിന് ഓക്സിജൻ തരുന്നതാണ്.

Vasthu നോക്കുന്നത് only for better health and Natural power. Not for power or money.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# ശ്രീ അണ്ടലൂർകാവ്

ഇന്ദിരാഭായി (ഫോൺ: 80785 52892)

ഭക്തിയും വിശ്വാസവും പുരാണവും ചരിത്രവും സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും സമന്വയിക്കുന്നതും ഉത്സവാഘോഷങ്ങൾകൊണ്ട് പ്രസിദ്ധിയാർജ്ജിച്ചതുമായ ഒരു ക്ഷേത്രമാണ് ശ്രീ അണ്ടലൂർകാവ് ക്ഷേത്രം. ശ്രീരാമനും സീതയും ലക്ഷ്മണനും ഹനുമാനും ബാലിയും സുഗ്രീവനും വാനരപ്പടയും ഒത്തു ചേരുമ്പോൾ അയോദ്ധ്യയും ലങ്കയും അശോകവനവുമായി മാറുന്ന ഒരു ക്ഷേത്രം. അതാണ് ശ്രീ അണ്ടലൂർ കാവ് ക്ഷേത്രം. ജനകനന്ദിനിയുടെയും വായുതനയന്റേയും ലക്ഷ്മണസ്വാമിയുടേയും സാന്നിദ്ധ്യമുള്ള ഒരു ശ്രീരാമക്ഷേത്രം. ക്ഷേത്രചരിത്രവുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമല്ല. ദ്രാവിഡ കുടിയേറ്റക്കാലത്തെ ജനങ്ങളുടെ ജീവിതരീതിയുമായി ബന്ധപ്പെട്ടാണ് ഈ ക്ഷേത്രം സ്ഥാപിതമായത് എന്നാണ് വിശ്വസിക്കുന്നത്. ഗ്രാമീണ കാർഷിക സംസ്കൃതിയുമായി ഇണങ്ങിച്ചേർന്നു നില്ക്കുന്ന ആചാരാനുഷ്ഠാനങ്ങളാണ് ഇന്നും ഈ ക്ഷേത്രത്തിൽ നടന്നു വരുന്നത്.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ധർമ്മടം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ശ്രീരാമക്ഷേത്രമാണ് അണ്ടലൂർകാവ്. തലശ്ശേരിയിലെ ധർമ്മപട്ടണം എന്ന പഴയകാല തുറമുഖ പട്ടണമാണ് ഇന്ന് ധർമ്മടം എന്നറിയപ്പെടുന്നത്. ധർമ്മത്തിന്റെ ഇടം എന്നും ഈ സ്ഥലം അറിയപ്പെട്ടിരുന്നു. വിപ്ലവത്തിന്റെ ചുവന്ന മണ്ണാണ് തലശ്ശേരിയുടേത്. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ ഈ മണ്ണിലാണ് പിറന്നത്. സാംസ്കാരിക ചരിത്രങ്ങളുടെ പുരാവൃത്തങ്ങളിലേക്കിറങ്ങിച്ചെല്ലുമ്പോൾ തലശ്ശേരിക്ക് ആധ്യത്മികത്തിന്റെ പല കഥകളും പറയുവാനുണ്ട്. അറബിക്കടലിനോടു ചേർന്നു കിടക്കുന്ന ധർമ്മടം ഗ്രാമത്തിന്റെ മൂന്നു ഭാഗങ്ങളും പരസ്പരബന്ധിതങ്ങളായ പുഴകളാണ്. പ്രകൃതിയുടെ പ്രതിഭാസങ്ങളിലെന്നോ കരയായി മാറിയതാകാം ഈ പ്രദേശം എന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. ധർമ്മടം ഗ്രാമത്തെ തഴുകിത്തലോടുന്ന പുഴകളും മണലും മണ്ണും ചേർന്ന ഇവിടുത്തെ ഭൂപ്രകൃതിയും ചരിത്രകാരന്മാരുടെ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. വയലേലകൾ നിറഞ്ഞ ഈ പ്രദേശം വളരെ യധികം കാർഷിക പ്രാധാന്യമുള്ളതാണ്. ഈ കാർഷിക മേഖലയുടെ തിലകമായി അണ്ടലൂർ ക്ഷേത്രവും കാവും സ്ഥിതിചെയ്യുന്നു.

പ്രാചീനതകൊണ്ടും വിശ്വാസത്തിന്റെ തീവ്രതകൊണ്ടും ഉത്സവച്ചടങ്ങുകളുടെ വ്യത്യസ്ഥതകൊണ്ടും അത്യധികം ജനശ്രദ്ധയാകർഷിക്കുന്നതും മറ്റു ക്ഷേത്രാചാരങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നതുമായ ഒരു ക്ഷേത്രമാണ് അണ്ടലൂർ. തെയ്യവും തിറയും നിറഞ്ഞാടുന്ന വടക്കെ മലബാറിലെ പല ക്ഷേത്രങ്ങളിലും കാവുകളിലും നൂറുകണക്കിന് തെയ്യക്കോലങ്ങൾ ഭക്തജനങ്ങൾക്ക് അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് നിറഞ്ഞാടുന്നു. എന്നാൽ അവയിൽ നിന്നും വേറിട്ടു നില്ക്കുന്ന തെയ്യങ്ങളാണ് അണ്ടലൂരിൽ കെട്ടിയാടുന്നത്.

വിഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്ര ശ്രീകോവിലുകൾ സ്ഥിതിചെയ്യുന്ന മേലേക്കാവും അല്പം അകലെയായുള്ള നിബിഡ വനപ്രതീതിയുളവാക്കുന്ന താഴേക്കാവും വിശാലമായ ക്ഷേത്രവളപ്പും മനോഹരമായ ക്ഷേത്രക്കുളവും അടങ്ങിയതാണ് അണ്ടലൂർ ക്ഷേത്രം. ഇവിടെ ശ്രീരാമദേവൻ ദൈവത്താറീശ്വരനായി അണ്ടലൂർ ദേശനാഥനായി പരിലസിക്കുന്നു. ഒരു ശ്രീകോവിലിൽ ശ്രീരാമനേയും മറ്റൊരു ശ്രീകോവിലിൽ ഹനുമാനേയും പ്രതിഷ്ഠിച്ചിരിക്കുന്നു. രണ്ടു ശ്രീകോവിലുകളും മുഖത്തോടു മുഖം നോക്കുന്ന രീതിയിലാണ് കാണപ്പെടുന്നത്. ക്ഷേത്രശ്രീകോവിലുകൾ കാലപ്പഴക്കമുള്ളതും മരത്തിൽ തീർത്ത് ഭംഗിയാക്കിയിട്ടുള്ളതുമാണ്. ക്ഷേത്രകാര്യങ്ങളോടൊപ്പം ക്ഷേത്രക്കാവും കുളവും വളരെയധികം ശ്രദ്ധയോടുകൂടി സംരക്ഷിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ദേശവാസികൾ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ശ്രീരാമദേവൻ ഇവിടെ ദൈവത്താർ എന്നാണറിയപ്പെടുന്നത്. വളരെയധികം ജനശ്രദ്ധയാകർഷിക്കുന്ന ഈ ക്ഷേത്രത്തിലെ ദേവസങ്കല്പങ്ങളെല്ലാം രാമായണപ്രതിപാദിതങ്ങളാണ്. ശ്രീരാമൻ, സീത, ലക്ഷ്മണൻ, ഹനുമാൻ എന്നീ ദേവസങ്കല്പങ്ങളെ വിഗ്രഹരൂപത്തിൽ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു. ചില പ്രത്യേകസ്ഥാനങ്ങളെ ലങ്കയായും അയോദ്ധ്യയായും അശോകവനമായും സങ്കല്പിച്ച് ആചാരനുഷ്ടാനങ്ങൾ നടത്തുന്ന ഒരു ക്ഷേത്ര സങ്കേതമാണ് അണ്ടലൂർ കാവ്. സാധാരണ ഹനുമാൻ ക്ഷേത്രങ്ങളിലും ശ്രീരാമക്ഷേത്രങ്ങളിലും നടത്തുന്ന എല്ലാ വഴിപാടുകളുമാണ് ഈ ക്ഷേത്രത്തിലും പതിവുള്ളത്. എന്നാൽ ഉത്സവച്ചടങ്ങുകൾ വളരെ വ്യത്യസ്ഥവുമാണ്.

ജീവിതവിജയത്തിന് ആത്മവിശ്വാസം അത്യാവശ്യമാണ്. സൂര്യവംശകഥകളിലുടനീളം ആത്മവിശ്വാസം നിറഞ്ഞു നില്ക്കുന്നതായി കാണാം. സൂര്യവംശകഥയുമായി ബന്ധപ്പെട്ടതാണ് അണ്ടലൂർകാവിലെ ആചാരനുഷ്ഠാനങ്ങൾ. അണ്ടലൂർക്കാവിലെ താഴേക്കാവ് ഇലഞ്ഞിയും ചെമ്പകവും ആലും കൂവളവും കാഞ്ഞിരവും അത്യപൂർവ്വങ്ങളായ കുളവെട്ടി മുതലായ വൃക്ഷലതാദികൾ നിറഞ്ഞ് നിബിഡവനപ്രതീതിയുളവാക്കുന്നതാണ്. ലങ്കയിലെ അശോകവനവുമായി സങ്കല്പിക്കുന്ന ഈ കാവ് ധർമ്മടം നിവാസികളുടെ പരിസ്ഥിതി സംരക്ഷണബോധത്തെ സൂചിപ്പിക്കുന്നു. ഇവിടുത്തെ ഉത്സവച്ചടങ്ങുകളെല്ലാം ഗ്രാമീണശൈലി നിറഞ്ഞതാണ്. ഗ്രാമവാസികൾ ഒന്നാകുന്ന ഒരു ഉത്സവം. ഇത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. അറബിക്കടലിനോടു ചേർന്നു കിടക്കുന്ന ധർമ്മടം ഗ്രാമത്തിലെ അണ്ടലൂരീശ്വരനായ ദൈവത്താറിന്റെ ഉത്സവച്ചടങ്ങുകളെല്ലാം രാമായണത്തിലെ സുന്ദരകാണ്ഡത്തിലും യുദ്ധകാണ്ഡത്തിലും പ്രതിപാദിച്ചിരിക്കുന്ന ഭാഗങ്ങൾ ഉൾപ്പെട്ടവയാണ്. തെയ്യക്കോലങ്ങൾ നിറഞ്ഞാടുന്ന ഒരു ഗ്രാമീണ ഉത്സവം. ത്യാഗമനസ്ഥിതിയുള്ള രത്നാകരന്റെ വാല്മീകിയിലേക്കുള്ള മാറ്റം പോലെ ശ്രീരാമനേയും വ്യത്യസ്ത ഭാവങ്ങളിൽ ദർശിക്കുവാൻ സാധിക്കുന്ന ഒരു ക്ഷേത്രമാണിത്. സാധാരണയായി ക്ഷേത്ര ഉത്സവങ്ങളിൽ കെട്ടിയാടുന്ന തെയ്യക്കോലങ്ങളെല്ലാം നാട്ടു സങ്കല്പങ്ങളിലും പ്രാദേശീക ദൈവീകരൂപങ്ങളിലും ഭക്തർക്കു മുന്നിലെത്തുമ്പോൾ ശ്രീരാമൻ എന്ന അണ്ടലൂർ ദേവൻ ദൈവത്താർ രൂപത്തിലും, ലക്ഷ്മണൻ അങ്കക്കാരൻ ആയും, ഹനുമാൻ ബപ്പൂരാൻ എന്ന തെയ്യരൂപമായുമാണ് ഇവിടെ ഭക്തർക്കു മുന്നിലെത്തുന്നത്. ആനയും അമ്പാരിയും വെടിക്കെട്ടുമില്ലാത്ത ഉത്സവമാണ് അണ്ടലൂർ ഉത്സവം.

അണ്ടലൂർ ഉത്സവത്തിനു മുന്നോടിയായി ഗ്രാമം മുഴുവൻ ശുചിയാക്കുന്നു. വീടുകൾ മോടി പിടിപ്പിക്കുന്നു. അതിഥികളെ സ്വീകരിക്കുവാൻ അവിൽ, പഴം, മലർ, തേങ്ങ എന്നിവ ശേഖരിക്കുന്നു. ചില വീടുകളിൽ ക്ഷണിച്ചു വരുത്തിയ കുളുത്താറ്റിയ (വ്രതമെടുത്ത) ചെറിയ കുട്ടികൾക്ക് ഭക്ഷണം നൽകുകയും അവർക്ക് ദക്ഷിണയും നൽകി യാത്രയാക്കുകയും ചെയ്യുന്ന ചടങ്ങുകളുമുണ്ട്. ഇത് 'ചന്ദൻകുടി' എന്നാണറിയപ്പെടുന്നത്. ഇവരെ ദൈവത്താറിന്റെ വില്ലുകാർ (വാനരകുട്ടിപ്പട) എന്നു സങ്കല്പിക്കുന്നു. ഉത്സവക്കാലത്ത് ധർമ്മടം ഗ്രാമത്തിലേക്ക് മത്സ്യമാംസാദികൾക്ക് പ്രവേശനമില്ല. എല്ലാ വർഷവും കുംഭമാസം രണ്ടിനാണ് ഉത്സവം ആരംഭിക്കുന്നത്. ചക്കതാത്തൽ എന്ന ചടങ്ങോടെയാണ് ഉത്സവചടങ്ങുകൾ ആരംഭിക്കുന്നത്. ചക്കതാത്തൽ, തേങ്ങ താത്തൽ, കാവിൽ കയറൽ എന്നീ ചടങ്ങുകളും അന്നുതന്നെ നടക്കും. ചക്ക അടർത്തി ചുളകളെടുത്ത് പാകപ്പെടുത്തി തേങ്ങയും ചേർത്ത് അണ്ടലൂർ ദേവനു നിവേദിക്കുന്നു. ഗ്രാമവാസികൾ ആ വർഷത്തെ ചക്ക ദേവനു നിവേദിച്ചശേഷം മാത്രമേ ഭക്ഷണത്തിനുപയോഗിക്കാറുള്ളൂ. പഴുത്തു വീണുപോയാലും ഉത്സവാരംഭദിവസം ദേവനു നിവേദിക്കാതെ ഗ്രാമത്തിലാരും ആ വർഷത്തെ ചക്ക ഭക്ഷിക്കാറില്ല. ഉത്സവാഘോഷപ്രദക്ഷിണങ്ങളിൽ ഭക്തജനങ്ങൾ നേർച്ചയായി സമർപ്പിക്കുന്ന പന്തങ്ങളാണ് ഉപയോഗിക്കുന്നത്. പ്രധാന ദേവന്റെ മുടി കെട്ടിയാടുന്ന മൂത്തകൂറു പെരുവണ്ണാനെ ആലവട്ടം മുത്തുക്കുടകൾ എന്നിവയുടെ അകമ്പടിയോടെ കൂട്ടിക്കൊണ്ടു വരുന്നു. തോറ്റംപാട്ടും ഈ ദിവസം നടക്കും. പിന്നീട് മേലൂർ മണലിൽ നിന്നും കുട ആനയിച്ചു കൊണ്ടുവരും. രാജഭരണകാലത്തെ വെൺകൊറ്റക്കുടയെ അനുസ്മരിപ്പിക്കുന്നതാണ് ഈ ചടങ്ങ്. കത്തിച്ച പന്തങ്ങളുടെ അകമ്പടിയോടെ വ്രതമെടുത്ത ജനക്കൂട്ടത്തിന്റെ ആരവത്തോടെയാണ് മണലിൽ നിർദ്ദിഷ്ട സ്ഥാനത്ത് കുട എത്തിക്കുന്നത്. വ്രതം നോറ്റവർ വാനരപ്പടയെന്ന സങ്കല്പത്തിൽ കുട വരവു സമയം ബപ്പൂരാനോടൊപ്പം പ്രദക്ഷിണം ചെയ്യുന്ന ചടങ്ങിനെ മെയ്യാല് കൂടുക എന്നാണ് പറയുന്നത്. ബപ്പൂരാനോടൊപ്പം (ഹനുമാനോടൊപ്പം) മെയ്യാല് കൂടുക എന്നത് പുണ്യകർമ്മമായാണ് ഭക്തർ വിശ്വസിക്കുന്നത്. വ്രത മെടുത്തവരെ 'കുളുത്താറ്റിയവർ' എന്നാണ് പറയുന്നത്. ഇവരെ വാനരപ്പടയെന്നാണ് സങ്കല്പിക്കുന്നത്. വില്ലുകാർ എന്നും ഇവർ അറിയപ്പെടുന്നു. കുട കാവിലെത്താറാകുമ്പോൾ തടവുപൊളിച്ചോട്ടം എന്ന ചടങ്ങും നടക്കും. കാവിലെത്തുന്ന കുട ക്ഷേത്ര ശ്രീകോവിലിന്റെ മൂലയ്ക്ക് കെട്ടി നിർത്തുന്നു. പിന്നീട് നിരക്കിപ്പാച്ചിൽ എന്ന ചടങ്ങോടെയാണ് രാമായണകഥയിലേക്ക് കടക്കുന്നത്. കുളുത്താറ്റിയവരും (വ്രതമെടുത്തവർ) കോ

മരങ്ങളും നിരക്കിപ്പാച്ചിലിൽ പങ്കെടുക്കും. അന്നു പുലർച്ചെ അതിരാളൻ തെയ്യവും രണ്ടു മക്കളും എഴുന്നെള്ളും. ഇത് സീതയും മക്കളുമാണെന്നാണ് സങ്കല്പം. ഒരു മുതിർന്ന തെയ്യക്കോലവും രണ്ടു കുട്ടി തെയ്യക്കോലങ്ങളുമാണിത്. ശ്രീരാമൻ (ദൈവത്താർ) ലക്ഷ്മണൻ (അങ്കക്കാരൻ) ബപ്പൂരാൻ (ഹനുമാൻ) എന്നീ ദേവസങ്കല്പങ്ങൾക്കു പുറമേ ശൈവസാന്നിദ്ധ്യമെന്ന സങ്കല്പത്തിൽ വേട്ടക്കൊരുമകൻ, മലക്കാരി, തൂവക്കാരി, പൊൻമകൻ, പുതുച്ചേകവൻ, നാക്കണ്ഠൽ (നാഗകണ്ഠൻ) നാപ്പോതി (നാഗദേവത) ചെറിയ ബപ്പൂരാൻ എന്നീ തെയ്യങ്ങളും ഉത്സവത്തിന്റെ ഭാഗമായി അണ്ടലൂർ കാവിൽ കെട്ടിയാടാറുണ്ട്. കുംഭം നാലാം തീയതിയാണ് ഈ തെയ്യങ്ങൾ കെട്ടിയാടുന്നത്. അന്നുച്ചയാകുമ്പോൾ ബാലിസുഗ്രീവ യുദ്ധപ്രതീതി ഉളവാക്കുന്ന തെയ്യാട്ടം നടക്കും. ബാലി (ഇളങ്കരുവൻ) യും പൂതാടിയും (സുഗ്രീവൻ) തമ്മിലുള്ള യുദ്ധത്തിൽ മദ്ധ്യസ്ഥം വഹിക്കുന്നത് ചെറിയ ബപ്പൂരാനാണ്. ബപ്പൂരാൻ ഇടപെടുന്നതോടെ യുദ്ധം (ബാലിസുഗ്രീവയുദ്ധം) രമ്യതയിലെത്തും. സന്ധ്യയോടെ പ്രധാന ദേവസങ്കല്പമായ ദൈവത്താർ പടിഞ്ഞാറേ തറയിലേക്കെഴുന്നള്ളുന്നു. അവിടെ പീഠത്തിലിരുന്ന് ദൈവത്താർ പൊൻമുടി ചാർത്തുന്നു. ഇത് പട്ടാഭിഷേകമെന്നു സങ്കല്പിക്കുന്നു. മുടിവെപ്പിനുശേഷം തറയിൽ നിന്നിറങ്ങി അങ്കക്കാരൻ ബപ്പൂരൻ എന്നീ തെയ്യങ്ങളുടെയും കുളുത്താറ്റിയവർ എന്നും വില്ലുകാർ എന്നും അറിയപ്പെടുന്ന (വാനരപ്പട)വരുടേയും അകമ്പടിയോടെ വാദ്യ ഘോഷങ്ങളോടു കൂടി ക്ഷേത്രത്തെ വലം വെയ്ക്കുന്നു. മൂന്നു പ്രദക്ഷിണം പൂർത്തിയാക്കി ദൈവത്താറും അങ്കക്കാരനും ബപ്പൂരാനും കൊട്ടിലിലേക്കെഴുന്നള്ളുന്നു. അവിടെ മണിക്കിണറിൽ ദർശനം നടത്തി പിൻതിരിഞ്ഞു വന്നതിനുശേഷം ഭക്തജനങ്ങളിൽ നിന്നും വഴിപാടുകൾ സ്വീകരിക്കുന്നു. അതിനുശേഷം മൂന്നു പേരും താഴേക്കാവിലേയ്ക്കെഴുന്നുള്ളും. താഴേക്കാവ് രാമായണകഥയിലെ രാവണന്റെ ലങ്കയും ലങ്കയിലെ അശോകവനവും എന്നു സങ്കല്പിച്ച് സീതയെ വീണ്ടെടുക്കുവാൻ പോകുന്നു എന്നാണ് വിശ്വസിക്കുന്നത്. ഉത്സവക്കാഴ്ചകളിലെ പ്രത്യേക ആകർഷണങ്ങളെപ്പറ്റി നേരിൽ കണ്ടു തന്നെ അറിയേണ്ടതാണ്. ഉത്സവത്തിന്റെ ആവേശവും ഭംഗിയും നേർക്കാഴ്ചകളും എഴുതി ഫലിപ്പിക്കുവാൻ സാധിക്കില്ല, അതുകണ്ടു തന്നെ ആസ്വദിക്കേണ്ടതാണ്. ഭക്തിയും വിശ്വാസവും ചരിത്രവും സംസ്കാരവും പുരാണവും പരസ്പര സഹകരണവും ബഹുമാനവും ഇത്രകണ്ടു സമന്വയിക്കുന്ന മറ്റൊരു ക്ഷേത്രോത്സവം അപൂർവ്വമാണ്. ദൈവത്താറീശ്വരന്റെ അനുഗ്രഹത്താൽ ധർമ്മടം ഗ്രാമവാസികളുടെ പ്രത്യേകതകൾ നിറഞ്ഞ ഈ ഉത്സവാഘോഷങ്ങൾ ആചാരനുഷ്ടാനങ്ങളിൽ നിന്നും വ്യതിചലിക്കാതെ ഇതുപോലെ എന്നെന്നും നിലനില്ക്കട്ടെ. ഭഗവാൻ ശ്രീരാമചന്ദ്രന്റെയും ആഞ്ജനേയ സ്വാമിയുടെയും അനുഗ്രഹാശിസ്സുകൾ ഉണ്ടാകണേ എന്ന പ്രാർത്ഥനയോടെ ദൈവത്താറിന്റെയും ബപ്പൂരാന്റെയും തൃപ്പാദങ്ങളിൽ ഭക്തിപൂർവ്വം നമിക്കുന്നു.

*(മിനിക്കഥ)*

# കടപ്പാട്

**ഉണ്ണി വാരിയത്ത്**
**ഫോൺ : 09867179480**

ബാങ്കിൽനിന്നും അവൻ കടമെടുത്തിരുന്നു. തിരിച്ചടവ് വൈകിയപ്പോൾ ഓർമ്മപ്പെടുത്തൽ നോട്ടീസു വന്നു.

അവൻ സുഹൃത്തുക്കളുടെ നേരെ കൈനീട്ടി. പക്ഷെ, ആരും സഹായിച്ചില്ല.

ഈ സുഹൃത്തുക്കൾക്കു വേണ്ടിയാണോ താൻ അമ്മയച്ഛന്മാരെ സംരക്ഷിക്കാതെ ധൂർത്തടിച്ചു നടന്നതെന്ന് അവൻ മനം നൊന്തു.

അമ്മയച്ഛന്മാർ സ്നേഹം തന്നത് കടമായിട്ടല്ല. അവർ അത് തിരിച്ചു ചോദിക്കുകയോ കിട്ടാത്തതിൽ പരിഭവിക്കുകയോ ഓർമ്മപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. ഉണ്ടാവുകയുമില്ല.

ഏതു കടവും എങ്ങനെയെങ്കിലും വീട്ടാൻ കഴിഞ്ഞേക്കും. പക്ഷെ, അമ്മയച്ഛന്മാരോടുള്ള കടപ്പാട് ആർക്കാണ് വീട്ടാനാവുക ?

## നായർ സ്ത്രീസമാജം 2018 സെപ്റ്റംബർമാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 18.09.2018 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |





തുടർച്ച

# ദ്വൈപായന വേദവ്യാസൻ

**ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)**

ഭാരതീയ ഋഷിപാരമ്പര്യത്തിൽ അഗ്രഗണ്യനും വിജ്ഞാനദാഹിയുമായിരുന്ന മുനിവര്യനാണ് പരാശരമഹർഷി. ജ്യോതിശാസ്ത്രത്തിന് അദ്ദേഹം നൽകിയ അമൂല്യ സമ്പത്താണ് പരാശരഹോര എന്ന ഗ്രന്ഥം. അക്കാലത്ത് രാജ്യം ഭരിച്ചിരുന്ന ക്ഷത്രിയനും പൗരോഹിത്യം നടത്തിയിരുന്ന ബ്രാഹ്മണരും തമ്മിൽ പല കാര്യങ്ങളിലും കലഹം ഉണ്ടായിരുന്നു. അവർ പരസ്പരം കലഹിച്ച് ഭരണത്തേപ്പോലും ബാധിക്കുന്നുവെന്ന തോന്നലുണ്ടായപ്പോൾ പരാശരമഹർഷി ഇടപെട്ടു. എല്ലാവരും തമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതിനും എല്ലാ വർഗ്ഗത്തിലുള്ള ജനങ്ങളേയും കൂട്ടിയിണക്കുന്നതിനും ശ്രമിച്ച പരാശരമഹർഷി പല സ്ഥലങ്ങളിലും ആശ്രമങ്ങൾ സ്ഥാപിച്ചു. ധർമ്മപ്രചരണാർത്ഥം ലോകം മുഴുവൻ സഞ്ചരിക്കാൻ ഒരുമ്പെട്ടു. ഇതിനദ്ദേഹത്തിനു ലഭിച്ചത് അസൂയാലുക്കളായ ശത്രുക്കളെയായിരുന്നു. അവർ അദ്ദേഹത്തെ ആക്രമിച്ചു. രക്ഷപെട്ട പരാശരൻ മുക്കുവർ താമസിക്കുന്ന ഒരു സ്ഥലത്തെത്തി. അക്കാലത്ത് അവിടെയുണ്ടായിരുന്ന ഒരു മുക്കവന് രണ്ടു കുഞ്ഞുങ്ങളെ കടൽക്കരയിൽനിന്നു ലഭിച്ചിരുന്നു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ഇതിൽ ആൺകുട്ടിയെ മത്സ്യരാജാവിനു നൽകി. മത്സ്യരാജവംശമാണ് പിന്നീട് വിരാടരാജാക്കന്മാരായി തീർന്നതെന്നു പറയപ്പെടുന്നു. പെൺകുട്ടിക്ക് മത്സ്യഗന്ധമുള്ളതിനാൽ മത്സ്യഗന്ധിയെന്നു വിളിച്ചു. ഈ കന്യകയാണ് പരാശരമഹർഷിയാൽ ആകൃഷ്ടയായത്. ഇവരിൽ ഒരു കുഞ്ഞു പിറന്നു. ഈ കുഞ്ഞാണ് ദ്വാപരയുഗത്തിന്റെ അവസാന കാലത്ത് ദ്വൈപായനെന്ന വ്യാസനായത്. ബദരി ഇലകൾക്കിടയിൽ ശയിച്ചതുമൂലം ബാദരായണനെന്നും, കറുത്ത നിറവും ആരാലും ആകർഷിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ട് കൃഷ്ണദ്വൈപായനെന്ന പേരിലും അറിയപ്പെട്ടു. പുരാണമനുസരിച്ച് ആദ്യഗുരു വസുദേവർ. പിന്നീട് ശാസ്ത്രവും കൃതികളും സനകമഹർഷി, സദാനന്ദമഹർഷി എന്നിവരിൽ നിന്നും അഭ്യസിച്ചു. സത്യവതിയെന്ന അമ്മ, അച്ഛനായ പരാശരമഹർഷിയേക്കുറിച്ചും അദ്ദേഹത്തിന്റെ കുലമഹിമയും പാരമ്പര്യവും അറിവും എല്ലാം നിറഞ്ഞ കഥകൾ മകന്റെ മനസിൽ നിറച്ചു. ഇങ്ങനെ അച്ഛനിൽ സ്നേഹവും ബഹുമാനവും നിറഞ്ഞ മകൻ അച്ഛനെ കാത്തിരുന്നു. കുറച്ചു നാൾ കഴിഞ്ഞു മടങ്ങിവന്ന അച്ഛനോട് തന്നേയും കൂട്ടി പോകണമെന്നു ശഠിച്ചു. വിജ്ഞാനത്തിനുള്ള തന്റെ അമിതമായ ആഗ്രഹം പറഞ്ഞു. പക്ഷെ ചെറിയ കുട്ടിയാണെന്നും ധർമ്മപ്രചരണാർത്ഥം എല്ലായിടത്തും സഞ്ചരി ക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ചും കൂടി പറഞ്ഞു മകനെ നിരുത്സാഹപ്പെടുത്താൻ ആ പിതാവു ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. എന്തു വിഷയവും ഒരു പ്രാവശ്യം കേട്ടാൽ അതു ഗ്രഹിക്കാനുള്ള കഴിവും ഏതു പ്രയാസത്തേയും നേരിടാനുള്ള അവന്റെ സഹനശക്തിയും ആത്മവിശ്വാസവും 6 വയസുള്ള തന്റെ മകനെ ശിഷ്യനായി സ്വികരിക്കാൻ അദ്ദേഹത്തെ നിർബ്ബന്ധിതനാക്കി. പല സന്ദർഭങ്ങളിലും ദ്വൈപായനൻ പ്രകടിപ്പിച്ച ആത്മനിയന്ത്രണം പരാശരനെ അത്ഭുതപ്പെടുത്തി.

വിജ്ഞാനദാഹിയായ വ്യാസന്റെ ജീവിതോദ്ദേശം തന്നെ അഖണ്ഡതപസ്സായിരുന്നു. വസിഷ്ഠന്റെ പാരമ്പര്യത്തിൽ ശക്തിയുടെ പൗത്രനും പരാശരന്റെ മകനുമായ വ്യാസൻ അറിവിന്റെ വിളനിലമായി മാറിയെന്നതിൽ അതിശയിക്കാനില്ല. ബാദരായണനും വ്യാസനും ഒരുമിച്ചു ചേർന്ന് രചിച്ച ബ്രഹ്മസൂത്രം മാനുഷിക മൂല്യങ്ങൾക്കു ആദ്ധ്യാത്മികപരിവേഷം നൽകി വിവരിച്ച ഗ്രന്ഥമാണ്. ഭാരതീയ തത്വചിന്തയിലെ ഗഹനമേറിയ ശകലങ്ങൾ പ്രയോഗികതലത്തിലേക്കെത്തിച്ചത് വ്യാസനാണ്.

ദ്വൈപായനവേദവ്യാസനാണ് വേദത്തെ നാലായി വിഭജിച്ചത്, ഋക് ,സാമ, യജ്ജുർ, അഥർവ്വ വേദങ്ങൾ. ഇതിൽ അഥർവ്വവേദം തികച്ചും ശാസ്ത്രമാണ്. ശാസ്ത്രത്തിന്റെ ദൂഷ്യവശങ്ങൾ മാത്രം കണ്ട ചിലർ ഈ വേദഭാഗത്തെ തള്ളി. എന്നാൽ ഇത്തരം ചിന്താധാര ശാസ്ത്രത്തെ ദുരുപയോഗം ചെയ്യുന്നതുകൊണ്ടാണെന്നു പറഞ്ഞു ആ വാദഗതി തള്ളുകയാണ് ചെയ്തത്. സ്ത്രീകൾക്കും സാധാരണക്കാർക്കും വേദങ്ങൾ മനസിലാക്കാൻ സന്ദർഭം ഒരുക്കിയതും വേദവ്യാസനാണ്. വേദത്തിലെ കർ

മ്മകാണ്ഡങ്ങൾ പ്രവർത്തിയേയും ജ്ഞാനകാണ്ഡം എങ്ങനെ മുക്തി ലഭിക്കുമെന്നതിനേക്കുറിച്ചും പറയുന്നു. കർമ്മകാണ്ഡത്തിന്റെ ആദ്യഭാഗങ്ങൾ ഐശ്വര്യ സമ്പൂർണ്ണമായ ജീവിതമാണെങ്കിൽ അതിന്റെ അന്തിമലക്ഷ്യം പരമസത്യം തന്നെയാണ്. ധർമ്മം എന്നാൽ ലോകനന്മയാണ്. അത് ലോകത്തിന്റെ നിലനില്പിനു വേണ്ടിയാണ്. ഇത്തരം സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ ചിന്തകളെ സാധാരണക്കാരിലേക്ക് എത്തിച്ചുവെന്നതാണ് വ്യാസന്റെ മഹത്വം.

ഓരോ മന്വന്തരയുഗങ്ങളിലും വേദ ചിന്തകളെ മനുഷ്യരിലേക്കെത്തിക്കുവാൻ ദൈവം ഓരോ രൂപങ്ങൾ കൈകൊണ്ടു ഭൂമിയിൽ അവതരിക്കുന്നുവെന്നാണ് വിശ്വാസം. വിഷ്ണുപുരാണത്തിൽ പറയുന്നത് ഓരോ യുഗത്തിലും വേദം സാധാരണക്കാരിലെത്തിക്കാൻ ഓരോ വ്യാസന്മാർ ജന്മമെടുക്കുന്നുവെന്നാണ്. അങ്ങനെ 28 പ്രാവശ്യം വേദാഖ്യാനം നടന്നിട്ടുണ്ടെന്നുമാണ്.

ഒന്നാം ദ്വാപരയുഗത്തിൽ ബ്രഹ്മാവ്, രണ്ടാം ദ്വാപരയുഗത്തിൽ പ്രജാപതി, മൂന്നാമതായി ശുക്രാചാര്യർ നാലാമത് ബ്രഹസ്പതി, അങ്ങനെ സൂര്യൻ, മൃത്യു, ഇന്ദ്രൻ, വസിഷ്ഠൻ, സരസ്വതി, ത്രിധമ, ത്രിഷിക്, ഭരദ്വജ്, അംബരീഷ്, വാരണി, ഭ്രയാരുൺ, ധനഞ്ജയ്, കൃത്വൻജെയ്, ജയ, ഭരദ്വജാഗൗതം, ഹര്യത്മ, വജ്രസ്രവ, ത്രിബന്ധു, വാത്മീകി, ശക്തി, പരാശരൻ, ജാതുകർ, കൃഷ്ണദ്വൈപായനൻ, ഇരുപത്തൊൻപതായി വരുന്നത് ദ്രോണപുത്രനായ അശ്വത്ഥാമാവ് എന്നിങ്ങനെയാണ്. കുമാര പുരാണത്തിലും ഏകദേശം ഇതു തന്നെയാണ് പറഞ്ഞിരിക്കുന്നത്. വ്യാസൻ എന്ന വാക്ക് ഭാരതീയ ആത്മീയചിന്തയിലെ ഗുരുസ്ഥാനത്താണ്. ഗുരുപൂർണ്ണിമ വ്യാസ പൂർണ്ണിമയായി കണക്കാക്കപ്പെടുന്നു. ഈ ദിവസമാണ് ദ്വൈപായന ജനനവും ബ്രഹ്മസൂത്ര പഠനത്തിന്റെ പ്രാരംഭം കുറിച്ചതും. ബ്രഹ്മസൂത്ര പഠനത്തിന് ഈ ദിവസം തന്നെ തിരഞ്ഞെടുക്കാറുണ്ട്. വ്യാസനാണ് ഭാരതീയരുടെ ഗുരുകുലാധിപതിയായി പ്രശോഭിക്കുന്നത് എന്നത് ഇതിൽനിന്നു വ്യക്തം.

ദ്വൈപായനവ്യാസൻ സാധാരണക്കാർക്ക് അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ വിശ്വവിഖ്യാതമായ മഹാഭാരതം കൃതിയിലൂടെയാണ്. വിജ്ഞാനപ്രദമായ ഈ ഇതിഹാസം അഞ്ചാം വേദമെന്നു കൂടി അറിയപ്പെടുന്നു. ഒരു ലക്ഷം ശ്ലോകങ്ങളാണ് ഇതിലുള്ളത്. ധർമ്മാർത്ഥ കാമമോക്ഷങ്ങളെ ഇത്രത്തോളം ഭംഗ്യന്തരേണ കാണുന്ന വേറൊരു കൃതിയുമില്ല. വിഭിന്നങ്ങളായ ചിന്താഗതി, ധാർമ്മികമൂല്യങ്ങൾ വ്യത്യസ്തം, വീരസാഹസികതകളിൽ വ്യത്യാസം ആളുകൾ തമ്മിൽ വലിയ സാദൃശ്യമില്ലായ്മ ഇങ്ങനെ തുടങ്ങി വ്യത്യസ്തങ്ങളായ കഥകളും ഉപകഥകളും വ്യാഖ്യാനങ്ങളും ഒരുപക്ഷെ അത്യന്താധുനിക ചിന്താഗതിയിൽ വർത്തിക്കുന്ന ഒരു മനുഷ്യന് അവിശ്വസനീയമായി തോന്നിയേക്കാം. ഇതിലെ ഓരോ കഥാപാത്രങ്ങളും വ്യത്യസ്തങ്ങളാണ്. ആധുനിക യുഗത്തിൽ കാണുന്ന ചില പ്രശ്നങ്ങളും ചതിയും വഞ്ചനയും സ്ത്രീകളോടുള്ള പെരുമാറ്റ വിശേഷങ്ങളും മറ്റും അന്നും ഉണ്ടായിരുന്നു. പക്ഷെ അന്തിമമായി ധർമ്മവും സത്യവും ജയിക്കുന്ന കാഴ്ചയും ശാസ്ത്രപരമായ യുക്തിക്കനുസരിച്ചുള്ള പ്രവർത്തനങ്ങളെ നേരിടാനുള്ള മനുഷ്യന്റെ ഇഛാശക്തിയും അവഗാഹമായ പാണ്ഡിത്യവും ഔന്നത്യവും കാണിക്കുന്ന ഒരു നല്ല ചരിത്രഗ്രന്ഥം എന്നുപോലും വിശേഷിപ്പിക്കപ്പെടാവുന്ന ഈ ആത്മീയചരിതംപോലെ മറ്റൊന്ന് ലോകത്തിൽ തന്നെ വിരളമാണ്. വ്യാസൻ തന്നെ ഇതിലെ കഥാപാത്രവുമാണ്. പ്രധാനമായ കഥ പാണ്ഡവ കൗരവരുടേതാണെന്നു തോന്നും. അതുമായി കോർത്തിണക്കുന്ന തികച്ചും വ്യതസ്തമായ ഉപകഥകളും നമുക്കിതിൽ കാണാം.

വേദവ്യാസനും പാണ്ഡവരും കൗരവരും തമ്മിലുള്ള ബന്ധം എന്താണെന്ന് ഈ അവസരത്തിൽ അിറഞ്ഞിരിക്കേണ്ടതായുണ്ട്. ഇക്ഷ്വാകു വംശത്തിലെ ശന്തനുമഹാരാജാവ് സത്യവതിയെ വിവാഹം കഴിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷെ, ഒരു പ്രശ്നം. രാജാവിനു ഗംഗയിലുണ്ടായ ദേവദത്തൻ (ഭീഷ്മർ) രാജാവാകാൻ പറ്റില്ലായെന്നും സത്യവതിയുടെ പരമ്പരയ്ക്ക് രാജ്യാവകാശം നല്കണമെന്നും സത്യവതി പറഞ്ഞു. ശന്തനുവിനു ദുഃഖമുണ്ടായി. പക്ഷെ ദേവദത്തൻ തനിക്കു രാജ്യഭരണം വേണ്ടയെന്നു പറഞ്ഞ് അച്ഛനെ രക്ഷിച്ചു. അങ്ങനെ സത്യവതിയെ വിവാഹം കഴിച്ച രാജാവിന് ചിത്രാംഗദൻ, വിചിത്രവീര്യൻ എന്നീ രണ്ടു പുത്രന്മാരുണ്ടായി. ശന്തനുവിന്റെ കാലശേഷം ചിത്രാംഗദൻ ഹസ്തിനപുര രാജാവായി. ചിത്രാംഗദൻ എന്നു തന്നെ പേരുള്ള ഒരു ഗന്ധർവ്വനുമായുണ്ടായ യുദ്ധത്തിൽ അദ്ദേഹം മരണപ്പെട്ടു. പിന്നീട് വിചിത്രവീര്യൻ രാജാവായി. കാശിരാജാവിന്റെ മക്കളായ അംബ, അംബിക, അംബാലിക എന്നീ കന്യകമാരുടെ സ്വയംവര ദിവസം ഭീഷ്മർ അവിടെയെത്തി മൂന്നു പേരേയും കൂട്ടി ഹസ്തിനപുരത്തെത്തി വിചിത്രവീരനുമായുള്ള വിവാഹത്തിനൊരുങ്ങി. ഇതിൽ അംബ സ്വാലരാജാവു മായി പ്രണയത്തി





ലായിരുന്നു. ഭീഷ്മർ അവരെ തിരിച്ചയച്ചുവെങ്കിലും സ്വാലൻ സ്വീകരിച്ചില്ല. അംബ ഭീഷ്മരോടു നടത്തിയ വിവാഹാഭ്യർത്ഥന അദ്ദേഹം നിരസിച്ചു. അവസാനം അവർ ഹിമാലയത്തിലെത്തി തപസ്സ് ആരംഭിച്ചു. ഇത് ഭീഷ്മരുടെ അന്ത്യത്തിന് അവസരമൊരുക്കി. വിചിത്രവീര്യൻ പിന്നീട് രോഗിയായി മാറി അകാലചരമം പ്രാപിച്ചു. രാജ്യം അനാഥമാകാതിരിക്കാൻ അമ്മയായ സത്യവതി ഒരു നിർദ്ദേശം വെച്ചു. അന്നത്തെക്കാലത്ത് ഇതിനെ 'നിയോഗം' എന്നാണറിയപ്പെട്ടിരുന്നത്. വ്യാസനിൽ ഇവർക്ക് അനന്തര വകാശി ജനിക്കുക. സത്യവതി ഇക്കഥകളെല്ലാം ഭീഷ്മരോടു പറഞ്ഞു. തനിക്കാവശ്യമുള്ളപ്പോൾ ദ്വൈപായനൻ തന്റെ സമീപം എത്തിക്കൊള്ളാമെന്നു നൽകിയ വാഗ്ദാനത്തിന്റെ കഥയും പറഞ്ഞു. ഭീഷ്മരുടെ സമ്മതത്തോടുകൂടി വ്യാസൻ വരികയും അങ്ങനെ അംബികയിൽ ധൃതരാഷ്ട്രരും അംബാലികയിൽ പാണ്ഡുവും ജനിച്ചു. ഈ രണ്ടു കുട്ടികളും ശാരീരികമായി ക്ഷമത കുറവുള്ളവരായിരുന്നു. മൂന്നാമതായി ഭൃത്യയിലുണ്ടായ വിദുരരാണ് വിജ്ഞാനത്തിലും ചിന്താശക്തിയിലും പ്രവർത്തനമണ്ഡലത്തിലും ആഭിജാത്യവും കുലമഹിമയും മുറുകെപ്പിടിച്ചു പ്രവർത്തിച്ചിരുന്നത്. ഇങ്ങനെ കൗരവരുടേയും പാണ്ഡവരുടേയും മുത്തച്ഛനാണ് വ്യാസൻ. അതുകൊണ്ടാണ് വ്യാസനും മഹാഭാരതത്തിലെ കൗരവപാണ്ഡവ ചരിതത്തിൽ പ്രധാനപ്പെട്ട പങ്കു വഹിക്കേണ്ടിവന്നത്. ജബാലമഹർഷിയുടെ മകൾ പിഞ്ജല അഥവാ വേദിക എന്ന തരുണീരത്നം ഭാര്യയും ശുകൻ മകനുമാണ്. വ്യാസൻ മഹാഭാരതകഥ ആദ്യം പഠിപ്പിച്ചത് ശുകനെയാണ്. പിന്നീട് ശിഷ്യന്മാരേയും.

അന്നത്തെക്കാലത്ത് വേദപഠനവും വേദചിന്തകളും വായ്മൊഴിയിലൂടെ മാത്രമായിരുന്നു പ്രചരിച്ചിരുന്നത്. പില്ക്കാലത്ത് ജനങ്ങൾക്ക് ഇതു ലഭിക്കുമ്പോൾ ശരിയായ സത്തയിൽതന്നെ വേണമെന്നുണ്ടെങ്കിൽ അത് ലിഖിതരൂപത്തിലായിരിക്കണമെന്ന് വ്യാസനു തോന്നി. കലിയുഗമാകുമ്പോൾ മനുഷ്യന് സ്വഭാവത്തിൽ മാറ്റം വരികയും ഓർമ്മശക്തി കുറയുകയും ചെയ്യും. അതിനാൽ ഇതു കുറിച്ചുവെക്കേണ്ടതുണ്ടെന്നു വ്യാസനു തോന്നി. അതിനായി അദ്ദേഹം ബ്രഹ്മാവിനെ സമീപിച്ചുവെന്നും, സ്വാമി തേജോമയാനന്ദജിയുടെ വാക്കുകളിൽ പറഞ്ഞാൽ, ദീർഘവും പലപല സന്ദർഭങ്ങളും കഥകളും ഉപകഥകളും നിറഞ്ഞ ഈ കൃതി എഴുതണമെങ്കിൽ യോഗ്യനായ ഒരാളു വേണം എന്ന് അഭിപ്രായപ്പെട്ടു. അങ്ങനെ ബ്രഹ്മാവ് ഗണപതിയെ നിർദ്ദേശിച്ചു. ഗണപതി സമ്മതിച്ചു. പക്ഷെ ഒരു വ്യവസ്ഥ, നിർത്താതെ കഥ പറയണം. അപ്പോൾ വ്യാസനും ഒരു വ്യവസ്ഥ വെച്ചു. മനസ്സിലാക്കാതെ എഴുതാൻ പാടില്ല. അങ്ങനെ രണ്ടു മഹാപ്രതിഭകളുടെ പരിശ്രമഫലമാണ് മഹാഭാരതം എന്ന ലോകോത്തരമായ കൃതി. വ്യാസൻ പറഞ്ഞു തുടങ്ങി, ഗണപതി എഴുതാനും. എഴുത്തു പുരോഗമിക്കവേ, എഴുതുന്ന തൂലിക ഒടിയുകയും നിർത്താതെ എഴുതാനായി ഗണപതി തന്റെ കൊമ്പൊടിച്ച് തൂലികയായി എഴുത്തു തുടർന്നുവെന്നും കഥ. എന്തായാലും ഗണപതി യുടെ എഴുത്തിൽ വ്യാസൻ സംപ്രീതനായി പറഞ്ഞു, എനിക്ക് അതിശയമായി തോന്നിയത് അങ്ങയുടെ നീണ്ട നിശ്ശബ്ദതയാണെന്നും അതു തന്റെ ഇടമുറിയാതെയുള്ള ചിന്താധാരക്ക് തടസ്സം ഉണ്ടാക്കിയില്ലെന്നും. തന്റെ ആത്മനിയന്ത്രണം ക്ഷമയോടുകൂടി കേട്ടു മനസ്സിലാക്കാനും എഴുതാനും സഹായിച്ചുവെന്ന് ഗണപതി മറുപടി പറഞ്ഞു. ആവശ്യമില്ലാത്ത സംസാരം നിയന്ത്രിക്കാൻ സാധിക്കാത്തവർക്ക് ഊർജ്ജവും ശ്രദ്ധയും നഷ്ടപ്പെടുമെന്നും സംഭാഷണത്തിന്റെ നിയന്ത്രണത്തിലൂടെ ഈ നഷ്ടം ഒഴിവാക്കാനും അവിടെ സമാധാനത്തിന്റെ ഭാഷ തന്നെ ഉണ്ടാക്കാനും കഴിയുമെന്നു കൂടി ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. ഗണപതിയുടെ കൊമ്പൊടിഞ്ഞതിന് പല കഥകളും വേറെയും പ്രചാരത്തിലുണ്ട്. എന്തായാലും വിഘ്നേശ്വരനായ ഗണപതിയും വിജ്ഞാനത്തിന്റെ ഉറവിടമായ വ്യാസഭഗവാനും ചേർന്നപ്പോൾ വേദങ്ങൾ, വേദാർത്ഥങ്ങളായി ലോകോപകാരാർത്ഥം സൃഷ്ടികളുണ്ടായി. ധർമ്മാർത്ഥ കാമമോക്ഷങ്ങൾ സവിസ്തരം സാധാരണക്കാരനുവേണ്ടി എഴുതി. ഇതിലെല്ലാം ഉണ്ട്. ഇതിലില്ലാത്തത് മറ്റൊന്നിലും കാണില്ല എന്നാണ് പറയപ്പെടുന്നത്. ഭൂതം, വർത്തമാനം, ഭാവി, പ്രപഞ്ചത്തിന്റെ നശ്വരത ഇങ്ങനെ തുടങ്ങി പ്രപഞ്ചത്തിന്റെ ഉല്പത്തി മുതൽ ഉള്ള കാര്യങ്ങൾ ചിട്ടയായി സവിസ്തരം പ്രതിപാദിക്കുന്നു.

കലിയുഗാരംഭത്തിൽ ശൗനക മഹർഷിയും മറ്റും കലികാലദോഷശാന്തിക്കായി നടത്തിയ യജ്ഞത്തിൽ പങ്കുകൊള്ളാനെത്തിയ ഉഗ്രശ്രവസ് എന്ന ജ്ഞാനി പറഞ്ഞ കഥയായിട്ടാണ് മഹാഭാരതകഥ സവിസ്തരം പറയുന്നത്. ഉഗ്രശ്രവസിനെ സൂതപൗരാണികനെന്നും വിളിക്കുന്നു. കാരണം ബ്രാഹ്മണ സ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രനായതാണ്. കാര്യകാരണസഹിതം വസ്തുതയെ മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. വ്യാസന്റെ പ്രധാന ശിഷ്യനുമായിരുന്നു. ഉഗ്രശ്രവസിനെ സ്വീകരിച്ചിരുത്തിയശേഷം ഒരു സദ്സംഗം

എന്ന രീതിയിൽ കഥ പറയാൻ മുനികൾ അപേക്ഷിച്ചപ്പോൾ ഉഗ്രശ്രവസ് പറഞ്ഞ കഥയായിട്ടാണ് മഹാഭാരതം തുടങ്ങുന്നത്. ഹസ്തിനപുരത്തെ ചക്രവർത്തിയായിരുന്ന ജനമേജയന്റെ സർപ്പയാഗത്തിൽ പങ്കുകൊള്ളാൻ വ്യാസമഹർഷി തന്റെ ശിഷ്യനായ വൈശമ്പായനുമൊരുമിച്ച് അവിടെ ചെന്നുവെന്നും മഹാരാജാവ് വ്യാസമഹർഷിയോട് ഒരു പുണ്യകഥ പറയാനാവശ്യപ്പെട്ടെന്നും അങ്ങനെ വ്യാസന്റെ നിർദ്ദേശപ്രകാരം വൈശമ്പായനൻ മഹാഭാരത കഥ പറഞ്ഞുവെന്നും പറയപ്പെടുന്നു. ആ സമയത്ത് ഉഗ്രശ്രവസ് അവിടെയുണ്ടായിരുന്നുവെന്നും എന്തും ഒരു പ്രാശ്യം കേട്ടാൽ ഓർമ്മയിൽ തങ്ങുന്ന ആളായിരുന്നതു കൊണ്ട് ഓർമ്മിക്കാൻ കഴിയുന്നുവെന്നും പറഞ്ഞ് കഥ പറയാൻ തുടങ്ങി.

സർപ്പയജ്ഞം പകുതിക്കുവെച്ചു നിർത്താൻ, വാസുകിയെന്ന സർപ്പത്തിന്റെ സഹേദരീപുത്രനായ അസ്തികന്റെ ഉപദേശങ്ങൾ ജനമേജയനു പ്രേരണയായി. പാണ്ഡവ വംശത്തിൽ ജനിച്ച ജനമേജയൻ ശ്രേഷ്ഠനാണെന്നും മറ്റും പറഞ്ഞ് ആസ്തികനോട് പാണ്ഡവചരിത്രം പറയണമെന്ന് രാജാവ് ആവശ്യപ്പെട്ടു. അതിനു തന്നേക്കാൾ യോഗ്യത അവിടെ സന്നിഹിതനായിരുന്ന വേദവ്യാസനാണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. ജനമേജയൻ വ്യാസനോട് അപേക്ഷിച്ചു. വ്യാസൻ അടുത്തിരുന്ന വൈശമ്പായനനോട് ഭാരതകഥ പറയാനാവശ്യപ്പെട്ടു. അങ്ങനെ വൈശമ്പായനൻ പറഞ്ഞ കഥയാണ് ഉഗ്രശ്രവസ് വീണ്ടും പറയുന്നതായി മഹാഭാരതം ആരംഭിക്കുന്നത്. അസ്തികൻ സർപ്പരക്ഷകനായി മാറിയതുകൂടി പറഞ്ഞാണ് സൂതൻ കഥ അവസാനിപ്പിക്കുന്നത്. ഇങ്ങനെ കൃഷ്ണന്റെ സ്വർഗ്ഗാരോഹണപ്രാപ്തി മുതലാരംഭിക്കുന്ന കലിയുഗം തന്നെ ആരംഭിച്ചിട്ട് 5000 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. നിഷ്കളങ്കഭക്തിയും സാംസ്കാരിക പൈതൃകവും ആദ്ധ്യാത്മികതയും ജീവിതമൂല്യങ്ങളും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഇന്നും കാലഘട്ടത്തിന്റെ ആവശ്യമായി നിലനില്ക്കുന്നു.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## അറിയിപ്പ്

**നവരാത്രി ആഘോഷത്തിന്റെ സമാപനദിവസമായ ഒക്ടോബർ 19-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് നടക്കുന്ന സമ്മാനദാന ചടങ്ങിൽ വെച്ച് ഉന്നതസ്ഥാനങ്ങളോ, ബഹുമതിയോ, വിദ്യാഭ്യാസമേഖലയിൽ പ്രശസ്ത വിജയം കൈവരിക്കുകയോ ചെയ്തിട്ടുള്ള കരയോഗാംഗങ്ങളേയും അവരുടെ കുടുംബാംഗങ്ങളേയും അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മേൽവിഭാഗത്തിൽപ്പെട്ടവർ സെപ്റ്റംബർ 30-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.00 മണിക്കു മുമ്പായി ആവശ്യമായ രേഖകൾ സഹിതം കരയോഗം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.** ***-ജനറൽ സെക്രട്ടറി***





# സാമൂഹ്യമാധ്യമങ്ങളും ഭാരതീയ സംസ്കാരവും
## ഒരു ചർച്ച

**കെ. എൽ. മോഹനവർമ്മ**

### ഫോൺ ഉപയോഗിക്കാൻ പഠിക്കൂ.

സോഷ്യൽ മീഡിയയെക്കുറിച്ച് കുറ്റം പറയുന്നതും കുട്ടികൾ വഷളാകുന്നതിന് പ്രധാന കാരണം സെൽഫോണും സോഷ്യൽ മീഡിയയുമാണെന്ന് വിലപിക്കുന്നതും ഇന്ന് നമ്മുടെ ഒരു ഫാഷനാണ്. ഇതിലെ തമാശ സോഷ്യൽ മീഡിയായുടെ നെഗറ്റീവ് ഇഫക്ട് വളർത്തുന്നത് ഇന്നു വരെ പുറത്തു വിടാൻ ഇടമില്ലാതിരുന്ന ദുർവാസനകൾക്ക് ലളിതവും ചിലവു തീരെ ഇല്ലാത്തതുമായ കളിയിടം ലഭിച്ച മദ്ധ്യവയസ്കരിൽ നിന്നുമാണ് എന്ന സത്യമാണ്. ഒന്നു ചുറ്റും നോക്കൂ. ഫോണിൽ സോഷ്യൽ മീഡിയായെ വളർത്തുന്ന ഫേസ്ബുക്കും വാട്സ് ആപ്പും കൈകാര്യം ചെയ്യുന്നത് ആരാണ് ? കുട്ടികളല്ല, മുതിർന്നവരാണ്. ആ ആപ്ലിക്കേഷനുകൾക്കപ്പുറം വലിയൊരു ലോകം ഫോണുപയോഗിച്ച് കിട്ടുമെന്ന് നമുക്കറിയാം. പക്ഷെ നാം പഠിക്കാൻ ശ്രമിക്കുകയുമില്ല. കുട്ടികൾ അവിടെയാണ് നമ്മുടെ പോലെ വാട്സാപ്പ് തെറി വിഡ്ഢിത്തം പറച്ചിലല്ല എന്നു നാം മനസ്സിലാക്കണം.

കുറെ നാൾ മുമ്പു വരെ എന്റെ പുസ്തകങ്ങളായിരുന്നു എന്റെ ഹോം ലൈബ്രറി. ഇന്നത് മാറി. അന്വേഷിച്ച് ബുക്ക് സ്റ്റാളിൽ പോകേണ്ട, വാങ്ങാൻ പണം മുടക്കേണ്ട, വയ്ക്കാൻ അലമാരയോ ഷെൽഫോ വേണ്ട. സ്ഥലം മുടക്കുകയില്ല, എപ്പോഴും കൂടെ ഭാരമില്ലാതെ കൊണ്ടു പോകാം പോക്കറ്റിൽ വയ്ക്കാം. പിന്നെ കണ്ണു പിടിക്കുന്നില്ലെങ്കിൽ അക്ഷരം വലുതാക്കാം. കണ്ണിന് വേദന വന്നാൽ ശബ്ദത്തിലാക്കാം. ചെവിയിലേക്ക് മറ്റാരും കേൾക്കാത്തവിധം കണക്ടു ചെയ്യാം. മാത്രമോ? എനിക്കറിയാത്ത ഭാഷകളിലേത് നിമിഷത്തിനകം മൊഴിമാറ്റം നടത്തി എനിക്കറിയാവുന്ന മലയാളത്തിൽ തരും. ഇന്ന് എനിക്ക് രണ്ടര കോടി പുസ്തകങ്ങൾ വിരൽത്തുമ്പിലുണ്ട്. പത്തു നിമിഷം, എനിക്കു വായന തുടങ്ങാം.

സ്മാർട്ട് ഫോൺ ലൈബ്രറി ഒരു മൂലധന നിക്ഷേപമാണ്. സ്വർണ്ണത്തെക്കാളും ഭൂമിയെക്കാളും സുരക്ഷിതമായ, ഓരോ വായനയിലൂടെയും വില കൂടിക്കൊണ്ടിരിക്കുന്ന നിക്ഷേപം. എത്ര ഉപയോഗിച്ചാലും തേയ്മാനം വരാത്ത നിക്ഷേപം. സ്വയം രൂപകല്പന ചെയ്ത സ്വന്തം വീടു പോലെയാണ് സ്വന്തം ഫോണിലെ നാം തെരഞ്ഞെടുക്കുന്ന ആപ്ളിക്കേഷനുകളും ലിംകുകളും. സ്വന്തം സ്വഭാവ വിശേഷത്തെ അവ പ്രതിഫലിപ്പിക്കും. വരും തലമുറ ആവേശത്തോടെയും നന്ദിയോടെയും ഉൾക്കൊള്ളുന്ന പൈതൃക സമ്പത്ത്, ഒരിക്കലും വറ്റാത്ത അറിവിന്റെ നീരുറവ. വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും അവസാനിക്കാത്ത ഖനി, സ്വപ്നങ്ങളുടെ വിളനിലം, ജീവിതത്തിൽ ഏതു രംഗത്തിലെയും കാൽവയ്പിന് ലഭിക്കാവുന്ന ഏറ്റവും വിലപ്പെട്ട മൂലധനം.

എഴുപതു വർഷം മുമ്പ് കേരളത്തിൽ ലൈബ്രറികൾ ഒരു സാമൂഹ്യസാംസ്കാരിക വിപ്ലവത്തിന് നേതൃത്വം നൽകി. നമ്മുടെ സാക്ഷരതയും പുരോഗമന വീക്ഷണവും ഈ ലൈബ്രറി പ്രസ്ഥാനത്തിന് വമ്പിച്ച പുരോഗതി നേടാൻ കളമൊരുക്കി. ഇന്നത് മാറി. സ്മാർട്ട് ഫോൺ അതിലും വലിയ വിപ്ലവം കൊണ്ടു വരികയാണ്. പുസ്തകത്തിൽ മാത്രമല്ല, എല്ലാ തട്ടകങ്ങളിലും.

ഇന്ന് പ്രൊഫഷണലുകളുടെ കാലമാണ്. സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ അകലം കുറഞ്ഞു വരുന്നു. പക്ഷെ ഇത് കഴുത്തറക്കുന്ന മത്സരത്തിന്റെ കാലം കൂടിയാണ്. ഇവിടെ വിജയിക്കണമെങ്കിൽ ആപ്ളിക്കേഷനുകളുമായി രണ്ടു തരം സമവായം വേണം. ഒന്ന്, നമുക്കു വേണ്ടത് ബുദ്ധിപൂർവം തെരഞ്ഞെടുക്കുക. പ്രയോജനമില്ലാത്തതിനു വേണ്ടി സമയം കളയാതിരിക്കുക. രണ്ട്, വിവരവും അറിവും അതിവേഗം ഉൾക്കൊള്ളാനായി ആധുനികശൈലി സ്വായത്തമാക്കുക.

കൂട്ടികളെ ഫോണിൽ നിന്നകറ്റാൻ ശ്രമിക്കുന്നത് ഇനി ആത്മഹത്യാപരമാണ്. കുട്ടികൾക്ക് അവരുടെ ഭാവന ചിറകു വിരിച്ച് വിഹായസ്സിലേക്ക് പറക്കാൻ, അവരുടെ ജീവിതത്തിന് അർത്ഥം കണ്ടു പിടിക്കാൻ, അവരുടെ ടാലന്റ് സ്വയം കണ്ടു പിടിക്കാൻ, അവർക്ക് സ്വപ്നവും യാഥാർത്ഥ്യവും ഭാവി പ്രവചനവും ലഭിക്കാൻ ഫോണിൽ ധാരാളം ഇടമുണ്ട്. പുസ്തകങ്ങളുടെ പത്തിരട്ടി, അതിന് അവരെ സഹായിക്കണം. അവർ നമ്മെക്കാൾ പത്തിരട്ടി വിജയികളാവും.

## പോൾ തേലക്കാട്ട്

സരസ്വതി നാടുവിട്ടോ ?

വാല്മീകി താപസ്സ നദിയിൽ കുളിച്ച് ആരണ്യത്തിൽ അലഞ്ഞതു സർവഗുണ സമ്പന്നനായ മനുഷ്യന്റെ കഥയെഴുതാനാണ്. അതെഴുതാൻ താൻ രാമനാകണം എന്നറിഞ്ഞവൻ. ആരണ്യത്തിൽ കേട്ട വിലാപത്തോടു പ്രതികരിച്ചു ഃ മാനിഷാദ......... എന്നു തുടങ്ങിയ രാമചരിതം ഭാഷയായി പുറത്തേയ്ക്കൊഴുകി - അതിനെ സരസ്വതി എന്നാണു വിശേഷിപ്പിച്ചത്. അതിനർത്ഥം വിശുദ്ധമായ ഭാഷ, ദേവഭാഷ എന്നാണ്. ദേവഭാഷ നാടുവിട്ടോ എന്നു ചോദിക്കേണ്ട ഭാഷണമലീനീകരണത്തിലാണു നാം. അക്രമത്തിന്റെയും തേജോവധത്തിന്റെയും തെറിയുടെയും ഭാഷണം സാമൂഹിക മാധ്യമങ്ങളിലൂടെ പ്രവഹിക്കുന്നു. എന്തു നുണയും എന്തു അസഭ്യവും ആരെയും പറയാം, ആരെയും തേജോവധം നടത്താം എന്ന സ്ഥിതിയിലാണ്. വ്യാജ പേരുകളിൽ ഒളിഞ്ഞിരിക്കുന്നവർ നീലക്കുറുക്കന്റെ കഥ ആവർത്തിക്കുന്നു.

ബൈബിളിലെ ഏശയ്യായുടെ പുസ്തകത്തിൽ താൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ് എന്നു ദൈവസന്നിധിയിൽ സങ്കടപ്പെടുന്നു. സ്വർഗത്തിൽ നിന്നു തീക്കനലെടുത്തു മാലാഖ പ്രവാചകന്റെ നാവിനെ അഗ്നിശുദ്ധി വരുത്തുന്നു. ഇത്തരം അഗ്നിശുദ്ധി അനിവാര്യമായ കാലമാണിത്. അക്രമം ഭാഷയിൽ നിന്നാണു സമൂഹത്തിലേക്കു കവിഞ്ഞൊഴുകുന്നത്. ചിലരുടെ നാവും, ഭാഷയും ശുദ്ധമാക്കാൻ സ്വയം തയ്യാറായില്ലെങ്കിൽ പുതിയ നിയമങ്ങൾ വേണ്ടി വരും. നിയമങ്ങൾ കൂടുന്നതു സാംസ്കാരികാധഃപതനത്തിന്റെ തെളിവു തന്നെ.

## ഡോ. കെ. എസ്. രാധാകൃഷ്ണൻ

മാദ്ധ്യമശൃംഖല തന്നെയാണ് സാമൂഹികമാദ്ധ്യമങ്ങൾ. പക്ഷേ ഇന്ന് ആളുകൾ അതിനെ ഭയപ്പെടുന്നതിന്റെ ഒരു കാരണം ആ മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അഭിലഷണീയമല്ല എന്നുള്ളതുകൊണ്ടാണ്. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം ഒരു പൊതുവേദിയിൽ ഉപയോഗിക്കേണ്ട ഭാഷയുടെ സവിശേഷതകൾ അറിയാതെയാണ് അതിൽ മഹാഭൂരിപക്ഷം പേരും ഭാ ഷ ഉപയോഗിക്കുന്നത് എന്ന ഖേദകരമായ വസ്തുതയാണ്. തീർത്തും അശ്ലീലം എന്ന് വിശേഷിപ്പിക്കാവുന്ന, പച്ച തെറി എന്നു പറയാവുന്ന സാധാരണ ഗതിയിൽ മനുഷ്യന് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന , ശർദ്ദിലുണ്ടാക്കുന്ന തരത്തിലുള്ള ഭാഷകൾ ഈ മാദ്ധ്യമങ്ങളിൽ ഉപയോഗിക്കുന്നവരിൽ ചിലർ എഴുതുന്നുണ്ട് എന്നുള്ളത് തീർച്ചയായിട്ടും ആ മാദ്ധ്യമത്തിനു മാത്രമല്ല നമ്മുടെ പൊതുസമൂഹത്തിനും സ്വീകരിക്കാൻ കഴിയുന്ന ഒന്നല്ല. ആ ഭാഷയിൽ മാറ്റം വരുത്തണം. ഭാഷ അതിലെഴുതുന്നവരാണ് ശ്രദ്ധിക്കേണ്ടത്. എഴുതുന്നവർ ശ്രദ്ധിക്കുന്ന ഭാഷ എന്ന നിലയ്ക്ക് ആ ഭാഷയ്ക്ക് അതിന്റേതായ സവിശേഷതകളും ഉണ്ട്. പക്ഷേ ഇന്നിപ്പം എഴുതുന്നവർ തങ്ങൾ സർവ്വതന്ത്രസ്വതന്ത്രരാണ് എന്ന രീതിയിലാണ് എഴുത്ത്. ഒരാളും സർവ്വതന്ത്രസ്വതന്ത്രരല്ല. ജനാധിപത്യ സംവിധാനത്തിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യം എന്നൊന്നില്ല. നിയന്ത്രിതമല്ലാത്ത സ്വാതന്ത്ര്യമേ ഇല്ല. സ്വാതന്ത്ര്യം നിയന്ത്രിതമല്ലാതായാൽ അത് അരാജകത്വമാവും. അരാജകത്വത്തിൽ സ്വാതന്ത്ര്യമേ ഇല്ല. അതുകൊണ്ട് നിയന്ത്രിതമായ സ്വാതന്ത്ര്യമാണ് ജനാധിപത്യ സംവിധാനത്തിൽ ഏറ്റവും കരണീയമായ സ്വാതന്ത്ര്യം. ആ നിയന്ത്രണം ആരു നടത്തണം എന്ന് ചോദിച്ചു കഴിഞ്ഞാൽ അത് അവനവൻ തന്നെ നടത്തുന്നതാണ് ഉത്തമം. അതുകൊണ്ട് ആത്മനിയന്ത്രണത്തിലൂടെ ഭാഷയും ആശയങ്ങളും പ്രചരിപ്പിക്കുന്നതിനു വേണ്ടി ഈ മാദ്ധ്യമങ്ങളെ ഉപയുക്തമാക്കിയില്ല എന്നുണ്ടെങ്കിൽ വൻ രീതിയിലുള്ള തിരിച്ചടികൾ ഈ മാദ്ധ്യമങ്ങൾ നേരിടേണ്ടി വരും. കാരണം എന്തും പറയാം എന്നു വന്നു കഴിഞ്ഞാൽ അതിനെ നിയന്ത്രിക്കാനുള്ള ബാദ്ധ്യത സർക്കാരിനു വന്നു ചേരും. എഴുതുന്നവൻ നിയന്ത്രിച്ചില്ലെങ്കിൽ സർക്കാർ നിയന്ത്രിക്കേണ്ടി വരും. അങ്ങനെ സർക്കാരിന്റെ ഒരു നിയന്ത്രണം വന്നു





പെട്ടു കഴിഞ്ഞാൽ ആശയങ്ങൾ ആവിഷ്കരിക്കാൻ തന്നെ പിന്നീട് പ്രയാസം നേരിടും. അതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഒരുമിച്ച് ചേർന്ന് ഒരു പെരുമാറ്റച്ചട്ടം സ്വയം രൂപികരിച്ച് അതു പ്രാവർത്തികമാക്കാൻ ശ്രമിക്കണം. അങ്ങനെ ശ്രമിച്ചില്ലെങ്കിൽ നമുക്ക് നഷ്ടപ്പെടുന്നത് വിലപ്പെട്ട ഈ മാദ്ധ്യമം തന്നെയായിരിക്കും. എന്തായാലും ഇന്നത്തെ രീതിയിൽ ഈ മാദ്ധ്യമത്തിനെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ശക്തമായ പ്രതിഷേധം നമ്മുടെ സമൂഹത്തിൽ നിന്നുണ്ടാകേണ്ടിയിരിക്കുന്നു.

## പ്രൊഫ. എം. കെ. സാനുമാസ്റ്റർ

എല്ലാ കാലത്തും സ്വാതന്ത്ര്യം എന്ന മുറവിളി ജനങ്ങൾ ഉയർത്തുന്നത് കേൾക്കാൻ കഴിയും. സ്വാതന്ത്ര്യമെന്നതിന് നിശ്ചിതമായ നിർവ്വചനം ആരും നല്കാറുമില്ല. നല്കാൻ പ്രയാസവുമാണ്. ഒരർത്ഥത്തിൽ നമ്മുടെ അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാൽ ആ നിർവ്വചനത്തിലേക്ക് എത്താൻ കഴിയും എന്നാണ് എനിക്ക് തോന്നുന്നത്. ഒന്ന് നാം സമൂഹത്തിലാണ് ജനിക്കുന്നത്. ഞാൻ ശൂന്യതയിലല്ല ജനിച്ചത്, ഞാൻ എന്റെ അച്ഛന്റെയും അമ്മയുടെയും കുട്ടിയായിട്ടു ജനിച്ചു. ഒരു കുടുംബത്തിൽ ജനിച്ചു. ആ കുടുംബം ഒരു സമുദായത്തിലെ ഘടകമാണ്, ആ സമുദായത്തിലെ അംഗമാണ്. ആ സമുദായം വിശാലമായ മനുഷ്യസമുദായത്തിന്റെ ഘടകമാണ്. ഈ അർത്ഥത്തിൽ അതിനുള്ളിൽ നില്ക്കുന്ന, അതിനോട് ചുമതല പുലർത്തുന്ന ഒരു പരിധിക്കുള്ളിൽ മാത്രമേ എനിക്കു സ്വാതന്ത്ര്യമുള്ളു എന്ന് ആദ്യമായി ഞാൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഭാഷയും നമ്മുടെ വ്യക്തിയുടേതല്ല, സമൂഹത്തിന്റേതാണ്. സമൂഹമില്ലെങ്കിൽ നമുക്കു ഭാഷയുടെ ആവശ്യം തന്നെയില്ല. ഇപ്പോൾ ഭാഷയിൽ തന്നെ സഭ്യം ഏത് അസഭ്യം ഏത് എന്നതിനെപ്പറ്റി നമുക്ക് സങ്കല്പങ്ങളുണ്ട്. ആ സങ്കല്പം എല്ലാ കാലത്തും മാനിക്കേണ്ട ബാദ്ധ്യത ഓരോ ധീഷണശാലിക്കും ഓരോ വൈഭവശാലിക്കും ആവശ്യമുണ്ട്. പ്രതിഭ സ്വാതന്ത്ര്യമാണ് എന്നും പറയാറുണ്ട്. സ്വാതന്ത്രമുണ്ട് തീർച്ചയായിട്ടും. പക്ഷേ ആ സ്വാതന്ത്ര്യം ഈ സഭ്യേതരജനകമായ മേഖലയിലേക്ക് വ്യാപിപ്പിക്കുകയല്ല, അതിലൊതുക്കി നിർത്തുകയാണ് രചനാത്മകമായ ഗുണമായി മാറുന്നത്. ആ അർത്ഥത്തിൽ ഇന്നു നാം കാണുന്ന സമൂഹ്യമാദ്ധ്യമങ്ങൾ ഈ സ്വാതന്ത്ര്യത്തെ ലംഘിക്കുന്നതായിട്ടാണ് ഞാൻ പലപ്പോഴും നിരീക്ഷിച്ചിട്ടുള്ളത്. ആ ലംഘനത്തിനെതിരെ ജനങ്ങളുടെ കൂട്ടായ ശബ്ദം ഉയരുകയും സംസ്കാരത്തിന്റെ നിയന്ത്രണത്തിനു വേണ്ടിയുള്ള ശക്തമായ വാദം ശക്തി പ്രാപിക്കുകയും ചെയ്താൽ ഇത് നിയന്ത്രിക്കാൻ നമുക്കു സാധിക്കും. അങ്ങനെയല്ലാതെ ഇന്നപകടത്തിലെത്തിയിരിക്കുന്ന നമ്മുടെ സംസ്കാരം നമുക്കു രക്ഷിക്കാൻ സാധിക്കില്ല എന്നു ഞാൻ കരുതുന്നു.

## ശ്രീകുമാരി രാമചന്ദ്രൻ

വിവരസാങ്കേതിക മേഖലയിലെ വിപ്ലവകരമായ കുതിച്ചു ചാട്ടങ്ങൾക്കു മുമ്പിൽ നാം അമ്പരന്നു പോയ ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അതല്ല സ്ഥിതി. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ലോകത്തിനൊപ്പം നിൽക്കാൻ ഒരു പക്ഷെ ലോകത്തോടു മത്സരിക്കാൻ തക്ക കെൽപ്പുള്ളവരായി നാം വളർന്നു കഴിഞ്ഞു. ഇന്റർനെറ്റും മൊബൈൽ ഫോണുമില്ലാതെ ജീവിച്ച മുൻതലമുറയെ നാമിന്നു പുച്ഛിക്കുന്നു. ലോകത്തെ വിരൽതുമ്പുകൊണ്ട് തൊട്ടറിയാമെന്ന അഹന്തയിൽ നമ്മൾ സ്വന്തം പൈതൃകത്തെയും പാരമ്പര്യത്തെയുമൊക്കെ മറന്നുപോയോ എന്നതാണ് ഇപ്പോഴത്തെ ആശങ്ക ! ലക്കു തെറ്റിയ ഒരു തലമുറയ്ക്ക് കയ്യിൽ കിട്ടിയ ആയുധങ്ങളാണോ ഇന്റർനെറ്റും മൊബൈൽഫോണും എന്ന് പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. സമൂഹമാദ്ധ്യമങ്ങൾ സജീവമായതോടെ ലോകവിവരങ്ങൾ അപ്പപ്പോൾ അറിയാം. പ്രതികരിക്കാം ! അനുകൂലമായോ പ്രതികൂലമായോ പ്രതികരിക്കാം. അതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. പക്ഷെ പ്രതികരണത്തിന്റെ ഭാഷ സഭ്യതയുടെ അതിർവരമ്പുകൾ ഭേദിക്കുമ്പോൾ ഹനിക്കപ്പെടുന്നത് ഒരു സംസ്കാരമാണെന്ന സത്യം നാം വിസ്മരിച്ചു പോകുന്നു. മതവും രാഷ്ട്രീയവും തലയ്ക്കു പിടിക്കുമ്പോൾ നമ്മൾ നമ്മളല്ലാതാവുന്നു. സമൂഹമാദ്ധ്യമങ്ങളിലെ പല പോസ്റ്റുകളും നമ്മിൽ ആശങ്ക വളർത്തുന്നുണ്ട്. വാക്കുകളിലൂടെ വിദ്വേഷത്തിന്റെ തീ തുപ്പുമ്പോൾ സമൂഹത്തിന്റെ ഭദ്രത അപകടത്തിലാവുകയാണെന്ന സത്യം മറക്കുകയാണോ, മറന്നതായി നടിക്കുകയാണോ നമ്മൾ! അശ്ലീലത്തിന്റെ ദുർഗന്ധം വമിക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് വ്യഭിചാരത്തിനു തുല്യമാണെന്നു തിരിച്ചറിയാനുള്ള വിവേകമില്ലേ നമുക്ക്. ഒരു വീണ്ടു വിചാരം, സമയം വൈകിയിട്ടില്ല തെറ്റു പറ്റിയെന്നു മനസ്സിലായാൽ എത്രയും വേഗം തി

രുത്തുന്നതല്ലേ ഉചിതം !

## ഇ. എൻ. നന്ദകുമാർ

മാദ്ധ്യമങ്ങൾ പൊതുവെയും സാമൂഹ്യമാദ്ധ്യമങ്ങൾ പ്രത്യേകിച്ചും ഇന്നു വലിയ ചർച്ചാവിഷയമാണ്. പലപ്പോഴും അവ പരസ്പരം ചർച്ചാവിഷയമാകാറുമുണ്ട്. ദൃശ്യ - അച്ചടി മാദ്ധ്യമങ്ങൾക്ക് ഭരണാധികാരികൾ വലിയ സ്ഥാനമാണ് കല്പിച്ചു നല്കിയിരിക്കുന്നത്. വാർത്തകളുടെ ഉറവിടം ആരെയും ബോധ്യപ്പെടുത്താൻ ബാധ്യസ്ഥരല്ല. അടുത്ത കാലത്ത് പ്രധാനമന്ത്രിയും കേരള മുഖ്യമന്ത്രിയും ഇതിലെ ചില പാഠഭേദങ്ങൾ വരുത്തിയിട്ടുണ്ട് എന്നത് ശരിയാണ്. ആദ്യവാർത്താകാരനെന്നു വിശേഷിപ്പിക്കാവുന്ന നാരദമഹർഷിക്ക് ഏതു സഭയിലും അനുവാദമില്ലാതെ പ്രവേശിക്കാമായിരുന്നു. കണ്ടതും കേട്ടതും സമൂഹ ഉത്കർഷത്തിനായി പ്രചരിപ്പിക്കാമായിരുന്നു. ചുരുക്കത്തിൽ മാധ്യമങ്ങൾ അനിവാര്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എന്നാൽ അന്തി ചർച്ചക്കാര് കോടതികളാണെന്ന് സ്വയം ധരിച്ചുവശാകുമ്പോളാണ് പ്രശ്നം ഗുരുതരമാകുന്നത്. ചുരുങ്ങിയ സമയത്തിനകം പ്രതികളെ കണ്ടെത്തി ശിക്ഷ വിധിക്കാനുള്ള ചില മാധ്യമങ്ങളുടെ കഴിവ് അപാരം തന്നെ. ജുഗുപ്സാവഹമെന്നു പറഞ്ഞാൽ അതു തെറ്റാവില്ല.

സാമൂഹ്യമാധ്യമം ഇവരുടെ ഇളയസഹോദരൻ തന്നെയാണ്. ഗുണദോഷങ്ങൾ സമ്മിശ്രവുമാണ്. ഇന്നൊരു വിവരം പൊതുസമൂഹത്തിനറിയാനും ചർച്ച ആകാനും ഇവർ വഹിക്കുന്ന പങ്ക് ചെറുതല്ല. മുൻവിധികളുമായി എഡിറ്റർമാരും മറ്റും കത്രിക വയ്ക്കാനും വരില്ല. ആ നിലയ്ക്ക് സർവ്വത്ര സ്വാതന്ത്ര്യം അനുഭവിക്കുന്ന ഇടമാണ് സാമൂഹ്യമാധ്യമങ്ങൾ. മറ്റു മാധ്യമങ്ങളിലെ ചർച്ചയ്ക്ക് മടിക്കുന്ന വിഷയങ്ങൾ വിശിഷ്യാ യുവജനങ്ങൾ നിമിഷങ്ങൾക്കകം വാട്സ് ആപ്പ്, ഫേസ്ബുക്ക്, എന്നിവ വഴി പൊതുചർച്ചയ്ക്ക് വിധേയമാക്കുന്നു. അട്ടപ്പാടിയിലെ മധുവും, വരാപ്പുഴയിലെ ശ്രീജിത്തും, കോട്ടയത്തെ കെവിനും ദൗർഭാഗ്യകരമെങ്കിലും - ഇതിന്റെ ഗുണഭോക്താക്കളാണ്. എന്നാൽ പൊതുസമൂഹത്തെ വഴിതെറ്റിക്കുന്നതിൽ ഇതിൽ ചിലർ വഹിക്കുന്ന പങ്കും കാണാതിരുന്നു കൂടാ. ടിറ്റർ, ബ്ലോഗ് തുടങ്ങിയവയിലെ എഴുത്തുകാർ കുറച്ചുകൂടി ആഢ്യന്മാരാണ്. ചിന്തകർ, എഴുത്തുകാർ എന്നിവർ ബ്ലോഗ് എഴുത്തിൽ വിദഗ്ദ്ധരാണ്. ഏതു നവസംവിധാനവും ആദ്യം എതിർപ്പിനു വിധേയമാകും. തുടർന്ന് എങ്ങിനെ ഭാവാത്മകമായി വിനിയോഗിക്കാം എന്നതാണ് അതിന്റെ വിധി നിശ്ചയിക്കുന്നത്.

## ടി. പി.എം. ഇബ്രാഹിംഖാൻ

നിത്യജീവിതത്തിൽ സോഷ്യൽ മീഡിയ ഇന്ന് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നമ്മുടെ സംസ്കാരത്തെ അനുകൂലമായും പ്രതികൂലമായും പല തരത്തിലും സോഷ്യൽ മീഡിയ സ്വാധീനിക്കുന്നുണ്ട്. നമുക്കു നേരിട്ടു പരിചയം പോലുമില്ലാത്ത ഒത്തിരി ആളുകളുമായി പരിചയപ്പെടുന്നതിനും പല വിധത്തിലുള്ള ആശയവിനിമയം നടത്തുന്നതിനും സമൂഹത്തിൽ നടക്കുന്ന ഓരോ കാര്യങ്ങൾ അപ്പപ്പോൾ തന്നെ അറിയുവാനും പ്രതികരിക്കുവാനും സോഷ്യൽ മീഡിയ വളരെയധികം സഹായിക്കുന്നു. ഫേസ് ബുക്ക്, വാട്സ്ആപ്പ് മുതലായ ആധുനിക നെറ്റ്വർക്ക് ഉപയോഗിക്കാത്ത ആളുകൾ ഇന്ന് വളരെ വിരളമാണ്. എല്ലാ വിവരങ്ങളും ഒരു മൊബൈൽ ഫോണിലൂടെ കിട്ടുമെന്ന അവസ്ഥ വന്നപ്പോൾ നമ്മുടെ കുട്ടികളുടെ വായനാശീലം പോലും ഇല്ലാതായി. കുഞ്ഞുണ്ണിമാഷ് പറഞ്ഞ വരികൾ ആണ് ഓർമ്മ വരുന്നത്.

‘വായിച്ചാലും വളരും - വായിച്ചില്ലെങ്കിലും വളരും

വായിച്ചാൽ വിളയും - വായിച്ചില്ലെങ്കിൽ വളയും’

ഇതാണ് നമ്മുടെ പുതിയ തലമുറയുടെ അവസ്ഥ. സോഷ്യൽ മീഡിയ മറ്റു പല രാജ്യങ്ങളിലുമുള്ള സുഹൃത്തുക്കളുമായി ബന്ധം സ്ഥാപിക്കുവാനും ആശയവിനിമയം നടത്താനും ഉള്ള ഒരു വലിയ അവസരമാണ് ഇന്ന് സൃഷ്ടിച്ചിരിക്കുന്നത്. പക്ഷേ ഇതോടൊപ്പം തന്നെ സോഷ്യൽ മീഡിയ നമ്മുടെ ജീവിതത്തിൽ വളരെ പ്രതികൂലമായും ബാധിക്കുന്നുണ്ട്. കുടുംബ ബന്ധങ്ങളെപ്പോലും വളരെ പ്രതികൂലമായി ബാധിക്കുന്ന രീതിയിലാണ് സോഷ്യൽ മീഡിയയുടെ വളർച്ച. മാതാപിതാക്കളും കുട്ടികളും തമ്മിൽ ഉള്ള ബന്ധം തീൻമേശയിൽ മാത്രം ഒതുങ്ങി കൂടുന്ന ഒരു കാഴ്ചയാണ് നാം ഇന്നു കാണുന്നത്. ആർക്കും ആരോടും സംസാരിക്കുവാൻ സമയമില്ല. അത്യാവശ്യ കാര്യങ്ങളിൽ ആശയവിനിമയം നടത്തുന്നതിനു പോലും വാട്സ് അപ്പ് മതിയെന്നായി.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 19 (1) (a) അനുവദിച്ചു തന്നിരിക്കുന്ന ആവിഷ്കാര സ്വാതന്ത്ര്യം മറ്റുള്ളവരുടെ ജീവിതത്തിലേക്കോ സ്വകാര്യതയിലേക്കോ നുഴഞ്ഞു കയറാനുള്ള ഒരു അധികാരമല്ല. വിവരസാങ്കേതിക വിദ്യയിലൂടെ വരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ഇന്ത്യൻ ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 നിലവിലുണ്ട്. IT Act ലെ 66A വകുപ്പ് സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ തടയുന്നത് ലക്ഷ്യമാക്കിക്കൊണ്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ പീനൽ കോഡിന്റെ 499, 500 തുടങ്ങിയ വകുപ്പുകളും സൈബർ കുറ്റകൃത്യങ്ങളെ നിയന്ത്രിക്കുന്നു.

ചുരുക്കത്തിൽ സോഷ്യൽ മീഡിയ അനുകൂലമായും പ്രതികൂലമായും മനുഷ്യ ജീവിതത്തേയും സംസ്കാരത്തേയും സ്വാധീനിക്കുന്നുണ്ട്. ഇതിന്റെ നല്ല വശങ്ങളെ മനസ്സിലാക്കി നമ്മുടെ സംസ്കാരത്തെ മുറുകെപ്പിടിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് നമുക്കൊന്നായി മുന്നിട്ടിറങ്ങാം.

## പ്രൊഫ. കെ. അരവിന്ദാക്ഷൻ

ജനങ്ങളെ ഒരുമിച്ച് നിർത്താനുള്ള ശക്തമായൊരു പൊതു ചർച്ചാവേദിയാണ് സാമൂഹ്യ മാധ്യമങ്ങൾ അഥവാ സോഷ്യൽ മീഡിയ. പൊതു ജനാഭിപ്രായ രൂപീകരണത്തിനു മാത്രമല്ല, കേന്ദ്ര സംസ്ഥാന പ്രാദേശിക ജനാധിപത്യ ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യാനും, അവയെ സൃഷ്ടിപരവും നീതിയുക്തവുമായ വിമർശനത്തിന്റെ മുൾമുനയിൽ നിർത്താനും ഇത്തരം ഭരണകൂടങ്ങളുടെ പ്രത്യയ ശാസ്ത്ര രാഷ്ട്രീയ നിറങ്ങളും, നിലപാടുകളും പരിഗണിക്കാതെ, അവയുടെ ജനദ്രോഹ നടപടികളെ അപലപിക്കാനും, അതിൽ നിന്നൊക്കെ അവയെ പിൻതിരിപ്പിക്കാനും പര്യാപ്തമായ തിരുത്തൽ ശക്തികളെന്ന നിലയിൽ ഒരു പോസിറ്റീവ് റോൾ തന്നെയാണ് സോഷ്യൽ മീഡിയക്ക് നിർവ്വഹിക്കാനുള്ളത്. ഇതൊക്കെ ചെയ്യുമ്പോൾ തന്നെ, സമൂഹത്തിന്റെയും, ജനതയുടേയും, രാജ്യത്തിന്റെ ആകെ തന്നെയുമുള്ള നന്മക്കായി നിലകൊള്ളാനും ഇവർക്കു കഴിയും, കഴിയണം. സാമൂഹ്യ മാദ്ധ്യമങ്ങളുടെ ദുരുപയോഗം സമൂഹത്തെ ഒന്നിപ്പിക്കുന്നതിനുപകരം, ഭിന്നിപ്പിക്കുന്നിതിലേക്കായിരിക്കും നയിക്കുക എന്നതിരിച്ചറിവാണ് കാലഘട്ടത്തിന്റെ അനിവാര്യത. രാജ്യത്തിന്റേയും വിവിധ സംസ്ഥാനങ്ങളുടേയും പുരോഗതിക്കും , ജനക്ഷേമത്തിനും ഹാനികരമായി വർത്തിക്കുമെന്നുറപ്പുള്ള അക്രമവാസനകളേയും , ആൾക്കൂട്ട കൊലപാതകങ്ങളേയും, ഒരു പരിഷ്കൃത സമൂഹത്തിന് ഒരിക്കലും വെച്ചു പൊറുപ്പിക്കാൻ കഴിയുന്നതല്ല. ഇത്തരം അതിക്രമങ്ങളും കൊലപാതകങ്ങളും രാഷ്ട്രീയത്തിന്റെ പേരിലായാലും, മത, ജാതി, പ്രാദേശിക വൈജാത്യങ്ങളുടെ പേരിലായാലും സാമൂഹ്യമാധ്യമങ്ങളെ അതിനു കരുക്കളാക്കുന്നത് ഭാരതീയ സംസ്ക്കാരത്തിന് ഒരിക്കലും അനുയോജ്യമല്ല. നിരപരാധികളായ മനുഷ്യർക്കിടയിൽ അനാവശ്യമായ ഭീതി പരത്തി അവരെ തമ്മിൽ ഭിന്നിപ്പിക്കാനും, വ്യാജ പ്രചരണത്തിലുടെ അക്രത്തിന്റേയും, അസ്യസ്ഥതയുടേയും അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും സാമൂഹ്യ മാദ്ധ്യമങ്ങൾ വിനിയോഗിക്കപ്പെടരുത്.

അഹിംസയുടേയും, സഹിഷ്ണുതയുടേയും നാടായി വിശേഷിക്കപ്പെട്ടിരുന്ന ഭാരതം, അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരായ നിലപാടെടുക്കുന്നവരെയെല്ലാം സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചരണങ്ങൾക്ക് വിധേയരാക്കുകയും അവരെ വ്യക്തിഹത്യക്കു മാത്രമല്ല , ഉന്മൂലനത്തിലേക്കുവരെക്കൊണ്ടെത്തിക്കുയും ചെയ്യുന്ന അനുഭവങ്ങൾ നമുക്കുണ്ട്. ഇത്തരം വ്യാജ പ്രചരണങ്ങൾക്കായി സാമൂഹ്യ മാദ്ധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നവരുടെ കൂട്ടത്തിൽ തീവ്ര വലതുപക്ഷ സംഘടനകളോടൊപ്പം ഇടതു തീവ്രവാദി വിഭാഗങ്ങളുമുണ്ട് എന്നതാണ് വിചിത്രമായ വസ്തുത. ഇരുകൂട്ടരും സാമൂഹ്യ സംഘർഷങ്ങൾക്കാണ്, സാമൂഹ്യ സമാധാനത്തിനല്ല ഇടയാക്കുന്നത്. സാമൂഹ്യമാദ്ധ്യമങ്ങളുടെ ഹാനികരമായ ഇത്തരം വിനിയോഗത്തെ ചെറുത്ത് തോൽപ്പിക്കുക തന്നെ വേണം. ഇതിലേക്കായി നിയമനിർമ്മാണം കൊണ്ടു മാത്രം കഴിയുമെന്നു തോന്നുന്നില്ല. നിയമങ്ങളുടെ അഭാവമോ , അപര്യാപ്തയോ മാത്രമല്ല ഇന്നത്തെ ഈ ദുസ്ഥിതിക്കു കാരണം. നിയമ വാഴ്ചയോടുള്ള ആത്മാർത്ഥമായ സമീപനമാണ് , കമ്മിറ്റ്മെന്റാണ് ഇതിലേറെ പ്രധാനം ഇതുണ്ടാവേണ്ടത് മനുഷ്യ മനസ്സിൽ നിന്നാണ് . മനുഷ്യന്റെ സാംസ്ക്കാരിക അവബോധത്തിൽ നിന്നാണ് ഈ വിധത്തിലൊരു അവബോധം സൃഷ്ടിക്കുകയും സംപുഷ്ടമാക്കുകയും ചെയ്യാനാണ് സാമൂഹ്യ മാധ്യമം എന്ന പൊതുവേദി പരിശ്രമിക്കേണ്ടത്. സാമൂഹ്യാന്തരീക്ഷത്തിൽ വെറുപ്പും, വിദ്വേഷവും വ്യാപിപ്പിക്കുക എന്നതല്ല ഇതിനുള്ള മാർഗ്ഗം. നന്മയിലൂന്നിയുള്ള സുന്ദരമായ ഈ മാർഗ്ഗം തുറക്കുന്നത് നിശ്ചയമായും തുറക്കേണ്ടതും, സാക്ഷരകേരളത്തിൽ നിന്നുതന്നെയാവട്ടെ.

## എം. ആർ. രാജേന്ദ്രൻ നായർ

മാധ്യമങ്ങൾ അറിവു പങ്കിടാനും നമ്മുടെ കഴി

വുകൾ വികസിപ്പിച്ച് സമൂഹത്തിനു നന്മ ചെയ്യാനും അനന്ത സാദ്ധ്യതകൾ പ്രദാനം ചെയ്യുന്ന ഉപാധിയാണ്. ഏറ്റവും കൂടുതൽ സദ്ഫലങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സംവിധാനം ഏറ്റവും അധികം വിനാശകരമായും കൈകാര്യം ചെയ്യാൻ കഴിയുന്നു എന്നതാണ് സത്വമതികളെ ആശങ്കാകുലരാക്കുന്നത്.

സമൂഹമാധ്യമങ്ങളുടെ സ്വാർത്ഥപരമായ അമിതോപയോഗം കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം വളരെ കുറയുവാൻ ഇടയാക്കുന്നു. അത് സ്വാഭാവികമായും കുടുംബ ബന്ധങ്ങൾ ശിഥിലമാക്കുന്നു. ഒറ്റപ്പെട്ടു പോകുന്ന യുവാക്കൾ ക്രമേണ മദ്യലഹരിക്കും മയക്കുമരുന്നിനും അടിമപ്പെടുന്നു. ആത്മഹത്യ അല്ലെങ്കിൽ കൊലപാതകത്തിലെത്തുന്ന പല ശിഥില ബന്ധങ്ങളുടേയും പ്രഭവകേന്ദ്രം സമൂഹമാദ്ധ്യമങ്ങളുടെ ദുരുപയോഗം ആണെന്നത് സർവ്വവിദിതമായ യാഥാർത്ഥ്യം മാത്രം. സാമൂഹ്യ മാധ്യമങ്ങൾക്ക് അടിമയായ ഭാര്യയിൽ നിന്നു മോചനം തേടി കോടതിയിൽ പോകുന്ന ഭർത്താവും, ഭർത്താവിൽ നിന്നും മോചനം തേടുന്ന ഭാര്യയും സമകാലിക പ്രതിഭാസങ്ങളാണ്.

ദോഷങ്ങളെക്കാൾ ഏറെ ഗുണകരമായി സാമൂഹ്യ മാധ്യമങ്ങൾ പ്രയോജനപ്പെടുന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ബാധിച്ച പ്രകൃതിക്ഷോഭവും, പ്രളയക്കെടുതിയും ഫലപ്രദമായി നേരിടുന്നതിന് ജനങ്ങളാകെ രംഗത്തിറങ്ങി അക്ഷീണം വിജയകരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നേർക്കാഴ്ച. മാദ്ധ്യമങ്ങളിലൂടെ മത്സരിച്ച് ആശയവിനിമയം നടത്തി സന്മനസ്സുകളെ തിരിച്ചറിഞ്ഞ് വിഭവങ്ങൾ കണ്ടെത്തി അർഹരായവർക്ക് എത്തിച്ചു നൽകാൻ വ്യക്തികളും സംഘടനകളും അക്ഷരാർത്ഥത്തിൽ മത്സരിക്കുകയാണ്.

ഇതു ശുഭോദർക്കമാണ്.

അലസരും, അപകടകാരികളുമെന്ന് എഴുതിത്തള്ളപ്പെട്ടിരുന്ന യുവതലമുറ ഉണർന്നു പ്രവർത്തിക്കുന്നു. സേവനം ജീവിത സാഫല്യമെന്ന മുദ്രാവാക്യം എങ്ങും മാറ്റൊലി കൊള്ളുന്നു. വ്യത്യസ്ഥ രാഷ്ട്രീയ, മത വിശ്വാസമുള്ളവർ കാരുണ്യത്തിന്റെ ഉറവിടങ്ങളായി മനുഷ്യസ്നേഹത്തിന്റെ മഹാസാഗരങ്ങളായി മാറുന്നു.

ആരും ആവശ്യപ്പെടാതെ എവിടെ, ആർക്ക്, എന്താണ് വേണ്ടത് എന്നന്വേഷിച്ച് വിഭവങ്ങളും സാന്ത്വനവും പരിചരണവും എവിടെയും മത്സരബുദ്ധ്യാ നല്കുന്ന ഒരു ജനകീയ സൗഹൃദം വളർന്നു വരുന്നു. പ്രളയജലം നമുക്ക് സമ്മാനിച്ച നിർബന്ധിത സമത്വ ഭാവന തളിരിട്ടു വളർന്ന് വേരൂന്നണം.

അതിനുവേണ്ടി നമ്മുടെ ഫേസ്ബുക്കും, വാട്സ് അപ്പും, മെസഞ്ചറും എല്ലാം ഉപയോഗിക്കാം. അശ്ലീല വീഡിയോകൾ തള്ളാനും, അപകീർത്തികരവും, രാജ്യദ്രോഹപരവും, വർഗ്ഗീയ വിഷം വമിക്കുന്നതുമായ വാർത്തകളും വീക്ഷണങ്ങളും പ്രചരിപ്പിക്കുന്നത് നമുക്ക് ബോധപൂർവ്വം ഒഴിവാക്കാം.

മുതിർന്ന പൗരന്മാരും,പുതിയ തലമുറയും തമ്മിലുള്ള ഐതിഹാസികമായ വിടവ് ഒരു കടങ്കഥയാക്കി മാറ്റാം. ഒരു നവലോകസൃഷ്ടിക്കായി അണി ചേരാം.

## വിശേഷ ദിവസങ്ങൾ

### 2018 സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 17 വരെ

| | | |
|---|---|---|
| സെപ്റ്റംബർ | 17 | വിശ്വകർമ്മ ദിനം |
| | 21 | ശ്രീനാരായണഗുരു സമാധി ദിനം |
| | 27 | അമൃതാനന്ദമയി ജന്മദിനം |
| ഒക്ടോബർ | 2 | ഗാന്ധിജയന്തി |
| | 5 | ആമേട ആയില്യം തൊഴൽ |
| | 10 | കരയോഗം നവരാത്രി ആരംഭം |
| | 17 | ദുർഗ്ഗാഷ്ടമി |





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 25**

രാധാകാമുക താവകാധരസുധാസ്വാദത്തിനാൽ
സർവ്വലോ-
കാധാരം തവപാദപത്മമെളുതായ് പ്രാപിച്ചു
ഗോപീജനം
ഹാ ധന്യൻ പുരവൈരിയും ത്രിജഗതാമാരാദ്ധ്യ
നായ് ഭിന്നതാ-
ബോധം പോവതിനംഗസംഗമിവനും നാഥാ
കനിഞ്ഞേകണേ

**ശ്ലോകാർത്ഥം :**

അല്ലയോ രാധയുടെ കാമുക, അവിടുത്തെ ചുണ്ടിലെ അമൃതം ആസ്വദിച്ചതുകൊണ്ട്, എല്ലാ ലോകങ്ങളുടെയും നിലനില്പിനു കാരണമായ അവിടുത്തെ കാലടികളാകുന്ന താമരയിൽ , ഇടയന്മാർ വളരെ എളുപ്പത്തിൽ ചെന്നു ചേർന്നു. ഹാ! സംതൃപ്തനായ ശിവൻ പോലും മൂന്നു ലോകങ്ങളാലും ആരാധിക്കപ്പെടുന്നവനായി തീർന്നു. പലതാണെന്ന ബോധം ഇല്ലാതാക്കുന്നതിന് അംഗവുമായുള്ള ബന്ധം ഇവനും കനിവോടുകൂടി തരണേ. കാത്തു രക്ഷിക്കുന്നവനേ.

**വ്യാഖ്യാ :**

ആദ്യ ശ്ലോകത്തിൽ, ശൗരേ എന്ന് വിളിച്ച കവി അവതാര കൃഷ്ണനെത്തന്നെയാണുദ്ദേശിച്ചത്. എങ്കിലും ശൂര : ശൗരി ജനേശ്വര, എന്ന സഹസ്രനാമ വിവരണം കൊണ്ട് അതു സാക്ഷാൽ മണിപുരനിവാസിയായ വിഷ്ണു ഭഗവാനും ചേരും. അതുകൊണ്ട് അവിടെത്തന്നെ, ആ പാദസ്പർശമേറ്റ പൊടി മൂർദ്ധാവിൽ ധരിച്ച്, ബ്രഹ്മാവ് സൃഷ്ടിയും ആ അംഘ്രിദ്വയത്തിൽ തന്നെ ആസക്തനായി ശിവൻ വിശ്വസംഹാരതാണ്ഡവമാടലും നടത്തുന്നു എന്നും പറഞ്ഞു വച്ചു. അതാണാ പദദ്വയത്തിന്റെ വിശേഷം. സ്വന്തം സ്ഥിതികർമ്മത്തിനു പുറമേ, ബ്രഹ്മാവിന്റെ സൃഷ്ടികർമ്മത്തിനും, ശിവന്റെ സംഹാരകർമ്മത്തിനും , കാരണമാവുക വഴി സർവ്വലോകാധാരം ആണ് ആ അംഘ്രിദ്വയം എന്നിവിടെ പറയുന്നു. പലരും ആ പാദപത്മങ്ങളിൽ ചേരാൻ പല വഴികളാണ് കാണുന്നത്. രാജയോഗം, കർമ്മയോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നിങ്ങനെ ഈ ശ്ലോകത്തിൽ ഭക്തിയും പ്രേമവും ലയിക്കുന്നതു വിവരിക്കുന്നു. കവി സ്വയം ഹരിയുടെ കാമുകനാവുന്നു. അത് ഭക്തന്മാർക്ക് പതിവാണ്. 'ആത്മഗുരുമന്ത്രദേവതാനാമൈക്യം വിഭാവ്യ' എന്ന പ്രമാണമനുസരിച്ച്, താന്ത്രികോപാസനയിൽ ഉപാസകൻ സ്വയം ദേവതയായി മാറും. ഇവിടെ രാധാകാമുക...അംഗസംഗമിവനും....ഏകണേ എന്ന പ്രാർത്ഥനയിൽ, കവി ഭഗവാനേ, രാധക്കുമാത്രമെന്ത്, എനിക്കും.... എന്നു പറഞ്ഞ് കൃഷ്ണന്റെ കാമുകിയായി മാറുന്നു. /രാധാകാമുക, രാധികാകരധരം (ശ്ലോകം. 5), ഹേ രാധേശ (ശ്ലോകം 9), ഹേ രാധേശ (ശ്ലോകം 17) എന്നിങ്ങിനെ പല ശ്ലോകങ്ങളിലും, കവി കൃഷ്ണനെ രാധാകാമുകനായി വിശേഷിപ്പിക്കാനുള്ള ഉത്സാഹം പ്രകടിപ്പിച്ചു കഴിഞ്ഞു. കാരണവും വ്യക്തം. താന്ത്രിക പഞ്ചമം പ്രത്യക്ഷമായി ആസ്വദിച്ചിരുന്നത് കൃഷ്ണൻ രാധയോടൊപ്പമായിരുന്നു. ജയദേവൻ അഷ്ടപദിയിൽ ഇവരുടെ മാരോത്സവം വളരെ വിസ്തരിച്ചിരിക്കുന്നു. /താവകാധരസുധ. അവിടുത്തെ കീഴ്ച്ചുണ്ടിന്റെ അമൃത്. രത്യാരംഭം കീഴ്ച്ചുണ്ടിലാണെന്നത് കാമുകർക്ക് സുവിദിതം. മാരാസ്വാദനവിമുഖയെപ്പോലും ഉത്സുകയാക്കാൻ കീഴ്ച്ചുണ്ടിന്റെ പാനം ശക്തമത്രേ. സുധ, പാനാധിക്യം കൊണ്ട് മോദാധിക്യത്തിലൂടെ ആനന്ദാതിരേകം തരുന്നതാണ്. തുടക്കത്തിലുള്ള സുഖത്തെക്കാൾ കോടി മടങ്ങാണ് മൂർച്ചയിൽ. അതുകൊണ്ടു തന്നെ അധരത്തെ, സുധയോടുപമിച്ചത് ഉചിതം തന്നെ. രതിമൂർച്ചയിൽ, രണ്ടാളും, ശരീരവും മനസ്സും ആത്മാവും ഒന്നായി അനംഗരാവുന്നു. അംഗങ്ങളുടെ ചേർച്ചയുടെ പരമാതിരേകം.

ആസ്വാദം, ആസ്വദിക്കൽ, സ്വാദിനെ അങ്ങേയറ്റം വരെ അനുഭവിക്കൽ. അതിനാൽ അങ്ങനെയുള്ള ആസ്വദിക്കലിലൂടെ,/ സർവ്വലോകാധാരം തവപാദപത്മം. ഇവിടെ മുൻപേ വിവരിച്ചു എങ്ങനെ ആ പാദയുഗളം സർവ്വലോകാധാരമാവുന്നുവെന്ന് . അവ പത്മങ്ങളാണ്. മൃദുലതയ്ക്ക് നിദാനം. ബ്രഹ്മാത്മകമായ സഹസ്രാരം പത്മം. അവിടെ നിന്നുത്ഭവിച്ച്, മൂലാധാരത്തിൽ, സൃഷ്ടി സ്ഥിരമാകുന്നതും പത്മത്തിൽ. സൃഷ്ടികർത്താവ് കാരണവും സൃഷ്ടി കാര്യവുമാകുമ്പോൾ, കാര്യം കാരണത്തിൽ അന്തർലീനവുമാകുമ്പോൾ, ആ സൃഷ്ടികർത്താവിനു കാരണമായ പത്മം തന്നെ 'സർവ്വലോകാധാരം'. എളുതായ് വളരെ എളുപ്പത്തിൽ. ഭക്തന് ആ പാദപത്മങ്ങൾ പ്രാപിക്കാൻ ഇതിലും എളുപ്പമായൊരു വഴിയില്ല തന്നെ. പ്രാപിച്ചു, ലക്ഷ്യത്തിൽ

ചെന്ന് ഒന്നായി ചേർന്നു. ഗോപീജനം, പശുക്കളെ മേക്കുന്ന വർഗ്ഗം മുഴുവനും. ജനം പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും ഉപയോഗിക്കാമെങ്കിലും ഗോപീ സ്ത്രീലിംഗമായതുകൊണ്ട് ഇവിടെ ഇടയസ്ത്രീകളെ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. എന്നു മാത്രമല്ല, ഗോപീ ജനങ്ങൾ മുഴുവനും രാധയുടെ കാമുകന്റെ അധര സുധയാണ് ആസ്വദിക്കുന്നതെന്നതുകൊണ്ട്, ആ അധരസുധ ഏതു ഭക്തനും ലഭ്യമത്രേ. / ധന്യൻ, സംതൃപ്തൻ. ഏറ്റവും കൃതാർത്ഥൻ, ഇനിയൊന്നും നേടാനില്ലാത്ത അവസ്ഥയിലെത്തിയവൻ./പുരവൈ രി, ശിവൻ, ത്രിപുരവൈരി, ത്രിപുരാസുരൻ സ്വർ ണ്ണ, വെള്ളി, ചെമ്പുകളിൽ തീർത്ത സ്വർഗ്ഗ, ഭൂമി, പാതാളാദി ത്രിപുരങ്ങൾ ഒന്നിച്ച് ദഹിപ്പിച്ചവൻ. ത്രിജഗതാമാരാദ്ധ്യനായ്. മൂന്നു ലോകങ്ങൾക്കും ആരാധ്യനായി. അവിടുത്തെ പാദങ്ങളിലാണ് ശിവൻ താണ്ഡവലീലയാടി വിലസിക്കുന്നത്. അല്ലെങ്കിൽ വംശി (ഓടക്കുഴൽ) ആയി രൂപമെടുത്തപ്പോഴും ആ അധരസുധ ആസ്വദിക്കുകയുണ്ടായല്ലോ. അത്രയു മല്ല, മോഹിനീവേഷധാരിയായി വന്ന ഹരിയുടെ അധരസുധയും ഹരൻ ആസ്വദിക്കുകയുണ്ടായി. ഭിന്നതാബോധം. പലതെന്ന അറിവ്. പ്രാപഞ്ചിക വ്യവഹാരത്തിലെ കെട്ടുപാട്. സംസാരസാഗരത്തി ലെ മുങ്ങിത്താഴൽ. / പോവതിന് . അതില്ലാതാക്കി, ഏകത്വജ്ഞാനം, സച്ചിദാനന്ദസ്വരൂപാവബോധം ജനിപ്പിക്കുന്നതിന്. / അംഗസംഗം. അവിടുത്തെ അധരപാനത്തിന് സംഗം എന്നു പറഞ്ഞതുകൊണ്ട്, എല്ലാ വിധത്തിലുള്ള ഗമനം എന്നർത്ഥമെടുത്ത് , സംഭോഗം എന്നു വ്യാഖ്യാനിക്കാം. ഇവിടെ കവി സ്വയം രാധയാവുകയാണ്. അതുകൊണ്ടു തന്നെയാ യിരിക്കണം, 'ഗോപീജനം' എന്ന പ്രയോഗത്തിലൂടെ സർവ്വദേവ വർഗ്ഗങ്ങളെയും (കൃഷ്ണോപനിഷത് : എല്ലാ ദേവവർഗ്ഗങ്ങളും, ഓരോരോ രൂപമെടുത്ത് വൃന്ദാവനത്തിൽ അവതരിച്ചു ) കൂടി അധരസുധാ സ്വാദനത്തിൽ ഏർപ്പെടുത്തിയപ്പോഴും, രാധാകാമുക എന്നു തന്നെ കൃഷ്ണനെ സംബോധന ചെയ്തത്. / നാഥാ. രക്ഷകനേ, ഭർത്താവേ എന്ന അർത്ഥം ദ്യോതിപ്പിച്ച്, വീണ്ടും കവി സ്വന്തം കൃഷ്ണകാമൂ കീ ഭാവം വ്യഞ്ജിപ്പിക്കുന്നു. / കനിഞ്ഞേകണേ. ഏറ്റവും മനസ്സലിവോടെ നൽകണേ.

## എറണാകുളം ശിവക്ഷേത്രവിശേഷദിവസങ്ങൾ

### പ്രദോഷം

| | | |
|---|---|---|
| 07.01.1194 | 23.08.2018 | വ്യാഴാഴ്ച |
| 22.01.1194 | 07.9.2018 | വെള്ളിയാഴ്ച |
| 06.02.1194 | 22.09.2018 | ശനിയാഴ്ച |
| 20.02.1194 | 06.10.2018 | ശനിയാഴ്ച |
| 05.03.1194 | 22.10.2018 | തിങ്കളാഴ്ച |
| 19.03.1194 | 05.11.2018 | തിങ്കളാഴ്ച |
| 04.04.1194 | 20.11.2018 | ചൊവ്വാഴ്ച |
| 18.04.1194 | 04.12.2018 | ചൊവ്വാഴ്ച |
| 05.05.1194 | 20.12.2018 | വ്യാഴാഴ്ച |
| 19.05.1194 | 03.01.2019 | വ്യാഴാഴ്ച |
| 04.06.1194 | 18.01.2019 | വെള്ളിയാഴ്ച |
| 19.06.1194 | 02.02.2019 | ശനിയാഴ്ച |
| 05.07.1194 | 17.02.2019 | ഞായറാഴ്ച |
| 19.07.1194 | 03.03.2019 | ഞായറാഴ്ച |
| 04.08.1194 | 18.03.2019 | തിങ്കളാഴ്ച |
| 19.08.1194 | 02.04.2019 | ചൊവ്വാഴ്ച |
| 03.09.1194 | 17.04.2019 | ബുധനാഴ്ച |
| 18.09.1194 | 02.05.2019 | വ്യാഴാഴ്ച |
| 02.10.1194 | 16.05.2019 | വ്യാഴാഴ്ച |
| 17.10.1194 | 31.05.2019 | വെള്ളിയാഴ്ച |
| 31.10.1194 | 14.06.2019 | വെള്ളിയാഴ്ച |
| 15.11.1194 | 30.06.2019 | ഞായറാഴ്ച |
| 29.11.1194 | 14.07.2019 | ഞായറാഴ്ച |
| 13.12.1194 | 29.07.2019 | തിങ്കളാഴ്ച |
| 27.12.1194 | 12.08.2019 | തിങ്കളാഴ്ച |
| 12.01.1195 | 28.08.2019 | ബുധനാഴ്ച |
| 26.01.1195 | 11.09.2019 | ബുധനാഴ്ച |

### ആയില്യം

| | | |
|---|---|---|
| 23.01.1194 | 08.09.2018 | ശനിയാഴ്ച |
| 19.02.1194 | 05.10.2018 | വെള്ളിയാഴ്ച |
| 15.03.1194 | 01.11.2018 | വ്യാഴാഴ്ച |
| 12.04.1194 | 28.11.2018 | ബുധനാഴ്ച |
| 11.05.1194 | 26.12.2018 | ബുധനാഴ്ച |
| 08.06.1194 | 22.01.2019 | ചൊവ്വാഴ്ച |
| 07.07.1194 | 19.02.2019 | ചൊവ്വാഴ്ച |
| 04.08.1194 | 18.03.2019 | തിങ്കളാഴ്ച |
| 31.08.1194 | 14.04.2019 | ഞായറാഴ്ച |
| 28.09.1194 | 12.05.2019 | ഞായറാഴ്ച |
| 25.10.1194 | 08.06.2019 | ശനിയാഴ്ച |
| 20.11.1194 | 05.07.2019 | വെള്ളിയാഴ്ച |
| 17.12.1194 | 02.08.2019 | വെള്ളിയാഴ്ച |
| 13.01.1195 | 29.08.2019 | വ്യാഴാഴ്ച |

### ഉത്സവങ്ങൾ

| | | | |
|---|---|---|---|
| തിരുവാതിര | 08.05.1194 | 23.12.2018 | ഞായറാഴ്ച |
| ധ്വജ പ്രതിഷ്ഠാദിനം | 22.06.1194 | 05.02.2019 | ചൊവ്വാഴ്ച |
| കൊടികയറ്റം | 28.05.1194 | 12.01.2019 | ശനിയാഴ്ച |
| ഉത്സവ ബലി | 03.06.1194 | 17.01.2019 | വ്യാഴാഴ്ച |
| വലിയ വിളക്ക് പകൽപൂരം | 04.06.1194 | 18.01.2019 | വെള്ളിയാഴ്ച |
| ആറാട്ട് | 05.06.1194 | 19.01.2019 | ശനിയാഴ്ച |
| ശിവരാത്രി | 20.07.1194 | 04.03.2019 | തിങ്കളാഴ്ച |





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

ജന്മനാ കിട്ടുന്ന സിദ്ധിയും പരിശ്രമിച്ചു നേടുന്ന സിദ്ധിയും ആണ് യഥാക്രമം ഭവപ്രത്യയവും ഉപായപ്രത്യയവും. ഉപായ പ്രത്യയർക്ക് തീവ്രമായ സംവേഗമുണ്ടായാൽ ഫലം ആസന്നമാണെന്നും കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു. ഇനിയും ഇവർക്കുണ്ടാകാവുന്ന പുരോഗതി അടുത്ത സൂത്രത്തിൽ പറയുന്നു.

22. മൃദുമദ്ധ്യാധിമാത്രത്വാത് തതോപി വിശേഷ ഃ

മൃദു, മധ്യം, അധിമാത്രം ഇവയാൽ വിശേഷം കൂടും.

തീവ്രസംവേഗന് സമാധി - ഫലങ്ങൾ ആസന്നമാണെന്നാണ് മുമ്പ് പറഞ്ഞത്. ഇവരിൽ മൂന്നു വിഭാഗം കൂടി ഇവിടെ ചേർക്കുന്നു. മൃദുതീവ്ര സംവേഗൻ. മധ്യതീവ്ര സംവേഗൻ, അധിമാത്രതീവ്ര സംവേഗൻ എന്നിങ്ങനെ. ഫലവും വ്യത്യസ്തമാവും. ആസന്നം, ആസന്നതരം, ആസന്നതമം.

'ദുർഗം പഥസ്തത് കവയോ വദന്തി' എന്ന് കഠോപനിഷത്ത് മുന്നറിയിപ്പു തരുന്നുണ്ട്. വഴി ദുർഗമമാണെന്ന്.

നാഥമുനി യോഗരഹസ്യത്തിൽ പറയുന്നു.

യസ്യ യാവാംശ്ച വിശ്വാസ:

തസ്യ താവത് ഫലം ഭവേത്.

വിശ്വാസത്തിന്റെ തീവ്രതക്കനുസരിച്ചാണ് ഫലമെന്നർത്ഥം. ശാസ്ത്രത്തിലും ഉപായത്തിലും ശ്രദ്ധയും വിശ്വാസവും വേണം. ഇതെന്നെ രക്ഷിക്കും എന്നുറപ്പിക്കണം. യോഗം ചിത്തവൃത്തികളുടെ നിരോധമാണ് എന്ന് ആദ്യമേ പറഞ്ഞു വെച്ചു. വൈരാഗ്യവും അഭ്യാസ (ക്രിയാ പദ്ധതി) വുമാണ് . അത് സാധിക്കാനുള്ള മാർഗ്ഗമെന്നും . ഈ അഭ്യാസവൈരാഗ്യങ്ങളെ മൃദു - മധ്യ -അധിമാത്രങ്ങളായി വിഭജിച്ചാൽ ഒൻപതു തരം കിട്ടും. മൃദുവൈരാഗ്യം+ മൃദു അഭ്യാസം, മൃദു വൈരാഗ്യം + മധ്യ അഭ്യാസം, മൃദുവൈരാഗ്യം + അധിമാത്ര അഭ്യാസം / മധ്യ വൈരാഗ്യം + മൃദു അഭ്യാസം, മധ്യ വൈരാഗ്യം + മധ്യ അഭ്യാസം, മധ്യവൈരാഗ്യം + അധിമാത്ര അഭ്യാസം / അധിമാത്ര വൈരാഗ്യം + മൃദുഅഭ്യാസം,അധിമാത്ര വൈരാഗ്യം+ മധ്യഅഭ്യാസം, അധിമാത്രവൈരാഗ്യം + അധിമാത്ര അഭ്യാസം എന്നിങ്ങനെ. സാധകനെ തീവ്ര സാധകനാക്കുക എന്നതു തന്നെ ഉദ്ദേശം.

അഭ്യാസം എന്നത് ക്രിയാത്മകമാണ്. ഭാവാത്മകമാണ്. അതു തന്നെ അനുഷ്ഠാനമാവും. ശ്രദ്ധയും ഭക്തിയും വിശ്വാസവും കൂടുമ്പോൾ. പതഞ്ജലിയുടെ അഷ്ടാംഗങ്ങളിലും അഭ്യാസം വേണമെങ്കിലും പ്രത്യാഹാരം (ഇന്ദ്രിയങ്ങളെ ഉള്ളിലടക്കൽ) ധാരണ, ധ്യാനം, സമാധി, എന്നീ അംഗങ്ങൾ കൂടുതലും ത്യാഗാത്മകമാണ്, വൈരാഗ്യാത്മകമാണ്, ആന്തരിക യാത്രയാണ്. എന്നാൽ യമനിയമാസന പ്രാണായാമങ്ങൾ ബാഹ്യപരിശ്രമം ആവശ്യപ്പെടുന്നവയാണ്. അവ സൂര്യനാഡീ പ്രധാനമാണ്. 'ഹ' കാര സൂചിതമാണ്. എന്നാൽ മറ്റു നാലംഗങ്ങൾ ആന്തരികമാണ്. ചന്ദ്രനാഡീ പ്രധാനമാണ്. 'ഠ'കാര സൂചിതവുമാണ്. അഭ്യാസ വൈരാഗ്യങ്ങൾ ചേരുമ്പോൾ ഹ-ഠങ്ങൾ ഒന്നിക്കുമ്പോൾ, സൂര്യ സോമനാഡികൾ മേളിക്കുമ്പോൾ അത് യോഗ സാധനയായി തീരുന്നു. അവ പരസ്പരാശ്രിതങ്ങളും പരസ്പര പൂരകങ്ങളുമാണ്. വൈരാഗ്യമില്ലാത്ത അഭ്യാസം സാധകന്റെ ആത്മനിയന്ത്രണം ഇല്ലാതാക്കും. അഭ്യാസമില്ലാത്ത വൈരാഗ്യം മുരടിപ്പിലേക്കും വഴിവെക്കും. താമസ പ്രകൃതിയെ രാജസമാക്കാൻ ബഹിരംഗങ്ങൾ സഹായിക്കും, സത്വത്തിലേക്ക് നയിക്കാൻ അന്തരംഗങ്ങളും . ഇവ രണ്ടും അധിമാത്രവും തീവ്രവുമാകുമ്പോൾ ലക്ഷ്യം ആസന്നമാകുന്നു.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# കേരളത്തിലെ പ്രളയ ദുരിതാശ്വാസത്തിന് എറണാകുളം കരയോഗം നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് സഹായം നല്കിയവരുടെ പേരുവിവരം.

1. ശ്രീമതി.ശ്വേത മോഹൻദാസ് - 50,000/-
2. ശ്രീമതി. രാജം ആർ. മേനോൻ - 50,000/-
3. ജി.ഡി.ഫാർമസ്യൂട്ടിക്കൽസ് - 50,000/-
4. ശ്രീ.ദേബാശിഷ് ദത്ത - 50,000/-
5. ഡോ.എം.ഗംഗാധരൻ - 25,000/-
6. ശ്രീ.ഗോവിന്ദ് രാമചന്ദ്രൻ - 25,000/-
7. ശ്രീ.ഹരി നായർ - 25,000/-
8. ശ്രീമതി.മാലതി.ജി.മേനോൻ - 25,000/-
9. ശ്രീ.പി.ഈപ്പൻ ജോസഫ് - 25,000/-
10. ചൈത്രം - 21,001/-
11. ശ്രീമതി.വിജയലക്ഷ്മി.കെ - 20,000/-
12. ഡോ.പി.നന്ദകുമാർ - 20,000/-
13. ശ്രീമതി.ലിയ മറിയം തോമസ് - 16,852/-
14. ശ്രീമതി.രോഹിണി.ആർ.നായർ - 15,000/-
15. ശ്രീ.രാമചന്ദ്രവാര്യർ.എൽ.ആർ. - 15,000/-
16. ശ്രീ.ഗോപാലകൃഷ്ണൻ.സി.പി. - 15,000/-
17. കരയോഗം സ്റ്റാഫ് - 10,500/-
18. ശ്രീമതി.ശൈലജ നന്ദകുമാർ - 10,000/-
19. സമത ചാരിറ്റബിൾ ട്രസ്റ്റ് - 10,000/-
20. ശ്രീ.ഗോവിന്ദൻകുട്ടി.കെ. - 10,000/-
21. ശ്രീ.വി.പി.ജി.മാരാർ - 10,000/-
22. ശ്രീമതി. ശ്യാമള - 10,000/-
23. അഡ്വ.പി.സുരേഷ് - 10,000/-
24. ശ്രീ.ദേവിദാസ് മണ്ണത്താഴത്ത് - 10,000/-
25. ശ്രീമതി. ലീല ശ്രീനിവാസൻ - 10,000/-
26. ശ്രീമതി.പൊന്നമ്മ - 10,000/-
27. ശ്രീ.പ്രമോദ് രമേഷ് - 10,000/-
28. ശ്രീ.സി.കൃഷ്ണമൂർത്തി - 10,000/-
29. ശ്രീ.കൃഷ്ണദാസ് മേനോൻ - 10,000/-
30. ശ്രീ.ജെൻസൺ സെബാസ്റ്റ്യൻ - 10,000/-
31. ശ്രീ.രഘുനന്ദനൻ പി.& ശ്രീമതി.പ്രസന്ന.കെ.പി. - 10,000/-
32. ശ്രീ. ബി.എം.ജേക്കബ്ബ് - 10,000/-
33. ഡോ.ഹൃദയനാഥൻ സി. - 10000/-
34. ശ്രീമതി. ഇന്ദിര ഗോപാലകൃഷ്ണൻ - 10,000/-
35. ശ്രീമതി.ദേവി രവീന്ദ്രൻ - 6000/-
36. ശ്രീ.സതീഷ്.കെ - 6000/-
37. ശ്രീ. സജീവ്കുമാർ - 6000/-
38. അഭ്യുദയകാംക്ഷി - 5001/-
39. ശ്രീ.കെ.ജനാർദ്ദനൻ - 5000/-
40. എൽഡർ സിറ്റിസൺസ് ഫോറം - 5000/-
41. ഡോ.കെ.കെ.ചന്ദ്രശേഖരൻ നായർ - 5000/-
42. ശ്രീ.ടി.എ.മേനോൻ - 5000/-
43. ശ്രീ.ജി.കെ.കുറുപ്പ് - 5000/-
44. അഭ്യുദയകാംക്ഷി - 5000/-
45. ശ്രീ.അനിൽ.കെ.നായർ - 5000/-
46. ശ്രീ.എ.ആർ. ഉണ്ണിക്കൃഷ്ണൻ - 5000/-
47. ശ്രീമതി. കൃഷ്ണകുമാരി - 5000/-
48. ശ്രീമതി.രാധിക ജി.എൻ. - 5000/-
49. ശ്രീ. സുരേന്ദ്രൻ.പി. - 5000/-
50. ശ്രീ.അമ്പാടി കൃഷ്ണമേനോൻ - 5000/-
51. പ്രൊഫ.കെ.അരവിന്ദാക്ഷൻ - 5000/-
52. ശ്രീ. എൽ.എൻ.സേതുമാധവൻ - 5000/-
53. ശ്രീ.ജയൻ - 5000/-
54. അഡ്വ.എ.ബാലഗോപാലൻ - 5000/-
55. ശ്രീ.ശ്യാം.കെ.മേനോൻ - 5000/-
56. ശ്രീ.രവീന്ദ്രൻ.എ - 5000/-
57. ശ്രീ. മോഹൻദാസ് മേനോൻ - 5000/-
58. ശ്രീ. ജി.മാധവൻ നായർ - 5000/-
59. ശ്രീ.സൂരജ് ചന്ദ്രശേഖർ - 5000/-
60. ശ്രീ.പങ്കജ് മേനോൻ - 5000/-
61. ശ്രീ. നന്ദകുമാർ എ.എൻ - 5000/-
62. ശ്രീമതി.ഗിരിജ - 5000/-
63. ശ്രീമതി.മാലിനി മുല്ലോത്ത് - 5000/-
64. അഭ്യുദയകാംക്ഷി - 5000/-
65. ശ്രീ.വേണുഗോപാൽ - 5000/-
66. ശ്രീമതി. സരസ്വതി - 5000/-
67. ശ്രീ.ഹരീഷ് ഗണേഷ് - 5000/-
68. ശ്രീ.എം.പി.പിള്ള - 5000/-
69. കെ.പ്രഭാകരൻ - 5000/-
70. ശ്രീ.മോഹൻദാസ് - 4000/-
71. ശ്രീ.നീലകണ്ഠൻ - 4000/-
72. ശ്രീ.ജയറാം - 3000/-
73. ശ്രീ. എൻ.എസ്.സുരേഷ് - 3000/-
74. ശ്രീ. വേണുഗോപാൽ.ഒ. - 3000/-
75. ശ്രീ.കെ.പി.കെ.മേനോൻ - 3000/-
76. ശ്രീ.കെ.ടി.മോഹനൻ - 3000/-
77. ശ്രീമതി. മാലതി.പി. - 3000/-
78. ശ്രീ.കെ.ബി.ജലേഷ് - 2500/-
79. ശ്രീ. ഹരിഹരൻ.കെ. - 2500/-
80. ശ്രീ.കെ.സി.അശോക് കുമാർ - 2000/-
81. ശ്രീമതി.ലീന - 2000/-
82. ശ്രീമതി.ശ്യാമ - 2000/-
83. ശ്രീമതി.ജ്യോതി പ്രസാദ് - 2000/-
84. ശ്രീമതി.സുനില കോശി - 2000/-
85. ശ്രീമതി.രാജശ്രീ സേതുനാഥ് - 2000/-
86. ശ്രീമതി.ആൻസി ഇഗ്നേഷ്യസ് - 2000/-
87. ശ്രീ.തങ്കച്ചൻ - 2000/-
88. ശ്രീ.എ.രാജഗോപാൽ - 2000/-
89. ശ്രീ.ദയേഷ് - 2000/-
90. ശ്രീ.ഹരീന്ദ്രൻ നായർ എം.ആർ. - 2000/-
91. ശ്രീമതി. ആശ പ്രമോദ് - 2000/-
92. ശ്രീമതി.റാണി സുബൈർ - 2000/-
93. ശ്രീ.പി.ബാലചന്ദ്രൻ - 2000/-





94. ശ്രീമതി.ജയ - 2000/-
95. ശ്രീമതി.പി.സുജാത - 2000/-
96. ശ്രീ.വിജയൻ മേനോൻ - 2000/-
97. ശ്രീ.ബാലകൃഷ്ണൻ - 2000/-
98. ശ്രീ.ഹരിഹരമേനോൻ.എ.ജി. - 2000/-
99. ശ്രീ.ടി.സരോജിനി - 2000/-
100. ശ്രീ.എൻ.പരമേശ്വരൻ - 2000/-
101. ശ്രീ.കെ.കൃഷ്ണൻ & ശ്രീമതി.ജയ കൃഷ്ണൻ - 2000/-
102. അഡ്വ.ടി. ശിവദാസൻ നായർ - 2000/-
103. ശ്രീമതി.സുഭദ്ര പണിക്കർ - 2000/-
104. ശ്രീ.ബാലകൃഷ്ണപിള്ള എം.എസ്. - 1500/-
105. ശ്രീ.കർമ്മചന്ദ്രൻ - 1001/-
106. ശ്രീമതി.രത്നം - 1001/-
107. ശ്രീമതി.സുധ നന്ദകുമാർ - 1001/-
108. ശ്രീ. അജിത് കുമാർ - 1000/-
109. ശ്രീമതി.സുനില പിള്ള - 1000/-
110. ശ്രീമതി.ശശികല ദേവിദാസ് - 1000/-
111. ശ്രീമതി. ശ്രീകല ചന്ദ്രൻ - 1000/-
112. ശ്രീമതി. സി.ചന്ദ്രിക - 1000/-
113. ശ്രീ. ശ്രീകുമാർ - 1000/-
114. ശ്രീമതി. രാധാലക്ഷ്മി മോഹൻ - 1000/-
115. ശ്രീമതി. വത്സല പി.പി. - 1000/-
116. ശ്രീമതി.ലക്ഷ്മി മോഹൻ - 1000/-
117. ശ്രീമതി.രജനി വർഗ്ഗീസ് - 1000/-
118. ശ്രീമതി.സുധ കൃഷ്ണകുമാർ - 1000/-
119. ഡോ. പാർവ്വതി.എ. - 1000/-
120. ഡോ. സുജിത് ഹർഷൻ - 1000/-
121. ഡോ. മനോജ് - 1000/-
122. ഡോ. റാണി വിനോദ് - 1000/-
123. ശ്രീ.കെ.പി.ജയറാം - 1000/-
124. ജസ്റ്റിസ് ആർ. ഭാസ്ക്കരൻ - 1000/-
125. ശ്രീമതി.ഇന്ദിര സോമൻ - 1000/-
126. ശ്രീമതി.വിജയലക്ഷ്മി എം. - 1000/-
127. ഡോ. രാം മോഹൻ - 1000/-
128. ശ്രീമതി. ദീപ രവിശങ്കർ - 1000/-
129. ശ്രീമതി.ഗൗരി.പി. - 1000/-
130. ശ്രീ.പി.രാമചന്ദ്രൻ (വേണു) - 1000/-
131. ശ്രീമതി.പൊന്നമ്മ - 1000/-
132. ശ്രീമതി. സുജാത വിജയകുമാർ - 1000/-
133. ശ്രീമതി.പൂർണ്ണിമ മോഹൻകുമാർ - 1000/-
134. ശ്രീ.പി.ആർ.പ്രഭാകരൻ നായർ - 1000/-
135. ശ്രീ.കെ.രാജഗോപാൽ - 1000/-
136. ശ്രീ.കെ.രാമചന്ദ്രൻ നായർ - 1000/-
137. ശ്രീ.ശ്യാംകുമാർ.എസ്. - 1000/-
138. ശ്രീമതി.സതിദേവി - 1000/-
139. ശ്രീ.മുരളീധരൻ - 1000/-
140. ശ്രീമതി.ശാന്തകുമാരി - 1000/-
141. ഡോ.ഹരിശങ്കർ - 1000/-
142. ശ്രീ.പി.ഗിരിജാവല്ലഭൻ - 1000/-
143. ശ്രീ.ശ്രീവല്ലഭൻ നായർ.എം. - 1000/-
144. ശ്രീമതി.ശൈലജ മേനോൻ - 1000/-
145. ശ്രീ.ജി.രാംമോഹനൻ നായർ - 1000/-
146. ശ്രീമതി.ഗീത രാംകുമാർ - 1000/-
147. ശ്രീമതി.കെ.ഭവാനി - 1000/-
148. ശ്രീ.ജയശങ്കർ.എം. - 1000/-
149. ശ്രീ.രവി.കുറ്റിക്കാട് - 1000/-
150. ശ്രീ.കൃഷ്ണകുമാർ.ടി. - 1000/-
151. അഭ്യുദയകാംക്ഷി - 1000/-
152. ശ്രീ.പി.ഹരികുമാർ - 1000/-
153. ശ്രീമതി. ദേവി.കെ.ദാസ് - 1000/-
154. ശ്രീമതി.പ്രീതി പ്രഭാകരൻ - 1000/-
155. ശ്രീ. തിരുത്തിപ്പിള്ളി ശങ്കരൻ - 1000/-
156. ശ്രീമതി.സരോജിനി മേനോൻ - 1000/-
157. ശ്രീ. സുരേഷ്കുമാർ വി.പി. - 1000/-
158. ശ്രീമതി.കല്പകവല്ലി അമ്മ - 1000/-
159. ശ്രീ.രാജേന്ദ്രകുമാർ.എം. - 1000/-
160. ശ്രീ. പന്തിയിൽ ഗോപാൽ - 501/-
161. ശ്രീമതി.വിജയലക്ഷ്മി രാധാകൃഷ്ണൻ - 500/-
162. ശ്രീമതി.രാജലക്ഷ്മി - 500/-
163. ശ്രീമതി.ലളിത ഗോപാലകൃഷ്ണൻ - 500/-
164. ശ്രീമതി.ശ്രീദേവി പി.എസ്. - 500/-
165. ശ്രീമതി.വിജയലക്ഷ്മി.എസ് - 500/-
166. ശ്രീമതി.സുമതി പ്രസന്നകുമാർ - 500/-
167. ശ്രീമതി.ശാന്ത രാമൻകുട്ടി - 500/-
168. ശ്രീമതി.സരസ്വതി വേണുഗോപാൽ - 500/-
169. ശ്രീമതി. ഭവാനി - 500/-
170. ശ്രീ. സി.എസ്.വി.നായർ - 500/-
171. ശ്രീ.ഗോപി. ഇ.കെ. - 500/-
172. ശ്രീമതി.വിജയലക്ഷ്മി - 500/-
173. ശ്രീമതി.ചന്ദ്രിക പി.പി. - 500/-
174. ശ്രീ.ശങ്കരൻ നായർ എം.എൻ - 500/-
175. ശ്രീ.ഗോവിന്ദ്.പി.മേനോൻ - 500/-
176. ശ്രീമതി.ആനന്ദവല്ലി പിള്ള - 500/-
177. ശ്രീ.കെ.എൻ.ആർ.നായർ - 500/-
178. ശ്രീമതി.ശോഭ എസ്. - 300/-
179. ശ്രീമതി.സന്ധ്യാറാണി നായർ - 200/-

പ്രളയക്കെടുതി അനുഭവിച്ച വിവിധ ക്യാമ്പുകളിലെ ജനങ്ങൾക്ക് വസ്ത്രം, പായ, പുതപ്പ്, ഭക്ഷണം,മരുന്ന് തുടങ്ങി വിവിധ അവശ്യ സാധനങ്ങൾ, വടുതല സെന്റ് പീറ്റേഴ്സ് സ്ക്കൂൾ, പറവൂർ എസ്.എൻ.സ്ക്കൂൾ, എളമക്കര സരസ്വതി വിദ്യാലയ, നോർത്ത് സെന്റ് അഗസ്റ്റിൻ സ്ക്കൂൾ, മണപ്പാട്ടി പറമ്പ് അംഗൻവാടി, ചേരാനല്ലൂർ അൽ ഫറൂക്ക സ്ക്കൂൾ, ഇൻഫാൽക്കോ, പാതാളം, എംഇഎസ് സ്ക്കൂൾ, പാതാളം, കേന്ദ്രീയ വിദ്യാലയ, ഗാന്ധിനഗർ, ഉദയ കോളനി, ഗാന്ധിനഗർ, ഗവ. ഹയർസെക്കൻഡറി സ്ക്കൂൾ, എളമക്കര, സെന്റ് ആൽബർട്ട് കോളേജ്, എറണാകുളം, ചിൻമയ വിദ്യാലയ എറണാകുളം, കടമക്കുടി ക്യാമ്പ്, എൻഎസ്എസ് കരയോഗം നമ്പർ 812, കൈതാരം, പറവൂർ, എന്നിവിടങ്ങളിൽ എത്തിച്ചുകൊടുത്തു. കൂടാതെ 17 മുതൽ 23 വരെ ആലങ്ങാട്, വൈപ്പിൻ, ചെറായി, മുളന്തുരുത്തി, ചോറ്റാനിക്കര, ചെല്ലാനം എന്നീ ക്യാമ്പുകളിൽ ആവശ്യാനുസരണം 2500 പേർക്ക് ദിവസവും ഉച്ചഭക്ഷണം നൽകുകയുണ്ടായി. ശ്രീ.സുഹാസ് IAS, ആലപ്പുഴ ജില്ലാ കളക്ടർ, ശ്രീ.ബി.എസ്.തിരുമേനി, കോട്ടയം ജില്ലാ കളക്ടർ എന്നിവരുടെ അഭ്യർത്ഥനപ്രകാരം വിവിധ അവശ്യ സാധനങ്ങൾ ക്യാമ്പുകളിൽ എത്തിച്ചു.

# ഓണം ഒളിമങ്ങുന്ന ഈണങ്ങളിലൂടെ

പ്രൊഫ. അംബുജാക്ഷി. പി. ഫോൺ : 9447577652

ആനമലപ്പളുങ്കൊളിയാറ്റിൽ മുങ്ങിക്കുളിച്ച് , ചന്ദനപ്പൊട്ടു തൊട്ട് താരകപ്പൂങ്കാവു വഴി മാമല നാട്ടിലേക്ക് ഇറങ്ങി വരുന്ന ഓണ നിലാവ് പഴമക്കാർക്ക് ഗൃഹാതുരത്വവും പുതുതലമുറയ്ക്ക് കേട്ടു കേൾവിയും മാത്രം. ശ്രാവണത്തിന്റെ തദ്ഭവമാണ് ഓണമെന്നും, ശ്രമണപദം ബുദ്ധമതവുമായി ബന്ധപ്പെട്ടതാണെന്നും, ശ്രീബുദ്ധൻ സന്യാസിമാർക്ക് ദാനം ചെയ്ത മഞ്ഞവസ്ത്രമാണ് ഓണക്കോടിയുടെ പൂർവ്വരൂപമെന്നുമൊക്കെ അഭിപ്രായമുണ്ട്. എന്തൊക്കെയായാലും കേരളജനതയുടെ പഴം പാട്ടുകളിൽ ഇന്നും നിറഞ്ഞു നില്ക്കുന്നത് മാവേലിത്തമ്പുരാൻ തന്നെ. ഓണത്തിന് നെല്ലുപുഴുങ്ങാനൊരുങ്ങുന്ന നാടൻപെണ്ണുങ്ങളുടെ ഈ വെപ്രാളം കണ്ടോളൂ.

അങ്ങനമണിമാരേ ഓണമിങ്ങടുത്തല്ലോ
അത്തത്തിപ്പത്തൊന്നല്ലേ പഴമച്ചൊല്ല്
ചോതിച്ചോണ്ടളക്കേണം ചോതിക്ക് പുഴുങ്ങേണം
മേളത്തോടളക്കേണം നിറച്ചെമ്പാവേ
മൂപ്പുള്ളമുതുക്കന്മാർക്കൊരു പറയും പിന്നെ
മുതുകെളവിത്തള്ളയ്ക്കങ്ങിരുപറയും പിന്നെ
നാലെണ്ണം ചെറുപുള്ള നമ്മക്കൊണ്ടല്ലോ
നായികൊണ്ടെയുനായി അളന്നെടുക്കേണം.
അച്ചിമാരോരോർത്തക്കമ്പര പുയ്ങ്ങേണം
ആങ്ങളമാർക്കാണെങ്കിൽ അറുപതും വേണം
ചോതിച്ചോണ്ടളക്കേണം ചോതിക്ക് പുഴുങ്ങണം
മേളത്തോടളക്കേണം നിറച്ചെമ്പാവേ
ഓണമിങ്ങടുക്കുമ്പോ മാനത്തുതെളിവരും
കാണം വിറ്റോണംന്നൊരു ചൊല്ലുണ്ടല്ലോ.
അമ്പറ പുയ്ങ്ങ്ന്ന കതയുണ്ടേ – കനിവൊള്ള
തമ്പുരാൻ മാവേലി പരിച്ച നാളിൽ.

മക്കത്തേയ്ക്കുപോയ പെരുമാളും കേരളപ്പഴമയുമായി ബന്ധപ്പെട്ടു കിടക്കുന്ന പരശുരാമനും ഓണാഘോഷത്തിന്റെ മങ്ങിയ നിഴലുകൾ മാത്രം. ഓണവും തൃക്കാക്കരയുമായി ഒത്തു ചേരുന്ന എത്രയെത്ര നാട്ടുശീലുകളാണുള്ളത്. ഈ കിളിപ്പാട്ടു കേൾക്കൂ.

ആരോമൽപ്പൈങ്കിളിപ്പെൺകിടാവേ
പാരാതെ വന്നിങ്ങരികത്തിരി
എങ്ങുന്നു വന്നൂ കിളിക്കിടാവേ
തൃക്കാക്കരെ നിന്നും വന്നൂ ഞാനും
തൃക്കാക്കരെയമരുന്ന മന്നൻ
കേളികൾ കേൾപ്പിൻ മഹാജനങ്ങൾ
ആരാജമൗലീടെ ചെയ്തിയെല്ലാം
മാലോകർ ചൊല്ലി ഞാൻ കേൾപ്പതുണ്ടേ.

ആ ചക്രവർത്തി നമ്മുടെ മാവേലിത്തമ്പുരാൻ തന്നെ. തൃക്കാക്കര ഉത്സവത്തിന്റെ അനുസ്മരണമായി അത്തം മുതൽ വീട്ടുമുറ്റത്ത് പൂവിടുന്നു. പൂക്കളത്തിന് നാടൻ പൂക്കൾ തന്നെ ധാരാളം. തുമ്പപ്പൂ , മുക്കുറ്റിപ്പൂ, കുമ്പളപ്പൂ, മത്തപ്പൂ, ഒടിച്ചുകുത്തിപ്പൂ, ചെമ്പരത്തിപ്പൂ, കാക്കപ്പൂ.... ഇങ്ങനെ എണ്ണമറ്റ പൂക്കൾ,, പാടുപെട്ട് പൂക്കൾ ശേഖരിക്കുന്ന കുട്ടികളും പൂക്കളും തമ്മിലുള്ള കിന്നാരം പറയൽ....

പൂവേപൊലി പൂവേപൊലി പൂവേപൊലി പൂവേ (2)
തുമ്പപ്പൂവേ പുത്തിരളേ നാളെയ്ക്കൊരുവട്ടി
പൂത്തരണേ
ആയ്ക്കില്ല ഈയ്ക്കില ഇളങ്കൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂത്തരേണ്ടു
കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂ തരണേ
ആയ്ക്കില്ല ഈയ്ക്കില ...... പൂത്തരേണ്ടു
അരിപ്പൂപ്പൂവേ പൂത്തിരളേ നാളെയ്ക്കൊരു
വട്ടിപ്പൂത്തരണേ.
ആയ്ക്കില ഈയ്ക്കില...........പൂത്തരേണ്ടു.

ആരും പൂ തന്നില്ല. ഒക്കെ ഏതോ കുട്ടികൾ കൊണ്ടു പോയി. എന്നാലും പൂവാങ്കുരുന്നിലകൊണ്ട് പൂക്കളം തീർത്തു.

പൂവായപ്പൂവെല്ലാം പിള്ളേരറുത്തു
പൂവാങ്കുരുന്നില ഞാനും പറിച്ചു.
പിള്ളേരെ പൂവൊക്കെ കത്തിക്കരിഞ്ഞു
ഞങ്ങടെ പൂക്കളം മിന്നിത്തെളിഞ്ഞു.
ഇനി എങ്ങനെയാണ് ഈ പൂക്കളം ഒരുക്കേണ്ടത് ?
അത്തം നാൾതൊട്ടു തിരുമുറ്റം മെഴുകി
മുറ്റം മെഴുകിയതിൽ മുക്കുറ്റിയിട്ടു
തുമ്പപ്പൂകൊണ്ടൊരു പൂക്കളം തീർത്തു
തൃക്കാക്കരപ്പനെഴുന്നള്ളത്താണേ.
തൃക്കാക്കരപ്പന്റെ എഴുന്നള്ളത്തിന്
എന്തെല്ലാമൊരുക്കണം.
തൃക്കാക്കരപ്പാ വരിക വരിക
തൃക്കാക്കരപ്പനെഴുന്നള്ളും കാലം
തൃക്കാക്കരപ്പന് എന്തെല്ലാം വേണം





നേന്ത്രപ്പഴം കൊണ്ടൊരു പൂവട വേണം
തൃക്കാക്കരപ്പനെഴുന്നള്ളും കാലം
അയക്കോലിൽ ചിറ്റത്തൊരു ചിറ്റാട വേണം.

ഇതോടൊപ്പം തന്നെ ഒരു കൊല്ലം നീണ്ടുനിന്ന ഒരധ്വാനത്തിന്റെ കഥ കൂടിയുണ്ട്.

തെക്കേക്കര വടക്കേക്കര കണ്ണാന്തളിമുറ്റം
കണ്ണാന്തളിമുറ്റത്തൊരു തുമ്പമുളച്ചു
തുമ്പകൊണ്ടായിരം തോണി ചമച്ചു
തോണിത്തലയ്ക്കൊരു വാഴയും വെച്ചു.
വാഴ വളർന്നതിങ്ങനെ
വേനലാറുമാസം കോരിനനച്ചു വർഷമാറുമാസം താനെ നനഞ്ഞു
വാഴകുലച്ചു വടക്കോട്ടു ചാഞ്ഞു വാഴക്കുലമൂത്തുവെട്ടാനടുത്തു
വെട്ടാനടുത്തപ്പോൾ വടക്കരും വന്നു
വാഴക്കുലവെട്ടി വടക്കരും പോയി

എന്നാലും നിരാശരായില്ല. പിന്നെന്തുണ്ടായെന്നോ ?

തോണിത്തലയ്ക്കലൊരാലുമുളച്ചു
ആലിന്റെ പൊത്തിലൊരുണ്ണി പിറന്നൂ
ഉണ്ണിക്കു കൊട്ടാൻ പറപറക്കോലും
ഉണ്ണിക്കുകൊട്ടാൻ തുടിതുടിക്കോലും
ഉണ്ണിക്കു കൊട്ടാൻ തുടിയും പറയുമായ്
വെള്ളാട്ടീം മക്കളും കൂടെ പിറന്നൂ

എല്ലാ വിളകൾക്കും നൂറുമേനി വിളവ് സമൃദ്ധിയുടെ ആ സുവർണ്ണകാലത്ത് മാവേലിത്തമ്പുരാൻ പ്രജകളോടിങ്ങനെ കല്പിച്ചു.

ഇന്നു തുടങ്ങിനാമെല്ലാവരും ഇല്ലങ്ങൾ തോറുമലങ്കരിച്ചു
ചെത്തിയടിച്ചു മെഴുകിത്തേച്ചു നൽത്തറയിട്ടുകളമെഴുതി
തുമ്പമലരാദി പുഷ്പങ്ങളും അൻപോടതിങ്കൽ നിരത്തിവെച്ചു
പത്തുനാൾമുമ്പെ വന്നത്തം തൊട്ടു എത്രയും ഘോഷങ്ങളെന്നേ വേണ്ടൂ

ഇതാണത്രേ ഓണാഘോഷത്തിന്റെ തുടക്കം. വാമനൻ മഹാബലിയെ പാതാളത്തിലേയ്ക്കയച്ചപ്പോൾ പ്രജാവിരഹംകൊണ്ട് ദു:ഖിച്ച ചക്രവർത്തിയെ ഭഗവാൻ ഇങ്ങനെ ആശ്വസിച്ചു.

കാലമൊരാണ്ടിലൊരു ദിവസം മാനുഷനെ വന്നു കണ്ടുകൊൾക

തുടർന്ന് ജനങ്ങളോട് ഭഗവാൻ ഇങ്ങനെ നിർദ്ദേശിച്ചു.

ചിങ്ങമാസത്തിലെ ഓണത്തിന്നാൾ
മാവേലിതാനും വരുമിവിടെ
പണ്ടേതിനേക്കാൾ വിചിത്രമായി
വേണ്ടുന്നതെല്ലാമൊരുക്കീടേണം – (ചിങ്ങമാസ)

അങ്ങനെ.....മാവേലിയെ വരവേൽക്കേണ്ടതിന്റെ കൃത്യമായ വിവരണമിതാ

അരിയരിയോതിരിതിരിയോ ഗണപതിയും സരസ്വതിയും
വാഴുകപൊലികയെന്റെ ഭൂമിദേവിവാണിരിക്ക.........
തെക്കനില്ലം വടക്കിനില്ലം വടവടക്കോരില്ലമുണ്ടേ
മാളേരിയ വടവടക്കുന്ന് വരുവതുണ്ടെന്റെ മാവേലി
ആയിരം കാതം വടവടക്കൂന്ന് വരുവതുണ്ടെന്റെ മാവേലി
മാനുഷരെ വാഴിച്ചകാണാൻ മാവേലിയാൻ വരവതുണ്ടേ

എന്തെല്ലാം ഒരുക്കങ്ങളാണ് വേണ്ടത് ?

പുത്തനൊരോലവെട്ടി കോടിനാലും മേഞ്ഞിറക്കി
മുറ്റമായമുറ്റമൊക്കെ ചെത്തിമിനുക്കീടുകവേണം
വെള്ളമുള്ള കിണറുകളും ഇറച്ചുകോരിയിടുക വേണം
ഇടവഴിയും പെരുവഴിയും ചെത്തിവാരിത്തൂത്തിടേണം
ഇഞ്ചത്തല ഈറ്റത്തല തല്ലീയൊതുക്കീടുക വേണം (2)
മാവേലിയാൻ വരും വഴിക്ക് എന്തു നല്ല വർത്തമാനം
മഞ്ഞ നല്ല മുണ്ടു വേണം മന്തിരക്കോടി വേണം
കാക്കവണ്ണം കതിർവെളക്ക് അറപ്പുരയ്ക്കൽ നിന്നെരിക
തൂക്കുവണ്ണം തുടൽവെളക്ക് കളപ്പുരയ്ക്കൽ നിന്നെരിക
ഓണമഞ്ചും കഴിവോളം കതിർവെളക്ക് നിന്നെരിക
ഓണമഞ്ചും കഴിവോളം തുടൽവെളക്ക് നിന്നെരിക.

മാവേലിയെ ഉയിരായും തേവിയമ്മയെ ഐശ്വര്യദേവതയായും കേരളീയർ കരുതുന്നു.

ഇനിയാണ് ഓണത്തിന്റെ തിരുതകൃതികൾ ഫലിതചാതുരി നിറഞ്ഞ ഈ പഴംപാട്ടൊന്നു കേൾക്കൂ.

അത്തം വരും വരുമെന്നാളൊരുത്തി
ആരു കടം തരുമെന്നാളൊരുത്തി
ഊഞ്ഞാലിടാത്തൊരു കാര്യം നിമിത്തം
ഊണിൽക്കുറയ്ക്കുവനെന്നാളൊരുത്തി
അതുകേട്ടു നിന്നുടൻ കത്താളെടുത്തു
കാട്ടിൽപ്പോയ്ച്ചെന്നുടൻ കാലിലും വെട്ടി
വടിവൊത്ത തടിവെട്ടി ചെത്തിമിനുക്കി
പരുത്ത പുളിങ്കമ്പും നോക്കി നടന്നു
ആവണക്കിൻ കയ്യിലൂഞ്ഞാലുമിട്ടു
ഓടിപ്പോയുഞ്ഞാലിൽകേറുന്നൊരുത്തി
ഓശയോടെ തല കെട്ടുന്നൊരുത്തി
ആടുന്നൊരുത്തീ പാടുന്നൊരുത്തി

പാടിപ്പാടിയാടുന്നോരു നേരത്ത്
പാരം പെരുത്തങ്ങു വീഴുന്നൊരുത്തീ
മുമ്പെ വീഴുന്നൊരു മുതുകെളവിയമ്മേടെ
മുതുകത്തു വീണു മറ്റുള്ളൊരുത്തീ
ചിരുതേവി തന്നുടെ കാപ്പൊന്നു കണ്ടില്ല
മാതേവി തന്നുടെ കാതൊന്നുമറ്റു
പാരാതെയറ്റു കിടന്നൊരു കാതിനെ
പാലപ്പശവെച്ച് പറ്റിച്ചൊരുത്തി

ഓണം വാമനാവതാരമാണെന്നും തൃക്കാക്കര പ്രതിഷ്ഠാദിനമാണെന്നും വാമനൻ മഹാബലിയെ ജയിച്ച ദിവസമാണെന്നൊക്കെ അഭിപ്രായമുള്ളവർക്ക് ഒരു പാട്ട്

അ. നാരായനുണ്ണി നാമത്തോടെ – ഏ
മാവേലിനാടിതു വാഴും കാലം – ഉം
ദണ്ഡും കുടയുമെടുത്തുകൊണ്ട് –ˇ
മാവേലിനാട്ടിലും ചെന്നാനുണ്ണി – ഇ
എന്താണുണ്ണീ നീ പോന്നോരു കാര്യം
ദാനമുണ്ടെന്നതു കേട്ടിട്ടാണേ – ഏ
ആനേത്തരാമുണ്ണീ ദാനമാതെങ്കിൽ – ൽ
ആനയ്ക്കു പാപ്പാനും ഞാനുമതല്ല – അ
കുതിരേത്തരാമുണ്ണി ദാനമതെങ്കിൽ – ൽ
കുതിരയ്ക്കു കേശവൻ ഞാനുമതല്ലേ – ഏ
പട്ടുതരാമുണ്ണി ദാനമതെങ്കിൽ – ൽ
പട്ടുകൊണ്ടു ഞാനും ചെല്ലുന്ന നേരം – മ്
ബന്ധുമിത്രാദികൾ ആരുമതില്ല – അ
അർഥം തരാമുണ്ണി ദാനമതെങ്കിൽ – ൽ
അർഥവും കൊണ്ടു ഞാൻ ചെല്ലുന്ന നേരം – മ്
അച്ഛനുമില്ലെനിയ്ക്കമ്മയുമില്ല.
പോരേ? ആ വിരുതനുണ്ണിയ്ക്കിനി
എന്താണ് വേണ്ടത് ?
പിന്നെന്താ വേണ്ടത് ഉണ്ണീ നിണക്ക് –ˇ
മൂന്നടിമണ്ണേ എനിയ്ക്കതുവേണ്ടൂ – ഉ
ഈരടിയായിട്ടളന്നിതുലോകം –ˇ
ഇനിയുമൊരടിയും എവിടെയളക്കും – ഉം
എന്റെ ശിരസ്സിലളന്നുകൊള്ളുണ്ണീ – ഇ
എന്റെ ശിരസ്സിലളന്നീടുന്നേരം –ˇ
ഞാനിതാ ശ്രീപാദം താണുതൊഴുന്നേൻ

അത്തം പത്തോണം, ഓണം വരാനൊരു മൂലം, മൂലം തൊട്ട് പപ്പടം കാച്ചണം, പൂരാടക്കുട്ടി, ഉത്രാടപ്പാച്ചിൽ, തിരുവോണം തിരുതകൃതി, കാണം വിറ്റും ഓണമുണ്ണണം എന്നീ ഓണച്ചൊല്ലുകളോളം തന്നെ പ്രസക്തിയുണ്ട്. ഓണമുണ്ടവയറേ ചൂളം പാടിക്കെട, കാണം വിറ്റും ഓണം ഉണ്ണണം, ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞിക്കുമ്പിളിൽ എന്നീ ചൊല്ലുകൾക്കും. ഓണപ്പാട്ടവ ഇന്നും പതിവുണ്ട്. എന്നാൽ ഓണക്കാഴ്ചയും ഓണവിനോദങ്ങളുമൊക്കെ മാഞ്ഞു പോകുന്നുണ്ടോ ? പ്രാദേശികവിനോദങ്ങളായ പയ്യും പുലിയും തുമ്പിതുള്ളൽ എന്നിവ മുത്തശ്ശിമാർ പോലും മറന്നിരിക്കും. എന്നാൽ കുമ്പളത്തിന്റെ തളിർവള്ളികൊണ്ട് പാൽക്കടലിൽ ഊഞ്ഞാലിട്ട് നാത്തൂനെ ഊഞ്ഞാലാടാൻ ക്ഷണിക്കുന്ന ഈ കുശുമ്പുപാട്ട് അത്രയെളുപ്പം ആവില്ല.

കുമ്പളത്തും കുഴുന്നൊടിച്ച്.....പാൽക്കടലിലൂഞ്ഞാലിട്ടു
ഊഞ്ഞാലിട്ടോരണ്ണമ്മാർക്ക് എന്തെല്ലാം കൊടുക്കവേണം
വറുത്തരിയും തരിപ്പണവും വാരിവാരിക്കൊടുപ്പിനമ്മോ
ഇനിയെങ്കിലും വാടിപെണ്ണേ നല്ലപെണ്ണേ നാത്തുനാരോ
എനിയ്ക്കെന്റെ ഇളിയില്ലെന്നേ എനിയ്ക്കൊരടി നടക്കാൻ വയ്യേ
എനിയ്ക്കിരിക്കും കിഴക്കഞ്ചേല എടുത്തുടനെ കൊടുപ്പിനമ്മോ
ഇനിയെങ്കിലും വാടിപെണ്ണേ നല്ലപെണ്ണേ നാത്തൂനാരേ
എനിക്കെന്റെ കഴുത്തില്ലന്നേ എനിക്കൊരടി നടക്കാൻ വയ്യേ
എനിക്കിരിക്കും കിഴക്കൻ താലി എടുത്തുടനെ കൊടുപ്പിനമ്മോ
ഇനിയെങ്കിലും വാടിപെണ്ണേ നല്ല പെണ്ണേ നാത്തുനാരെ
എനിയ്ക്കെന്റെ കയ്യില്ലെന്നേ എനിയ്ക്കൊരടി നടക്കാൻ വയ്യേ
എനിയ്ക്കിരിക്കും കിഴക്കൻ കാപ്പ് എടുത്തുടനെ കൊടുപ്പിനമ്മേ

ഇത്തരത്തിൽ ചിരിപ്പിക്കുകയും പരിഹസിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന എത്രയെത്ര ഓണപ്പാട്ടുകൾ വീടും, പാടവും പറമ്പും വിറ്റ് മേനി മിനുക്കി ആർഭാടത്തോടെ മാമാങ്കം കാണാൻ പുറപ്പെട്ട ഇട്ടിത്തേയിയമ്മയ്ക്കെന്തു പറ്റി ?

അക്കരവീട്ടിലൊരിട്ടിത്തുപ്പൻ ഇക്കരവീട്ടിലൊരിട്ടിത്തേയീ....

മാമാങ്കം കാണാനും പോര് തേയ്യേ
ഞാനില്ല ഞാനില്ല തുപ്പനാരേ
എന്തുകുറവാലേ പോരാത്തു നീ
കെട്ടിയുടുക്കുവാൻ ചേലയില്ല
അപ്പോൾപ്പുറപ്പെട്ടു തുപ്പനാര് –ˇ
കെഴക്കേലെ കണ്ടം പണയം വെച്ചു – ഉ
ഒരു പിടി പണം വാരി മടിയിലിട്ടു – ഉ
കോഴിക്കോട്ടങ്ങാടി നടുവിച്ചെന്നു – ഉ
വേണ്ടും വിധത്തിലും ചേലവാങ്ങി – ഇ
ഇട്ടിത്തേയ്യമ്മേടെ മുമ്പിൽ വെച്ചു – ഉ
ഇനിയും പുറപ്പെടെന്റിട്ടിത്ത്യേയ്യേ
ഞാനില്ല ഞാനില്ല തുപ്പനാരേ – ഏ
എന്തുകുറവാലേ പോരാത്തു നീ
കാതിലണിയുവാൻ തോടയില്ല – ആ
അപ്പോപ്പുറപ്പെട്ടു തുപ്പനാര് –ˇ
തെക്കേലെകണ്ടം പണയം വെച്ചു – ഉ
ഒരു പിടി പണം വാരി മടിയിലിട്ടു – ഉ
കോഴിക്കോട്ടങ്ങാടി നടുവിച്ചെന്നു – ഉ
വേണ്ടും വിധത്തിലും തോടവാങ്ങി – ഇ
ഇട്ടിത്തേയ്യമ്മേടെ മുമ്പിൽ വെച്ചു – ഉ

ഇങ്ങനെ പടിഞ്ഞാറും വടക്കും ഉള്ള കണ്ടങ്ങൾ പണയപ്പെടുത്തി കാപ്പും പൂത്താലിയുമൊക്കെ വാങ്ങി. ഒടുവിൽ പടിയ്ക്കലെ കണ്ടം പണയംവെച്ച് പല്ലക്കും കൂട്ടി . അങ്ങനെ ആഘോഷത്തോടെ പോകുകയാണ്.

മുമ്പിലെപ്പല്ലക്കിൽ ഇട്ടിത്തുപ്പൻ –
പിന്നിലെപ്പല്ലക്കിൽ ഇട്ടിത്തേയി
മാമാങ്കം കാണുവാൻ പോകുന്നേരം –
പിന്നിലെപ്പല്ലക്കിൻ തണ്ടൊടിഞ്ഞു –
ഇട്ടിത്തേയ്യമ്മേടെ നടുവൊടിഞ്ഞു –
അവിടെക്കിടക്കെടി ഇട്ടിത്തേയ്യേ
ഞാനിതാ മാമാങ്കം കാണാൻ പോന്നൂ –

ഈ ഓണപ്പാട്ടുകളിലൊക്കെ കാണുന്നത് കേവലം കഥയോ. ഐതിഹ്യമോ, നേരമ്പോക്കോ, വിമർശനമോ ഒക്കെയാകാം. പക്ഷെ നമുക്കിത് നമ്മുടെ ഉയിരുതന്നെയാണ്. സമ്പന്നതയുടെയും ആഹ്ലാദത്തിന്റെ സുവർണ്ണ നിമിഷങ്ങൾ സമ്മാനിച്ച് ഓണം വിടവാങ്ങുമ്പോൾ ഓണമുണ്ട വയർ ചൂളം പാടിക്കിടക്കുമ്പോൾ, ഒരു തപ്തനിശ്വാസത്തോടെ നാം ഓർക്കുന്നു.

കണ്ടത്തിൻ കതിരൊള്ള തിനമന്നൊണ്ടേ
കഞ്ഞിക്കു കേഴുന്ന തിനമന്നില്ലേ
ആളുകളരങ്ങുകൾ ഒരുമവച്ചേ അന്ന്
ചേലുള്ള കനിവരൻ പരിച്ചിരുന്നു.

# ശകുനം

എം. ജി. തങ്കമ്മ

എല്ലാ രാജ്യങ്ങളിലുമുള്ള ജനങ്ങൾ പ്രാചീനകാലത്ത് ശകുനങ്ങളെ വരാനുള്ള സുഖദു:ഖങ്ങളുടെ മുന്നോടിയായി പരിഗണിച്ചിരുന്നു. ആധുനിക കാലത്തും ശകുനത്തിൽ വിശ്വസിക്കുന്നവർ ധാരാളമുണ്ട്. ഭാരതത്തിൽ ശകുനം പണ്ടു മുതല്ക്കേ ഒരു ശാസ്ത്രീയ ശാഖയായിത്തന്നെ വളർന്നു പോന്നു. ഭാരതീയ നിഗമനമനുസരിച്ച് നല്ലതും ചീത്തയുമായ ശകുനങ്ങളുടെ ഒരു സാമാന്യ വിവരണം താഴെ കൊടുക്കുന്നു.

പരുത്തി, പുല്ല്, ഉണങ്ങിയ ചാണകം, കരിക്കട്ട, ശർക്കര, തലമൊട്ടയടിച്ചവൻ, നഗ്നൻ, ചണ്ഡാലൻ, ഉന്മാദമുള്ളവൻ, നപുംസകം, ഗർഭിണികളോ വിധവകളോ ആയ സ്ത്രീകൾ, പിണ്ണാക്ക്, ചാരം, തലയോട്, എല്ല്, പൊട്ടിയ പാത്രം എന്നിവ അശുഭ ശകുനമാകുന്നു.

യാത്രികന്റെ മുൻഭാഗത്തു നിന്ന് വരൂ എന്ന് ശബ്ദം കേൾക്കുന്നത് നല്ലതാണ്. ആ ശബ്ദം പിന്നിൽ നിന്നായാൽ നല്ലതല്ല. പോവൂ എന്ന ശബ്ദം പിന്നിൽ നിന്നു കേൾക്കുന്നത് നന്ന്. വാഹനങ്ങൾ ഇടറുക, ആയുധങ്ങൾ മുറിയുക, വാതിലിലോ മറ്റോ തട്ടി തലമുറിയുക, കുട, വസ്ത്രം മുതലായവ വീഴുക എന്നിവയും ദുശ്ശകുനമത്രേ. ദുശ്ശകുനം കണ്ടാൽ വിഷ്ണുവിനെ പൂജിക്കുകയോ സ്തുതിക്കുകയോ ചെയ്താൽ അമംഗളം നശിക്കും. ദുശ്ശകുനം തുടരെ കണ്ടാൽ യാത്ര തുടരുന്നതു നന്നല്ല.

വെളുത്ത പുഷ്പങ്ങൾ കാണുന്നത് ശുഭശകുനമാണ്. നിറകുടം ഏറ്റവും ശുഭസൂചകം. മാംസം, മത്സ്യം, വൃദ്ധപുരുഷൻ, പശു, ആട്, കാളകൾ, കുതിരകൾ, ഗജങ്ങൾ, ദേവന്മാർ, കത്തുന്ന തീ, കറുക, പച്ചച്ചാണകം, വേശ്യാസ്ത്രീ, സ്വർണ്ണം, വെള്ളി, രത്നം, വയമ്പ്, കടുക്, ശവം, നെയ്യ്, തയിര്, പാൽ, അക്ഷതം, കണ്ണാടി, തേൻ, ശംഖ്, ശുഭവാക്യം, വാദ്യഗീതങ്ങൾ. ഗംഭീരമായ ഇടിനാദം, മിന്നൽപിണർ എന്നിവ ശുഭശകുനങ്ങളാകുന്നു.

ശകുനങ്ങളെ ദീപ്തം, ശാന്തം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. ദീപ്തങ്ങൾ ശുഭഫലത്തെയും ശാന്തം അശുഭഫലത്തെയും പ്രദാനം ചെയ്യുന്നു. യാത്ര ചെയ്യുമ്പോൾ കാക്ക മുൻഭാഗത്തു നിന്നു ശബ്ദിച്ചാൽ അപമാനം നേരിടും. യാത്ര പുറപ്പെടാൻ ആരംഭിക്കുമ്പോൾ കാകൻ ഗൃഹത്തിലേക്ക് വന്നാൽ യാത്ര പുറപ്പെടാം. മരത്തിന്റെ പൊത്തിൽ കാക്കയിരിക്കുന്നത് കാണുന്നതും അശുഭമാണ്. അമേദ്ധ്യം വായിൽ നിറച്ച കാക്കയെ ശകുനം കാണുന്നത് വളരെ നല്ല ഫലം ചെയ്യും.

ഗൃഹാന്തർഭാഗത്ത് കടന്ന് പട്ടി കുരച്ചാൽ ഗൃഹനാഥന് മരണമാണ് ഫലം. പശുക്കളുടെ നിലവിളി അകാരണമായി ഉണ്ടായാൽ അത് നാശത്തെ കുറിക്കുന്നു. രാത്രിയിലാണെങ്കിൽ ചോരഭയം ഉണ്ടാകും. രാത്രിയിൽ കാതു മുരണ്ടാൽ ശുഭം. കയറിട്ട കാള ശുഭലക്ഷണമാണ്.

പിടിയാന ഗ്രാമത്തിൽ വച്ചു പ്രസവിക്കുകയോ മദം പ്രാപിക്കയോ ചെയ്താൽ രാജാവിനാണ് നാശം.

(കടപ്പാട് : അഗ്നിപുരാണം 230 മുതൽ മൂന്നദ്ധ്യായങ്ങളോട്)

# അദ്ധ്യാത്മികത

ചന്ദ്രശേഖരൻ നായർ . ഫോൺ : 9446393903

മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ കൊല്ലും കൊലയും ക്രൂരതയും ലോകത്തിലെ നല്ല ഒരു വിഭാഗം ജനങ്ങൾ ഒരു ജീവിതശൈലി തന്നെയായി മാറ്റിയിരിക്കുന്ന കാലഘട്ടത്തിൽ കൂടിയാണ് ഇന്നു നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഇത് ഇങ്ങനെ തുടർന്നാൽ മനുഷ്യസമൂഹത്തിന്റെ നിലനില്പു തന്നെ അസാദ്ധ്യമായി തീരുമോ എന്ന ആശങ്കയ്ക്കും വകയില്ലാതില്ല. യാതൊന്നിനു വേണ്ടിയാണോ മതങ്ങളും അനുബന്ധ ഘടകങ്ങളും ഉണ്ടായിട്ടുള്ളത്, അതിന് കടകവിരുദ്ധമായ പ്രവർത്തനങ്ങളിലാണ് മുൻപറഞ്ഞ ജനവിഭാഗം ഏർപ്പെട്ടിരിക്കുന്നത്. ഇത്തരുണത്തിൽ മതത്തിന്റെ ആത്യന്തികമായ ഉദ്ദേശത്തെപ്പറ്റി അല്പം ചിന്തിക്കുന്നത് അഭികാമ്യമായിരിക്കും. മനസ്സിന്റെ വികാസത്തിലൂടെ പ്രപഞ്ചരഹസ്യത്തിന്റെ ചുരുളഴിക്കുകയാണ് മതങ്ങളുടെ പ്രധാന ദൗത്യം. അതിനായി മതങ്ങൾ കാലദേശാനുസൃതമായി പല മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു എന്നു മാത്രം.

മതവിശ്വാസത്തിന് രണ്ട് പ്രധാന ഘടകങ്ങൾ ഉണ്ട്. അതായത് മതപരതയും ആദ്ധ്യാത്മികതയും. ഇംഗ്ലീഷിൽ ഇതിന് Religiocity & Spirituality എന്ന് പറയാം. ഇതിൽ ആദ്യത്തേത് വ്യക്തിയുടെ മനസ്സിനെ രൂപപ്പെടുത്തുന്നതിനുള്ള ആചാരനുഷ്ഠാനങ്ങളാണ്. രണ്ടാമത്തേത് ഗൗരവപൂർണ്ണമായ സത്യാന്വേഷണവും തത്സംബന്ധമായ സാധനകളുമാണ്. മതങ്ങൾ തമ്മിലുള്ള വ്യത്യാസം ആചാരനുഷ്ഠാനങ്ങളിൽ മാത്രമാണ്. എല്ലാ മതങ്ങളുടേയും അടിസ്ഥാനതത്ത്വങ്ങൾ ഏതാണ്ട് ഒന്നു തന്നെയാണ്. സത്യാന്വേഷണമാർഗ്ഗങ്ങളിൽ വ്യത്യസ്ഥത ഉണ്ടാകാം. സ്വാർത്ഥമതികളും അല്പ ജ്ഞാനികളുമായ ആൾക്കാരാണ് മതത്തിന്റെ പേരിൽ കലഹം സൃഷ്ടിക്കുന്നതും മതപരിവർത്തനം പോലുള്ള ഹീനപ്രവർത്തികളിൽ ഏർപ്പെടുന്നതും.

സൃഷ്ടിയുടെ നിലനില്പ് സാദ്ധ്യമാക്കുന്നത് സൃഷ്ടിയുടെ തന്നെ സ്വാഭാവിക ധർമ്മമാണ്. അതുകൊണ്ടാണ് എല്ലാ ജീവജാലങ്ങളും മനസ്സിന്റെ പ്രേരണകൂടാതെ തന്നെ അതിനു വേണ്ട പ്രതിരോധം തീർക്കുന്നത്. കണ്ണിൽ കുത്താൻ വന്നാൽ കണ്ണടയ്ക്കും. ഉപദ്രവിക്കാൻ വന്നാൽ ഓടി അകലും. ഇതെല്ലാം സ്വാഭാവിക പ്രക്രിയകൾ മാത്രം. ബുദ്ധിവികാസം വന്ന മനുഷ്യൻ അതിനുവേണ്ടി വിശേഷപ്പെട്ട മാർഗ്ഗങ്ങൾ കണ്ടു പിടിക്കും.

തന്റെ സ്വരക്ഷയ്ക്ക് താനോ തന്റെ സഹജീവികളോ മാത്രം പര്യാപ്തമല്ല എന്ന തോന്നലിൽ നിന്ന് മനുഷ്യൻ അമാനുഷശക്തികളെ പറ്റി ചിന്തിക്കുവാൻ തുടങ്ങി. അത് പ്രകൃതിശക്തികളുടെ ആരാധനയിൽ തുടങ്ങി പല പ്രത്യേകശക്തികളുടെ മൂർത്തിമത്ഭാവമായ ദേവീദേവന്മാരിലേക്ക് വ്യാപിച്ചു. മനുഷ്യന്റെ ചിന്താശക്തിയും അറിവും വർദ്ധിച്ചതോടുകൂടി ദേവീദേവന്മാർ ഗഹനമായ തത്ത്വചിന്തയ്ക്ക് വഴിമാറി. ഈ തത്ത്വചിന്തയാണ് ഉൽകൃഷ്ടമായ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം.

ഇവിടെയാണ് ഹിന്ദുമതമെന്ന് തെറ്റായി വിവക്ഷിക്കുന്ന സനാതനധർമ്മത്തിന്റെ അപ്രമാദിത്വം ഇത് വളർന്ന് പന്തലിച്ച ഒരു വിചാരധാരയാണ്. അറിവിന്റെ ക്രമാനുഗതമായ വളർച്ചയാണ് അതു പ്രതിനിധാനം ചെയ്യുന്നത്. ഇത് എല്ലാ വിശ്വാസങ്ങളേയും ഉൾക്കൊള്ളുന്നു. എന്തെന്നാൽ വിശ്വാസത്തിന്റെ രൂപാന്തരം അറിവിനെ ഉൾക്കൊള്ളാനുള്ള കഴിവനുസരിച്ചേ സംഭവിക്കൂ എന്ന് ഭാരതീയ ചിന്തകന്മാർ മനസ്സിലാക്കി. ഹിന്ദുമതം ഓരോരുത്തന്റെയും ബുദ്ധിപരിമിതിക്കുള്ളിൽ സാദ്ധ്യമായ വിശ്വാസത്തിന്റെ അഭികാമ്യമായ വികാസത്തെ പ്രോത്സാഹിപ്പിക്കുന്നു. ഹിന്ദുമതത്തെ അനാദി എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ഈ ലോകമാസകലം തുടർന്നു പോന്ന ഒരു സംസ്കാരത്തിന്റെ ഭാഗമാണ്.

ഇത് സംബന്ധിച്ച് മഹാപെരിയവർ എന്നറിയപ്പെടുന്ന കാഞ്ചി ശങ്കരാചാര്യരുടെ ഒരു പുസ്തകമുണ്ട്. അതിൽ ഇതിന് ഉപോദ്ബലകമായ അനവധി സംഗതികൾ പ്രതിപാദിക്കുന്നുണ്ട്. ഈജിപ്റ്റിൽ നടന്ന ഒരു യുദ്ധവിരാമസന്ധി ഹിന്ദുദേവതയായ മൈത്രവരുണനെ സാക്ഷിയാക്കിയാണ് തീർപ്പാക്കപ്പെട്ടത്. മെക്സിക്കോയിൽ നിന്ന് ഗണപതിവിഗ്രഹം കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ആസ്ത്രേലിയയിൽ സൂര്യോപാസന നിലനിന്നതിന് തെളിവുകളുണ്ട്.

ഈ അടുത്ത കാലത്ത് -1990 ൽ അമേരിക്കയിലെ ഓറിഗോൺ സ്റ്റേറ്റിൽ വറ്റിയ ഒരു തടാകത്തിന്റെ അടിയിലായി ബൃഹത്തായ ഒരു ശ്രീചക്രം കണ്ടെത്തിയിട്ടുണ്ട്. 9000 അടി ഉയരത്തിൽ നിന്നുള്ള





ഉപഗ്രഹ ചിത്രത്തിൽ കൂടിയാണ് ഇത് കണ്ടെത്താനായത്. 18 മൈൽ സമചതുരത്തിലാണ് ഇത് വ്യാപിച്ചു കിടക്കുന്നത്. ഇത് ഭൂമിയിൽ രൂപകല്പന ചെയ്യപ്പെട്ടതാണ്. രേഖകൾക്ക് 10 ഇഞ്ച് വീതിയും 3 ഇഞ്ച് ഘനവും ഉണ്ട്. ശ്രീചക്രത്തിന്റെ അളവുകൾ വളരെ കൃത്യമാണ്. കൂടുതൽ വിവരങ്ങളിൽ താല്പര്യമുള്ളവർ Orgon Yantra എന്ന് ഗൂഗിളിൽ പരതിയാൽ മതി.

മേൽപ്പറഞ്ഞ പരാമർശങ്ങൾ ഈശ്വരൻ ഉണ്ട് എന്ന വിശ്വാസം അംഗീകരിച്ചു കൊണ്ടാണ്. എന്നാൽ വിശ്വാസം കൊണ്ടു മാത്രം ഒരു സംഗതി ശരിയെന്ന് തീരുമാനിക്കുന്നത് നന്നല്ല. അതിന് ബുദ്ധിയുടെ അംഗീകാരം ആവശ്യമാണ്. നമ്മുടെ ആചാര്യന്മാർ ഈശ്വരസാക്ഷാത്കാരത്തിന് ശ്രദ്ധയും ഭക്തിയും വേണമെന്ന് പറയുന്നു. ശ്രദ്ധ വെറും വിശ്വാസമല്ല. ശ്രദ്ധ എന്തെന്ന് ആചാര്യ ശങ്കരൻ വിവേകചൂഢാമണിയിൽ കൃത്യമായി പറയുന്നുണ്ട്.

ശാസ്ത്രസ്യ ഗുരുവാക്യസ്യ സത്യബുദ്ധ്യാവധാരണ

സാ.ശ്രദ്ധാ കഥിതാ സദ്ഭിർയയാ വസ്തുപലഭ്യതേ

ശാസ്ത്ര ഗുരോക്തങ്ങളെ ബുദ്ധികൊണ്ട് വിശകലനം ചെയ്ത് സ്വായത്തമാക്കുന്ന പ്രക്രിയയിൽ കൂടി ഈശ്വരസാക്ഷാത്കാരം - അതാണ് ശ്രദ്ധ.

ഗീതോപദേശത്തിനുശേഷം ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് ആവശ്യപ്പെട്ടത്, താൻ പറഞ്ഞ സംഗതികൾ നിരൂപണബുദ്ധ്യാ അവലോകനം ചെയ്ത് യുക്തമായതു ചെയ്യാനാണ്. അതുകൊണ്ട് നമ്മൾ മനസ്സിലാക്കേണ്ടത് വെറും വിശ്വാസമല്ല, ബുദ്ധിയുടെ അംഗീകാരമുള്ള വിശ്വാസമാണ് അദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന തത്ത്വം എന്നാണ്.

അല്പമെങ്കിലും നിഷ്പക്ഷമായ വിശകലന ബുദ്ധിയുള്ള ആർക്കും ഈശ്വരസങ്കല്പത്തെ നിരാകരിക്കാൻ സാദ്ധ്യമല്ല. നമ്മൾക്കു ചുറ്റുമുള്ള സംഗതികളെ സുസൂക്ഷ്മം പഠിച്ചാൽ ഇത് മനസ്സിലാകും. ബീജസങ്കലനം ചെയ്ത ഒരു അണ്ഡം രണ്ടായി വിഭജിച്ച് ഉണ്ടാകുന്ന ഇരട്ടകുട്ടികൾ (Identical Twhins) ജീവിതത്തിൽ ഒരുപോലെയാണോ കാണപ്പെടുന്നത്?. ഒരിയ്ക്കലും അല്ല. ശാരീരിക വിശിഷ്ടതകൾ ഒരുപോലെ ആകാം. ബുദ്ധിയും മനസ്സും വിവിധ രീതികളിലാണ് പ്രവർത്തിക്കുന്നത്. മാതാപിതാക്കളിൽ നിന്നും ലഭ്യമാകുന്ന ജനിതക വസ്തു മാത്രമല്ല മറ്റെന്തോ ആണ് ജീവിതത്തെ കാതലായി നയിക്കുന്നത് എന്നു വരുന്നു. അതിനെ നമ്മൾക്ക് അദൃശ്യമായ ഈശ്വര സാന്നിദ്ധ്യം അഥവാ ആത്മാവ് എന്ന വിവക്ഷിക്കാം.

ഒരു മാതൃകോശം തുടർച്ചയായി വിഭജിച്ച് അനേകം കോടി പലതരം കോശങ്ങൾ ഉണ്ടാകുകയും, അവയെല്ലാം ജീവൻ നിലനിർത്തുന്നതിനുള്ള പല അവയവവ്യവസ്ഥകളായി രൂപാന്തരപ്പെടുകയും ചെയ്യുന്നത് വിശദീകരണങ്ങൾക്ക് അപ്പുറമുള്ള ഒരു പ്രക്രിയ ആണ്. കച്ചിയും പുല്ലും തിന്നുന്ന പശു എങ്ങിനെ പുഷ്ടിയുടെ വിവിധ ഘടകങ്ങളുള്ള പാൽ തരുന്നു. നിലംപറ്റി വളരുന്ന ഒരു ചെറിയ സസ്യത്തിൽ ബൃഹത്തായ തന്മാത്ര ഘടനയുള്ള എത്ര രാസ വസ്തുക്കളാണ് ഉല്പാദിപ്പിക്കപ്പെടുന്നത് ?

കരിയുടെ രസതന്ത്രപഠനത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന ഒരു ചോദ്യമാണ് കരിയിൽ നിന്നു തുടങ്ങി ബൃഹത്തായ ഘടനയുള്ള ഒരു രാസവസ്തു നിർമ്മിക്കുക എന്നുള്ളത്. ഇത് അനേകം ഘട്ടങ്ങൾ ഉള്ളതും വളരെ ശ്രമകരവുമാണ്. പക്ഷെ നമ്മുടെ ശരീരത്തിൽ, പശുവിന്റെ പാലിൽ, ചെറുസസ്യത്തിൽ ഇതെല്ലാം അനായാസം നിർമ്മിക്കപ്പെടുന്നു. ഈ പ്രക്രിയയിൽ ഊർജ്ജ സംതുലനാനിയമങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്നുള്ളത് ഒരു ചോദ്യചിഹ്നമായി അവശേഷി ക്കുന്നു. അല്പമാത്രം ശാസ്ത്രവിദ്യാഭ്യാസമുള്ളവർ ഇത് ജീൻസിന്റെ പ്രത്യേകതകൊണ്ടാണെന്ന് പറഞ്ഞ് വിശദീകരണം തരും. അടുക്കളയിൽ ഒരു ചായ ഇടണമെങ്കിൽ പോലും അതിന്റെ പുറകിൽ ഒരു തയ്യാറെടുപ്പ് വേണമെന്നിരിക്കേ മേൽപറഞ്ഞ സങ്കീർണ്ണമായ പ്രവർത്തനങ്ങൾ നിർജ്ജീവമായ ജീൻസ് നടത്തുന്നു എന്ന് പറയുന്നത് അംഗീകരിക്കാൻ സാദ്ധ്യമല്ല. മറ്റൊന്ന് നമ്മുടെ ശരീരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാംസതന്മാത്രകളുടെ ഘടനയിൽ ചെറിയ വ്യത്യാസം വന്നാൽപ്പോലും അത് വിഷവസ്തുവായി പരിണമിക്കുമെന്നുള്ളതുകൊണ്ട് ഈ പ്രവർത്തനങ്ങൾ ഇത്ര കൃത്യതയോടെ നടക്കുന്നത് ഇതെല്ലാം അദൃശ്യമായ ഏതോ ശക്തി വിശേഷത്തിന്റെ നിയന്ത്രണം കൊണ്ടാണെന്നു വേണം കരുതാൻ.

ജഗത് എന്ന പദത്തിന്റെ അർത്ഥം ചലിച്ചുകൊണ്ടിരിക്കുന്നത് എന്നാണ്. പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ കണികയായ പരമാണുവിലെ ഘടകങ്ങൾ ചലിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ചുറ്റും കാണുന്ന എല്ലാ വസ്തുക്കളിലേയും പരമാണുക്കളും തന്മാത്രകളും ചലിച്ചുകൊണ്ടിരിക്കുന്നു. സൗരയൂഥത്തിലെ ഗ്രഹങ്ങൾ ഭ്രമണം ചെയ്തുകൊണ്ടി

രിക്കുന്നു. ഒരു ഗാലക്സിയിൽ ഭ്രമണം ചെയ്യുന്ന അനേകം സൗരയൂഥങ്ങൾ ജഗത്തിൽ ഭ്രമണം ചെയ്യുന്ന അനേകം കോടി ഗാലക്സികൾ ഇതെല്ലാം ഒരു പ്രശ്നവുമില്ലാതെ കൃത്യതയോടെ നടന്നുപോകുന്നത് ഒരു സ്വാഭാവിക പ്രക്രിയയാണോ ? ഒരിക്കലുമല്ല.

പ്രകൃതിയെ സസൂക്ഷ്മം വീക്ഷിച്ച ചിന്തയുടെ അതിർവരമ്പു വരെ ചെന്നെത്തിയ മഹാന്മാരായ ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ ഐൻസ്റ്റൈന്റെ ഒരു ചൊല്ലുണ്ട്. അതായത് ഈ ലോകത്തെ അത്ഭുതപരതന്ത്രനായി നോക്കികാണാൻ കഴിയാത്ത ഒരാൾ ജീവിച്ചിരിക്കുന്നെങ്കിലും മരിച്ചതിനു തുല്യമാണ്. ഇതു സംബന്ധമായ മറ്റു പ്രതിഭകളുടെ അഭിപ്രായം അറിയണമെങ്കിൽ സ്വാമി രംഗനാഥാനന്ദയുടെ മതവും ആദ്ധ്യാത്മീകതയും (Religion & Spirituality) എന്ന ഗ്രന്ഥം വായിച്ചാൽ മതി.

പ്രപഞ്ച രഹസ്യത്തിന്റെ ചുരുൾ അഴിക്കാൻ ശ്രമിച്ച നമ്മുടെ ഋഷീശ്വരന്മാരും ആചാര്യന്മാരും ഈശ്വരസങ്കല്പത്തിന്റെ സാമാന്യ ഭാവങ്ങളെ ഉൾക്കൊണ്ടുതന്നെ അതിന്റെ ഏറ്റവും ഉദാത്തമായ ഔന്നത്യത്തിലേക്ക് നമ്മളെ കൂട്ടിക്കൊണ്ടു പോയിട്ടുണ്ട്. വേദോപനിഷത്തുകൾ അനേകങ്ങളായ മഹദ്വാക്യങ്ങളിൽ കൂടി സത്തയുടെ സ്വരൂപത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. ബുദ്ധിക്കു അതീതമായതുകൊണ്ടും ഉപാധിഗതമല്ലാത്തതു കൊണ്ടും ബുദ്ധി ആപേക്ഷികതലത്തിൽ മാത്രം വ്യവഹരിക്കുന്നതായതുകൊണ്ടും ബുദ്ധിക്ക് സാധിക്കുന്നത്ര സത്തയിലേക്ക് വിരൽ ചൂണ്ടുകയാണ് വേദോപനിഷത്തുകൾ ചെയ്യുന്നത്. ചില ഉപനിഷദ്വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

'അണോരണീയാൻ മഹനോമഹീയാൻ
തദ്ദൂരെ തദന്തികേ'
'സൂക്ഷ്മത്വാത് തദവിജ്ഞേയം
ദൂരസ്ഥം ചാന്തികേ ച തത് '
'അനാദിമത് പരം ബ്രഹ്മ
നസത് തന്നാസദുച്യതേ'

അർത്ഥം സ്പഷ്ടമായതുകൊണ്ട് വിശദീകരിക്കുന്നില്ല. വിരുദ്ധാർത്ഥങ്ങളിലുള്ള വാക്യങ്ങളിൽ നിന്ന് മനസ്സിലാക്കേണ്ടത് ആത്യന്തികമായ സത്യം മനോവാക്ക് വ്യവഹാരങ്ങൾക്ക് അതീതമാണെന്നാണ്.

മുണ്ഡകോപനിഷത്തിൽ ശൗനകൻ അംഗീരസ്സിനോട് എന്തറിഞ്ഞാലാണ് എല്ലാം അറിയുന്നതെന്ന പ്രശ്നം ഉന്നയിക്കുന്നു. മറുപടിയായി അംഗീരസ്സ് പറഞ്ഞു - രണ്ടുതരം അറിവുകളുണ്ട് അപരായെന്നും പരായെന്നും. അപരായെന്നത് ഭൗതിക തലത്തിലുള്ള ജ്ഞാനശാഖകളാണ്. അംഗീരസ്സ് വേദങ്ങൾ ഉൾപ്പടെയുള്ള ജ്ഞാനശാഖകളെ അപരായിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാരണം വേദങ്ങളുടെ പങ്കും കേവലം വഴികാട്ടികൾ എന്നതിനപ്പുറം പോകുന്നില്ല എന്നുള്ളതാണ്. അക്ഷര പുരുഷനെപ്പറ്റിയുള്ള ജ്ഞാനമാണ് പരാവിദ്യ. അത് ആപേക്ഷിക തലത്തിനപ്പുറമാണ്. ഹിന്ദുമത സങ്കല്പത്തിലെ ഈശ്വരൻ ദേശകാല വിഷയാതീതനും അതുകൊണ്ടു തന്നെ പ്രവചനാതീതവുമാണ്. അനാദിയും അനന്തവുമാണ്. ഞാനും നിങ്ങളും സർവ്വചരാചരങ്ങളും അതിൽ ഉൾക്കൊള്ളുന്നു. ഗീതയിൽ 7-ാം അദ്ധ്യാതത്തിലെ 7-ാം ശ്ലോകം അത് വളരെ മനോഹരമായി അവതരിപ്പിക്കുന്നുണ്ട്.

'മത്ത : പരതരം നാന്യത് കിഞ്ചിദസ്തി
ധനഞ്ജയ
മയി സർവ്വമിദം പ്രോതം സൂത്രേ മണി
ഗണാ ഇവ (ഗീ 7-7)'

നൂലിൽ കോർത്ത മണികൾ പോലെ എല്ലാം എന്നിൽ കുടികൊള്ളുന്നു എന്ന് സാരം.

ശാസ്ത്രത്തിൽ First part of Thermodynamics എന്നൊരു നിയമമുണ്ട്. അതായത് ഒന്നിനേയും പുതുതായി സൃഷ്ടിക്കാനോ എന്നന്നേയ്ക്കുമായി ഇല്ലാതാക്കാനോ സാദ്ധ്യമല്ല. ഇതിന് സമാനമായി ആദ്ധ്യാത്മിക തലത്തിൽ ഗീതയിൽ ഒരു മനോഹര ശ്ലോകമുണ്ട്.

നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സത :

ഉഭയോരപി ദൃഷ്ടോ ന്ത സ്ത്വനയോസ്തത്ത്വ ദർശിഭി : ഗീ. 2-16

ഇല്ലാത്തതിന് ഉണ്ടെന്നുള്ള അവസ്ഥയും ഉണ്ടെന്നുള്ളതിന് ഇല്ലെന്നുള്ള അവസ്ഥയും ഇല്ലെന്ന് സാരം.

ഈശ്വരൻ സാക്ഷി രൂപേണ വർത്തിക്കുന്നു. ഈ ചരാചരങ്ങൾ ബ്രഹ്മത്തിലെ സ്പന്ദനങ്ങൾ മാത്രമാണ്. എല്ലാം ബ്രഹ്മനിൽ കുടിക്കൊള്ളുന്നു.

യഥാകാശസ്ഥിതോ നിത്യം
വായു : സർവ്വത്രഗോ മഹാൻ
തഥാ സർവ്വാണി ഭൂതാനി
മത്സ്ഥാനീത്യുപധാരയ (ഗീ. 9-6 )

വായു ആകാശത്തിൽ എന്നപോലെ ഈ ജീവജാലങ്ങളെല്ലാം എന്നിൽ കുടിക്കൊള്ളുന്നു.

എല്ലാ പ്രവർത്തനങ്ങളുടെയും ആകെത്തുക ശൂന്യമാണ്. അതുകൊണ്ടു തന്നെ ഈശ്വരൻ അചഞ്ചലനായി അവ്യയനായി നിലക്കൊള്ളുന്നു. ദ്വന്ദ്വാനുഭവങ്ങൾ വ്യക്തിക്ക് അനുഭവവേദ്യവും സമഷ്ടിക്ക് അന്യവുമാണ്.

മുകളിൽ വിവരിച്ച സംഗതികൾ മനസ്സിലാക്കാനും സ്വായത്തമാക്കാനും കഴിഞ്ഞാൽ ജീവിതം ശാന്തസമുദ്രം പോലെ സുന്ദരാനുഭവമാകും. ഇത് സാദ്ധ്യമാകുന്നതിന് മൂന്നു മാർഗ്ഗങ്ങൾ ആചാര്യ ന്മാർ നിർദ്ദേശിക്കുന്നു. അവജ്ഞാനം, കർമ്മം, ഭക്തി എന്നിവയാണ്. ഇവയിൽ ഏറ്റവും ലളിതം ഭക്തിമാർഗ്ഗമാണ്. ഏറ്റവും ഉപയോഗപ്പെടു ന്നതും ഭക്തിമാർഗ്ഗം തന്നെ.

ഇനി ഗീതയിലെ രണ്ടു ശ്ലോകങ്ങൾ.

'നാദത്തേ കസ്യചിത് പാപം ന ചൈവ സുകൃതം വിഭുഃ

അജ്ഞാനേനാവൃതം ജ്ഞാനം തേന മുഹ്യന്തി ജന്തവ ഃ ഗീ. 5-15

സമോ ഹം സർവ്വഭൂതേഷു
˝നമേ ദ്വേഷ്യോ സ്തി ന പ്രിയ :
യേ ഭജന്തി തു മാം ഭക്ത്യാ
മയി തേ തേഷു ചാപ്യഹം (ഗീ. 9-29 )'

ഭഗവാൻ ഒരുത്തരുടേയും പാപപുണ്യങ്ങളുടെ ഭോക്താവാകുന്നില്ലെന്നും ആരോടും പ്രത്യേക മമതയോ വിദ്വേഷമോ പുലർത്തുന്നില്ലെന്നും യഥാർത്ഥ ഭക്തന്മാർ അദ്ദേഹത്തിലും അദ്ദേഹം അവരിലും സാന്നിദ്ധ്യം ചെയ്യുന്നു എന്നും സാരം.

ഗീതയിൽ ഭക്തിയെപ്പറ്റി പറയുമ്പോൾ അവ്യഭിചാരിണീ ഭക്തിയെന്നാണ് അടിവരയിട്ടുറപ്പിക്കുന്നത് - കച്ചവടമനസ്ഥിതിയോടെ അല്ലാത്ത ഭക്തി; മറ്റൊരു തരത്തിൽ പറഞ്ഞാൽ സ്നേഹം സ്നേഹത്തിനു വേണ്ടി മാത്രം.

മയിചാനന്യയോഗേന
ഭക്തിരവ്യഭിചാരിണി
വിവിക്ത ദേശസേവിത്വ-
മരതിർജ്ജന സംസദി (ഗീ ഃ 13 -10)
മാം ചയോ വ്യഭിചാരേണ
ഭക്തിയോഗേന സേവതേ
സ ഗുണാൻ സമതീത്യൈ താൻ
ബ്രഹ്മഭൂയായ കല്പതേ (ഗീ. 14 -26 )

യഥാർത്ഥ ഭക്തൻ താനും ലോകവും തമ്മിൽ പരസ്പരം തന്മയീഭാവത്തിൽ വർത്തിക്കുന്നവനും വികാരവിക്ഷോഭങ്ങൾക്ക് അതീതനും ആയിരിക്കണമെന്ന് ഭക്തിയോഗത്തിൽ ഗീത ഉദ്ഘോഷിക്കുന്നു.

യസ്മാന്നോദ്വിജതേ ലോകോ
ലോകാന്നോദ്വിജതേ ച യ : (ഗീ : 12-15 )
ഹർഷാമർഷഭയോദ്വേഗൈർ-
മുക്തോ യ ഃ സ ച മേ പ്രിയ ഃ (ഗീ.12-15 )

അതു പോലെ ഉത്തമനായ യോഗി മറ്റുള്ളവരുടെ സുഖദു:ഖങ്ങളെ തന്നിൽ സംഭവിക്കുന്നതു പോലെ ഉൾക്കൊള്ളാൻ കഴിയുന്നവനാണെന്നും വിശദീകരിക്കുന്നു.

ആത്മൗപമ്യേന സർവ്വത്ര സമം പശ്യതി
യോ ർജ്ജുന
സുഖം വാ യദി വാ ദു:ഖം സ യോഗീ
പരമോ മത ഃ (ഗീ ഃ 6-32)

മേല്പറഞ്ഞതിൽ നിന്നെല്ലാം നിഗമനം ഒന്നേ ഉള്ളു. അതായത്, ജഗത് ബ്രഹ്മതത്ത്വത്തിന്റെ പരിസ്പുരണം എന്ന് മനസ്സിലാക്കി സർവ്വ ചരാചരങ്ങളോടും തന്മയീഭാവത്തോടുകൂടി വർത്തിക്കുന്നതാണ് ആദ്ധ്യാത്മികത.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 സെപ്റ്റംബർ / ഒക്ടോബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 20.09.18 | | സി. രാമചന്ദ്രൻ | ദ്വൈതവും അദ്വൈതവും | 986 |
| 27.09.18 | | ഡോ. ജി. മാധവൻ നായർ | നീലക്കുറിഞ്ഞിയുടെ നിശ്ശബ്ദ നിലവിളി | 987 |
| 04.10.18 | സുമതി ശ്രീകുമാർ | പി. ആർ. ബാലകൃഷ്ണൻ | ചിതറിയ ചിന്തകൾ 3-ാം ഭാഗം | 988 |
| 11.10.18 | രാംമോഹൻ നായർ | കല്പകവല്ലി | ഉത്തരാമായണത്തിലൂടെ | 989 |

## 2018 ആഗസ്റ്റ് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. കമലാദേവി**
L/0267
കാക്കത്തുപറമ്പിൽ
കാരിക്കാമുറി
കൊച്ചി – 682011



**ഒ.കെ. അച്യുതമേനോൻ**
L/1272,
13 എ, പൈൻവുഡ് അപ്പാർട്ട്മെന്റ്
സ്കൈലൈൻ സിറ്റി പാർക്ക്
ജവഹർ നഗർ
കടവന്ത്ര, കൊച്ചി – 682020



**എം. കെ. കേശവൻ**
L/2412
36/2127, മൈത്രി
ഷേണോയി റോഡ്, കലൂർ
കൊച്ചി – 682017

## 24-ാം ചരമവാർഷികം

**28 .9 .2018**



**കെ. നന്ദകുമാർ**
**ലക്ഷ്മി ഭവൻ**
**മുട്ടത്തിൽ ലെയ്ൻ**
**കടവന്ത്ര**
**കൊച്ചി – 682020**

## 6-ാം ചരമവാർഷികം

**08.10.2018**



**സരസ്വതി അമ്മ**
**കെഴുപ്പിള്ളിൽ ഹൗസ്**
**കടവന്ത്ര**
**കൊച്ചി – 682020**





# സ്ത്രീകൾ കഠിനഹൃദയരാണോ?

**ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903**

സ്ത്രീകൾ പൊതുവെ കഠിനഹൃദയരാണെന്ന് പുരുഷന്മാർ പറയാറുണ്ട്. കാമുകന്മാരും ഭർത്താക്കന്മാരും പ്രത്യേകിച്ചും പറയും. സ്ത്രീഹൃദയമൊരു കല്ലാണോ? എന്ന് സാഹിത്യകാരന്മാർ ഉപയോഗിക്കുന്ന വിശേഷണമാണ്. എന്നാൽ യാഥാർത്ഥ്യമെന്താണ്. സ്ത്രീകളിലും ഹൃദ്രോഗസാധ്യതകൾ പുരുഷന്മാർക്കൊപ്പമാണെന്നും ചിലപ്പോൾ പുരുഷന്മാരേക്കാൾ കൂടുതൽ സാധ്യതയുണ്ടെന്നുള്ളതുമാണ്.

**സ്ത്രീകളിൽ ഹൃദ്രോഗം വരാനുള്ള കാരണങ്ങൾ: –** പാരമ്പര്യമായ ഹൃദ്രോഗസാധ്യതകൾ സ്ത്രീകളിൽ കൂടുതലാണ്. പുരുഷന്മാരിൽ ഏകദേശം 45 വയസ്സ് ആകുമ്പോൾ കാണുന്ന ഹൃദ്രോഗങ്ങൾ സ്ത്രീകളിൽ 55 വയസ്സിന് ശേഷമാണ് പൊതുവെ കാണുന്നത്. ഹൃദയപേശികൾക്കുണ്ടാകുന്ന തകരാറുകൾ, ഹൃദയധമനികളിലുണ്ടാകുന്ന തടസ്സങ്ങൾ (Blocks) ഹൃദയത്തിന്റെ വാൾവുകൾക്കുണ്ടാകുന്ന തകരാറുകൾ, പ്രമേഹജന്യമായ ഹൃദയരോഗങ്ങൾ, രക്താതിമർദ്ദത്താലുണ്ടാകുന്നവ, ശ്വാസകോശത്തിനുണ്ടാകുന്ന അസുഖങ്ങൾ എന്നിവയാണ് സാധാരണയായി പറയാവുന്ന ഹൃദ്രോഗങ്ങൾ 65 വയസ്സിന് മുകളിലുള്ള സ്ത്രീകളിൽ 5 പേർ മരിക്കുമ്പോൾ അതിലൊരാൾ ഹൃദ്രോഗം മൂലമാണ് മരിക്കുന്നതെന്നാണ് ഔദ്യോഗിക കണക്ക്. സ്ത്രീകളിൽ ഏറ്റവും കൂടുതൽ കാണുന്ന ഹൃദ്രോഗം

1. Coronary artery disease (ഹൃദയ ധമനികളുടെ തടസ്സത്താലോ ചുരുങ്ങലിനാലോ ഉണ്ടാകുന്നത്) ആണ്. ഇത് ഹൃദയാഘാതത്തിന് കാരണമാകുന്നു.
2. Broken Heart Syndrome : അമിതമായ വികാര വിക്ഷോഭത്താൽ ഹൃദയത്തിന്റെ പേശികൾക്കുണ്ടാകുന്ന സമ്മർദ്ദം കാരണം ഹൃദയത്തിന്റെ പ്രവർത്തനം നിന്നുപോകുക സ്ത്രീകളിൽ കൂടുതലായി കാണുന്നു.
3. പ്രമേഹരോഗികളിൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ ഹൃദ്രോഗം വരാനുള്ള സാധ്യത കൂടുതലാണ്.
4. മാനസിക സമ്മർദ്ദത്താൽ : മാനസിക സമ്മർദ്ദം സ്ത്രീകളെ പുരുഷന്മാരേക്കാൾ കൂടുതൽ ഹൃദ്രോഗത്തിലേക്ക് നയിക്കും. അമിതമായ ആകാംക്ഷയും വിഷാദരോഗവും സ്ത്രീകളിൽ കൂടുതലായതിനാൽ ജീവിതശൈലി ജന്യരോഗങ്ങളും അതിനാൽ ഹൃദ്രോഗവും കൂടുതൽ വരാം.
5. ശാരീരികാദ്ധ്വാനം കുറയുന്നതും കൃത്യമായ വ്യായാമമില്ലായ്മയും സ്ത്രീകളിൽ ഹൃദ്രോഗ സാധ്യത കൂട്ടുന്നു.
6. ആർത്തവ വിരാമം : ആർത്തവ വിരാമ കാലത്ത് ഈസ്ട്രജൻ എന്ന ഹോർമോണിന്റെ അളവ് കുറയുന്നത് സ്ത്രീകളിൽ ഹൃദയധമനികൾക്ക് രോഗങ്ങളുണ്ടാകുവാൻ കാരണമാകുന്നു.
7. കീമോ തെറാപ്പി, റേഡിയേഷൻ എന്നിവ സ്ത്രീകളിൽ ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുന്നു.
8. പ്രസവസംബന്ധമായ കാരണങ്ങൾ : ഗർഭിണികൾക്ക് രക്താതിമർദ്ദം, പ്രമേഹം എന്നിവയുണ്ടാകുന്നത് ഹൃദ്രോഗങ്ങളുടെ ആരംഭത്തിന് കാരണമാകുന്നു.

സ്ത്രീകളിൽ സാമാന്യമായി കാണുന്ന ഹൃദയസ്തംഭനത്തിന്റെ (Heart Attack) ലക്ഷണങ്ങൾ.

പുരുഷന്മാരിൽ കാണുന്നപോലെ അതിശക്തമായ ഹൃദയപേശീവേദനയോ സങ്കോചമോ സ്ത്രീകളിൽ കാണാറില്ല. നെഞ്ചുവേദനയില്ലാതെ തന്നെ സ്ത്രീകളിൽ ഹാർട്ട് അറ്റാക്ക് വരാം. നെഞ്ചിലോ ഹൃദയ ഭാഗത്തോ വേദനയോ പ്രയാസമോ ഉണ്ടാകണമെന്നില്ല.

**സാധാരണ സ്ത്രീകളിൽ കാണാറുള്ള ഹാർട്ട് അറ്റാക്ക് ലക്ഷണങ്ങൾ ഇവയാണ്.**

1. കഴുത്ത്, പിടലി, ചുമൽ ഇവിടങ്ങളിൽ അസ്വസ്ഥത, വയറിന് അസ്വസ്ഥത – ദഹനസംബന്ധമായ ഗ്യാസിന്റെ അസുഖമാണെന്നു തോന്നാം.
2. കിതപ്പ്
3. ഒരു കൈക്കു മാത്രമോ രണ്ടു കൈക്കും കൂടിയോ വേദന
4. ഛർദ്ദിക്കാൻ വരിക
5. അകാരണമായി വിയർക്കുക
6. ചെറുതായി തലകറക്കം വരിക
7. അകാരണമായി ക്ഷീണം അനുഭവപ്പെടുക

ഹൃദയത്തിലെ ചെറിയ ധമനികളിൽ പോലും തടസ്സം ഉണ്ടാകുമെന്നതിനാൽ നുറുങ്ങുന്നതു പോലെയുള്ള വേദനയാണ് അനുഭവപ്പെടുന്നത്.

വിശ്രമിക്കുമ്പോഴോ ഉറക്കത്തിലോ ഈ ലക്ഷണങ്ങൾ വരാമെന്നതിനാൽ സ്ത്രീകളിൽ വരുന്ന ഹാർട്ട്

അറ്റാക്ക് പെട്ടെന്ന് തിരിച്ചറിയുവാനും ചികിത്സിക്കുവാനും പ്രയാസമാണ്.

### എന്താണ് ഹാർട്ട് അറ്റാക്ക്

ഹൃദയത്തിന്റെ പേശികളിലേക്ക് ഓക്സിജൻ വഹിച്ചെത്തുന്ന രക്തധമനികൾ വളരെ ചുരുങ്ങുകയോ മുഴുവനായി തടസ്സപ്പെടുകയോ ചെയ്യുമ്പോൾ ഹൃദയപേശികളുടെ പ്രവർത്തനം നിൽക്കുന്ന അവസ്ഥയാണ് ഹാർട്ട് അറ്റാക്ക്. ചുരുങ്ങിയിരിക്കുന്ന ഹൃദയധമനികളിൽ കൊളസ്ട്രോൾ, ഫാറ്റ് എന്നിവ അടിഞ്ഞ് പെട്ടെന്ന് പരിപൂർണ്ണമായി തടസ്സം വരികയാണ് ചെയ്യുന്നത്. കൊറോണറി ഹാർട്ട് ഡിസീസിനേയും (Coronary Heart Disease ) Heart Attack (ഹൃദയ സ്തംഭനം) നെയും നാം വേർതിരിച്ചറിയണം. ഹൃദയധമനികളിൽ കൊഴുപ്പ്, കൊളസ്ട്രോൾ എന്നിവ അടിഞ്ഞ് കൂടി ധമനികളിലൂടെയുള്ള രക്തപ്രവാഹം തടസ്സപ്പെടുന്ന അവസ്ഥയാണ് Coronary Heart Disease .

Coronary Heart Disease ഉള്ളവരിൽ പെട്ടെന്ന് ഹൃദയധമനികളിൽ രക്തചംക്രമണം പരിപൂർണമായി തടസ്സപ്പെടുമ്പോൾ ഉണ്ടാകുന്ന പെട്ടെന്നുള്ള പ്രയാസമാണ് ഹൃദയസ്തംഭനം (Heart Attack ) നേരത്തെ കാരണങ്ങൾ കാണിക്കാതെ പെട്ടെന്ന് ഹൃദയം സ്തംഭിക്കാറുണ്ട്. 'Massive Cardiac failure' എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ അവസ്ഥ പലപ്പോഴും പ്രമേഹരോഗികളിലും ഹൃദ്രോഗികളിലും തന്നെയാണ് സംഭവിക്കുന്നത്.

ഹൃദയധമനികളിലെ രക്തചംക്രമണം പരിപൂർണ്ണമായി തടസ്സപ്പെട്ടാൽ പക്ഷാഘാതവും (Stroke) വരാനുള്ള സാധ്യതയുണ്ട്.

### ഹൃദ്രോഗങ്ങളെ എങ്ങനെ കണ്ടുപിടിക്കാം

നമുക്ക് ഹൃദ്രോഗം വരാനുള്ള സാധ്യതകൾ അറിഞ്ഞ് അതിനനുസരിച്ച് ഭക്ഷണം, ജീവിതചര്യ, മരുന്നുകൾ, പത്ഥ്യം എന്നിവ അനുഷ്ഠിക്കുന്നതാണ് അഭികാമ്യം.

കാലാനുസൃതമായി (Periodic) പരിശോധനകൾ നടത്തുക തന്നെയാണ് ഏറ്റവും നല്ല രീതി.

1. രക്തസമ്മർദ്ദം കൂടുതൽ കാണുന്നുണ്ടെങ്കിൽ കൃത്യമായ മരുന്നിലൂടെയും ഭക്ഷണക്രമങ്ങളിലൂടെയും നിയന്ത്രണത്തിൽ വരുത്തണം.
2. പ്രമേഹം വരാനുള്ള പാരമ്പര്യ സാധ്യതകൾ ഉണ്ടെങ്കിൽ കൃത്യമായി പരിശോധന നടത്തുകയും ഭക്ഷണക്രമം ശീലിക്കുകയും വേണം.
3. അമിതവണ്ണം വരാതെ നോക്കണം. അമിത വണ്ണമുള്ളവരിൽ ഹൃദ്രോഗസാധ്യത കൂടുതലാണ്.
4. കൊളസ്ട്രോളിന്റെ അളവ് രക്തത്തിൽ വളരെ കൂടുതലായിട്ടുണ്ടെങ്കിൽ നിയന്ത്രണത്തിൽ വരുത്തണം.
5. സംശയം തോന്നുന്ന പക്ഷം ഡോക്ടറെ കാണാൻ മടിക്കരുത്. ഹൃദ്രോഗ സാധ്യത നേരത്തെ അറിയുന്നതിനായി ധാരാളം രക്തപരിശോധന മാർഗ്ഗങ്ങൾ ഇപ്പോൾ ഉണ്ട്.
6. എക്സ്റേ, ആഞ്ചിയോഗ്രാം (Angiography )എക്കോ കാർഡിയോഗ്രാഫി, ഇ. സി. ജി Stress Test എന്നിവയെല്ലാം ഹൃദ്രോഗം വരുവാനുള്ള സാധ്യതയെ കണ്ടുപിടിക്കാൻ സഹായിക്കും.

ഹൃദ്രോഗം വരാതിരിക്കാൻ എന്തെല്ലാം ചെയ്യാം ഹൃദ്രോഗം വന്ന് കഴിഞ്ഞാൽ മരുന്നോ, ഓപ്പറേഷനോ വേണ്ടി വരുമെന്ന് എല്ലാവർക്കുമറിയാം. ചെറിയ തോതിലുള്ള ധമനീതടസ്സങ്ങളൊക്കെ മരുന്നിനാൽ മാറുമെങ്കിലും വളരെ വലിയ തടസ്സങ്ങളെ (Block) ആൻജിയോഗ്രാം ചെയ്ത് നീക്കം ചെയ്യുക തന്നെ വേണ്ടി വരും. കൃത്യസമയത്ത് ചികിത്സ ചെയ്താൽ പരിപൂർണ്ണമായും നിയന്ത്രണത്തിൽ കൊണ്ട് വരുവാൻ സഹായിക്കും.

### 1. ദിനചര്യ

കൃത്യമായ വ്യായാമം ഒരു പരിധി വരെ ഹൃദ്രോഗത്തെ മാറ്റി നിർത്തും. ദിവസേന 45 മിനുട്ടെങ്കിലും നടക്കുക. അല്ലെങ്കിൽ അതിവേഗത്തിൽ Tredmill, Cross Trainer തുടങ്ങിയ ഉപകരണത്തിൽ 20 മിനുട്ടെങ്കിലും വ്യായാമം ചെയ്യുക തന്നെ വേണം. അടുക്കളയിൽ ജോലി ചെയ്യുന്നതോ ജോലിസ്ഥലത്ത് അലഞ്ഞ് നടക്കുന്നതോ വ്യായാമമായി കാണാൻ പറ്റില്ല.

### 2. അമിതവണ്ണം

BMI (Body Mass Index) 25 – ൽ കൂടുതലാകരുത്

$$\frac{\text{Weight in Kg}}{\text{Height in Metre} \times \text{Height in Metre}}$$

ആണ് BMI. അതായത് 165 സെ.മി ഉയരമുള്ള 75 കി. ഗ്രാം തൂക്കമുള്ള ഒരാളുടെ

$$BMI = \frac{75}{1.65 \times 1.65} = \frac{75}{2.72} = 27.57$$

### 3. ആരോഗ്യകരമായ ഭക്ഷണക്രമം

കൃത്യസമയത്ത് ഭക്ഷണം കഴിക്കുക, പ്രാതൽ വൈകിക്കരുത്. ഉച്ചയ്ക്കും രാത്രിയും ലഘുവായ രീതീയിൽ ഭക്ഷണം. കൊഴുപ്പ് കൂടരുത്. രാത്രി ഭക്ഷണം നേരത്തെ കഴിക്കുക. മൂന്നു മണിക്കൂറിന് ശേഷം മാത്രം ഉറങ്ങുക, ധാരാളം പച്ചക്കറികൾ കഴിക്കുക. ഉച്ചയ്ക്ക് ഉറങ്ങാതിരിക്കുക. പനീർ, മട്ടൺ, ബീഫ്, ചിക്കൻ, എന്നിവ കുറയ്ക്കുക. ധാരാളം വെള്ളം കുടിക്കുക.

### 4. Blood Cholestrole

രക്തത്തിൽ അമിതമായ കൊഴുപ്പിൽ ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടാനും തടസ്സമു

(ശേഷം 44-ാം പേജിൽ)





ഭൂമിക്കൊരു സങ്കീർത്തനം 8

# സമുദ്രങ്ങൾ

സി. രാമചന്ദ്രൻ

ഭൂമിയിലെ അതിവിശാലമായ ഉപ്പുവെള്ളപ്പരപ്പാണ് സമുദ്രം. അത് യോജിച്ചാണ് കിടക്കുന്നതെങ്കിലും, തൊട്ടുകിടക്കുന്ന ഭൂഖണ്ഡങ്ങളുമായി ബന്ധപ്പെടുത്തി അഞ്ചായി വിഭജിച്ചിരിക്കുന്നു പസഫിക്, ഇൻഡ്യൻ , അറ്റ്ലാന്റിക് , ആർട്ടിക് , അന്റാർടിക് എന്നിങ്ങനെ. ഇതു കൂടാതെ കരകളുമായി ബന്ധപ്പെടുത്തി തൊട്ടടുത്ത സമുദ്രഭാഗങ്ങളെ കടലുകളായും അറിയപ്പെടും അറബിക്കടൽ , മെഡിറ്ററേനിയൻ കടൽ എന്നിങ്ങനെ ഉദാഹരണം. കപ്പൽ സഞ്ചാരം, മത്സ്യബന്ധനം , ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾ മനുഷ്യ സംസ്ക്കാരത്തെ എന്നപോലെ അറിവുകളിലും സമുദ്രവുമായി ബന്ധപ്പെടുത്തി നിറുത്തി. എന്നാൽ ഇരുപതാം നൂറ്റാണ്ടിൽ സ്ഥിതിമാറി. സമുദ്രത്തേയും, ഭൂമിയേയും കുറിച്ചുള്ള അറിവുകളുടെ നിലപാടുതറയിൽ വിപ്ലവകരമായ വ്യതിയാനം വരത്തക്കവണ്ണം പ്ലേറ്റ്ടെക്രോണിക്സ് സിദ്ധാന്തം നിലവിൽ വന്നു. ഭൂമിയുടെ ഉപരിതലം ഉറച്ച പ്ലേറ്റുകളായി വിഭജിക്കപ്പെട്ടിരിക്കുകയാണെന്ന സിദ്ധാന്തം ടുസ്സോവിത്സൺ പുറത്തിറക്കിയപ്പോൾ അത് ഫലകചലന സിദ്ധാന്തം എന്നു പ്രസിദ്ധമായി. ഭൂമിയെ സംബന്ധിച്ച പല ചോദ്യങ്ങൾക്ക് ഉത്തരവും പ്രതിഭാസങ്ങൾക്ക് വിശദീകരണവും ലഭിച്ചത് ഇതിനു ശേഷമാണ്.

സമുദ്രത്തിന്റെ ഉപരിതലപ്രവാഹങ്ങളെ നിയന്ത്രിക്കുന്നത് ഭൂമിയുടെ ഭ്രമണവും കാറ്റിന്റെ ഗതിയുമാണ്. എന്നാൽ അടിയൊഴുക്കുകൾ നിയന്ത്രിക്കപ്പെടുന്നത് താപനിലയേയും ലവണ സാന്ദ്രതയേയും ആശ്രയിച്ചാണ്. താപനില കൂടുമ്പോൾ ജലം കൂടുതലായി ബാഷ്പീകരിക്കപ്പെടുകയും ലവണത്വം കൂടുകയും ചെയ്യും. ധ്രുവപ്രദേശങ്ങളുടെ മഞ്ഞുകട്ടികളുടെ അളവു കൂടുന്നതും ലവണത്വം കൂടാൻ കാരണമാണ്. ലവണത്വം കൂടിയാൽ ജലം അതു കുറവുള്ള ഭാഗത്തേക്കു പ്രവഹിക്കും. ഇതു കാലാവസ്ഥയേയും ബാധിക്കുന്ന ഘടകങ്ങളാണ്.

അന്റാർട്ടിക്കയെ ചുറ്റി പടിഞ്ഞാറുനിന്ന് കിഴക്കോട്ടൊഴുകുന്ന 'അന്റാർട്ടിക് സർക്കം പോളാർ' എന്ന ഒരു പ്രവാഹമുണ്ട്. ഇത് ആർട്ടിക് ഒഴികെ എല്ലാ സമുദ്രങ്ങളേയും സ്പർശിക്കും. ഈ പ്രവാഹം ഭൂമദ്ധ്യരേഖ കടക്കുമ്പോൾ അടിത്തട്ടിലെ ജലം ഉപരിതല ജലവുമായി കലരും. പസഫിക് സമുദ്രത്തിലേക്കൊഴുകിയത് ഫിലിപ്പൈൻസ് ഇന്തോനേഷ്യാ പ്രദേശങ്ങൾ കടന്ന് ഇന്ത്യാ സമുദ്രത്തിലെത്തും, പിന്നീട് അറബിക്കടലിലെ ഊഷ്മള ജലം സ്വീകരിച്ച് ആഫ്രിക്കയുടെ കിഴക്കു തീരവും കടന്ന് മടക്കയാത്ര ചെയ്യും.

ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ആഗോള സമുദ്രപ്രവാഹം താപലവണ ചംക്രമണ പ്രവാഹങ്ങളുടെ പരമ്പരയാണ്. അതിലൊരാളായ വാലസ് ബ്രോക്കർ അതിനെ ഒരു കൺവയർ ബെൽറ്റിനോടാണ് ഉപമിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം നിലച്ചാലുള്ള പ്രത്യാഘാതങ്ങൾ വലുതാണ്. ഐസിന്റെ രൂപീകരണം കുറയുകയും ഹിമാനികൾ ഉരുകുകയും സമുദ്രനിരപ്പ് ഉയരുകയും ലവണസാന്ദ്രത കുറയുകയും ചെയ്യും. ഐസ് രൂപീകരണം നടക്കാതെ വന്നാൽ ഉത്തര അറ്റ്ലാന്റിക്കിൽ നിന്ന് യൂറോപ്പിലേയ്ക്ക് ഇപ്പോൾ വീശുന്ന ചൂടുകാറ്റിനു പകരം തണുത്ത കാറ്റായിരിക്കും വീശുക. അങ്ങനെ വന്നാൽ യൂറോപ്പിൽ വേനൽക്കാലമുണ്ടായിരിക്കുകയേയില്ല.

സമുദ്രോപരിതലത്തിൽ കാറ്റു വീശിയുണ്ടാകുന്നതാണ് സാധാരണ കടൽത്തിരകൾ, തിരകൾ കരയോടടുത്ത ആഴം കുറഞ്ഞ ഭാഗങ്ങളിലെത്തുമ്പോൾ തരംഗത്തിന്റെ കീഴ്ഭാഗം കടൽത്തട്ടിൽ ഉരസുകയും അലകൾ ഉയർന്നു പൊങ്ങിയതിനു ശേഷം തീരത്തു പതിക്കുകയും ചെയ്യും. കടലിനടിത്തട്ടിലെ ഭൂകമ്പം അഗ്നിപർവ്വത സ്ഫോടനം , ഉരുൾപൊട്ടൽ, ഹിമാനികളുടെപതനം, ഉല്ക്കാപതനം എന്നിവ വലിയ തിരമാലകളെ സൃഷ്ടിക്കുന്നു. ഇതിൽ ചിലതാണ് സുനാമിക്കു കാരണമാകുന്നത്.

കടലും കരയും ചേരുന്ന ഇടത്തെയാണ് തീരപ്രദേശം എന്നു പറയുന്നത്. ഇവിടെ ചരൽ, മണൽ, ചളി, ഗ്രാനൈറ്റ്, എന്നിവയുണ്ടാകാം. കടൽ നിരപ്പിലുള്ള ചതുപ്പുകൾ മുതൽ കടലിനോടു ചേർന്നു കിടക്കുന്ന കുന്നുകൾ വരെ തീരപ്രദേശത്തിലുൾപ്പെടും. ഹോളണ്ടിലെ തീരപ്രദേശം കടൽ നിരപ്പിനേക്കാൾ താഴ്ന്നതാണ്. വേലിയേറ്റവും ഇറക്കവും അനുഭവപ്പെടുന്നത് തീരപ്രദേശത്താണ്. ഭൂപ്രദേശത്തിന്റെ കിടപ്പിനും സ്ഥാനത്തിനുമനുസരിച്ച് ചിലയിടത്ത് ഇത് തീവ്രമായും മറ്റു ചിലയിടത്ത് ലഘുവായും അനുഭവപ്പെടും. കാലികമായ പരിണാമങ്ങൾ സംഭവിക്കുന്ന ഒരിടമാണ് തീരപ്രദേശം. അത് ഭൂകമ്പങ്ങൾ കൊണ്ടാവാം, പ്രവാഹങ്ങൾ കൊണ്ടാവാം, ഭൂവല്ക്കചലനങ്ങൾകൊണ്ടുമാകാം. അടിക്കടി മാറ്റങ്ങൾക്ക് വിധേയമാകുന്നതാണ് കേരളത്തിലെ തീരങ്ങൾ. തീരപ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ചാണ് അതാതിടങ്ങളിലെ ആവാസവ്യവസ്ഥ രൂപപ്പെടുന്നത്.

ഉറച്ചു കട്ടിയാവാത്ത അവസാദങ്ങളോ, പാറകൾ പൊടിഞ്ഞ തരികളോ ഉള്ള ഭാഗത്തെയാണ് ബീച്ച് എന്നു പറയുന്നത്. പാറകൾ പൊടിഞ്ഞ മണലിന് പല നിറങ്ങളുണ്ടാകാം. അത് അതിലെ രാസഘടകങ്ങൾക്കനുസരിച്ചാണ്. കേരള

തീരത്തെ കരിമണലും കന്യാകുമാരിയിലെ ബഹുവർണ്ണ മണലും ഇതിനുദാഹരണമാണ്. അതേ സമയം അഗ്നിപർവ്വത പ്രദേശങ്ങളിലെ രാസഘടന കേരളത്തിന്റേതിൽ നിന്ന് വ്യത്യസ്ഥമാണ്.തീരപ്രദേശരൂപങ്ങൾ രണ്ടുതരത്തിലുണ്ടാകാം. ഒന്ന് കരയിലെ വസ്തുക്കൾ ഊർന്നുപോയതുപോലെയുള്ളത്. രണ്ട് വസ്തുക്കളുടെ നിക്ഷേപം മൂലമുണ്ടാകുന്നത്. കേരളതീരത്തെ പലയിടങ്ങളിലും ഊർന്നുപോകലും നിക്ഷേപവും മാറി മാറി സംഭവിക്കുന്നുണ്ട്.

കാലഘട്ടങ്ങൾ മാറുമ്പോൾ സമുദ്രനിരപ്പിൽ വ്യതിയാനങ്ങൾ ഉണ്ടാകും. ഹിമയുഗത്തിൽ സമുദ്ര നിരപ്പ് താഴെയായിരുന്നു. ഇന്നാകട്ടെ ആഗോള വ്യാപകമായി താപനില ഉയർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സമുദ്രനിരപ്പും ഉയരാനുള്ള പ്രവണതയിലാണ്.

( തുടരും )

## സ്ത്രീകൾ കഠിനഹൃദയരാണോ?....

**(42-ാം പേജിൽ നിന്ന് തുടർച്ച)**

ണ്ടാക്കാനും കാരണമാകുന്നു. അതിനാൽ രക്തത്തിലെ കൊഴുപ്പ് നിയന്ത്രിക്കുക തന്നെ വേണം. ധാരാളം വ്യായാമം ചെയ്യുന്നവരിൽ HDL (നല്ല കൊളസ്ട്രോൾ) കൂടുതലുണ്ടാകും. ഫിസിഷ്യൻ നിങ്ങൾക്ക് വേണ്ട നിർദ്ദേശം തരും.

### 5. രക്താതിമർദ്ദം (Hyper Tension)

രക്താതിമർദ്ദം പല കാരണങ്ങളാൽ ഉണ്ടാകാം. നേരത്തെ പറഞ്ഞ കൊഴുപ്പ് രക്തത്തിൽ കൂടുക. അമിതവണ്ണം, ആകാംക്ഷ , വ്യായാമമില്ലായ്മ എന്നിവയെല്ലാം രക്താതി മർദ്ദത്തിന് കാരണമായേക്കാം. അതിനാൽ സമയാനുഗതമായി ബ്ലഡ് പ്രഷർ പരിശോധിക്കണം.

### 6. Blood Sugar

അമിതമായ Blood Sugar (പ്രമേഹം) ഹൃദയ പേശികളെ ക്ഷീണിപ്പിച്ച് ഹൃദ്രോഗത്തെ ഉണ്ടാക്കുമെന്നതിനാൽ വർഷാവർഷമുള്ള രക്തപരിശോധന കൃത്യമായി നടത്തുക. പ്രമേഹത്തിന്റെ തുടക്കം കണ്ടാൽ ഉടൻതന്നെ കൃത്യമായ ഭക്ഷണക്രമം, വ്യായാമം. മരുന്നുകൾ എന്നിവ ശീലിക്കുക.

### 7. ജീവിതശൈലി ആരോഗ്യപ്രദമാക്കുക

കുട്ടികളിൽ തന്നെ പ്രമേഹം, അമിതവണ്ണം, പെൺകുട്ടികളിൽ ആർത്തവജന്യരോഗങ്ങൾ എന്നിവ ഇപ്പോൾ സാധാരണമായിരിക്കുന്നു. Junk Food കളുടെ അമിതോപയോഗം, അദ്ധ്വാനിക്കാതെ എപ്പോഴും മൊബൈൽ ഫോൺ നോക്കിയോ, കംപ്യൂട്ടർ നോക്കിയോ ഇരിക്കുക, രാത്രി വൈകി ഉറങ്ങാതിരിക്കുക തുടങ്ങിയവയെല്ലാം അനാരോഗ്യ ശീലങ്ങളാണ്. നമ്മൾ സൗകര്യപൂർവ്വം ഈ വക കാര്യങ്ങൾ മറക്കുന്നു.

### 8. ലശുനക്ഷീരം ശീലിക്കുക

ചെറിയ തോതിൽ കൊളസ്ട്രോൾ കൂടുതലാണെങ്കിൽ നാലുപോള വെളുത്തുള്ളി ചതച്ച് കാൽ ഗ്ലാസ് പാലിൽ തിളപ്പിച്ച് പിഴിഞ്ഞ് ആ പാൽ കുടിക്കുക. ഇത് ദിവസേന രാത്രി ശീലിക്കാവുന്നതാണ്.

9. രാത്രി കിടക്കാൻ നേരത്ത് 5 ഗ്രാം തൃഫലചൂർണം ഇളം ചൂടുവെള്ളത്തിൽ കലക്കി കുടിക്കുക.

10. മാസത്തിലൊരിക്കൽ വയറിളക്കുക

11. രണ്ടാഴ്ച കൂടുമ്പോൾ ഉപവസിക്കുക

12. കൃത്യമായ വൈദ്യ പരിശോധന നടത്തുക

മേൽപറഞ്ഞ കാര്യങ്ങൾ സ്ഥിരമായി ശ്രദ്ധിക്കുകയാണെങ്കിൽ ഒരു പരിധി വരെ ഹൃദ്രോഗത്തെ അകറ്റി നിർത്താം. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം പുരുഷന്മാർക്കും കൂടി ബാധകമാണ്.

ഇനി സ്ത്രീകളെ കഠിനഹൃദയരെന്നു വിളിക്കരുത്. ഹൃദയശൂന്യയെന്ന് പറയരുത്. അവരുടെ ഹൃദയം പുരുഷന്മാരേക്കാൾ മൃദുലമാണ്. അവർക്ക് പ്രത്യേക പരിഗണന നൽകണം.

ഈ ലേഖനം സ്ത്രീകൾക്കായി സമർപ്പിക്കുന്നു.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 ആഗസ്റ്റ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ബി. പി. സി. എൽ, അമ്പലമുഗൾ | 1,00,000/- |
| 2. ശ്രീ. ജെയിൻ ഖെർസിംഗ്, സൂം ഏജൻസീസ്, കരിമ്പറ്റ ക്രോസ് റോഡ്, കൊച്ചി -682016 | 19,000/- |
| 3. ഡോ. കൃഷ്ണദാസ് മേനോൻ, ജി - 186 പാഞ്ചജന്യ, പനമ്പിള്ളി നഗർ, കൊച്ചി | 10,000/- |
| 4. ശ്രീ. മോഹൻപിള്ള, ഡി - 11 സി, നാഗാർജ്ജുന പേൾബേ, കടവന്ത്ര, കൊച്ചി - 682020 | 10,000/- |
| 5. ശ്രീമതി. സിന്ധു ശശികുമാർ, പാർവണം, ലയൻസ് ക്ലബ്ബ് റോഡ്, എൻ. എഫ് ഗേറ്റ്, തൃപ്പൂണിത്തുറ | 10,000/- |





# കലാലയ രാഷ്ട്രീയ നിരോധനം ഒരു വിചിന്തനം

**പ്രൊഫ. വി.പി.ജി.മാരാർ**

ഒരു സ്വകാര്യ കോളേജ് മാനേജ്മെന്റ് നൽകിയ കേസിൽ കലാലയങ്ങളിൽ രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചുകൊണ്ട് 2017 ഒക്ടോബറിൽ കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. ഈ വിധി മറികടക്കുവാനുള്ള നിയമം നിർമ്മിക്കുവാൻ കേരളസർക്കാർ നടപടി എടുത്തുവരുന്ന സമയത്താണ് കലാലയ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് എറണാകുളം മഹാരാജാസ് കോളേജിലെ ഒരു വിദ്യാർത്ഥി അതി ദാരുണമായി കൊലചെയ്യപ്പെടുവാനിടയായത്. ഈ വിഷയം വീണ്ടും സജീവ ചർച്ചയാകുവാൻ ഇത് കാരണമായി.

മഹാരാജാസ് കോളേജിൽ ഈയിടെ നടന്നതിന് സമാനമായ ഒരു സംഭവം 1989 ൽ മഹാരാഷ്ട്ര യൂണിവേഴ്സിറ്റിയിൽ നടന്നിരുന്നു. ജിതേന്ദ്രചൗഹാൻ ലോകോളേജിനു പുറത്തുവച്ച് രാത്രിയിൽ ഒരു വിദ്യാർത്ഥിനേതാവിനെ ഒരു സംഘം ആളുകൾ കുത്തിക്കൊലപ്പെടുത്തി. തുടർന്നു നടന്ന സംഭവവികാസങ്ങൾ മഹാരാഷ്ട്ര യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുന്നതിന് ഇടയാക്കി. 1994 ൽ പാസ്സാക്കിയ മഹാരാഷ്ട്ര യൂണിവേഴ്സിറ്റി ആക്റ്റ് പ്രകാരം വിദ്യാർത്ഥി രാഷ്ട്രീയം അവിടുത്തെ ക്യാമ്പസുകളിൽ പൂർണ്ണമായി നിരോധിച്ചു. 2016 വരെ ഈ നില തുടർന്നു. 2016 ൽ കൊണ്ടു വന്ന പുതിയ യൂണിവേഴ്സിറ്റി ആക്റ്റ് പ്രകാരം വീണ്ടും വിദ്യാർത്ഥി രാഷ്ട്രീയത്തിന് അനുമതി നൽകിയിരിക്കയാണ്. 2017 മാർച്ച് ഒന്നു മുതൽ ഈ നിയമം അവിടെ പ്രാബല്യത്തിൽ വന്നു.

### വിദ്യാർത്ഥി രാഷ്ട്രീയം ഇന്ത്യയിൽ

ഇന്ത്യയിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന് നൂറ്റി അമ്പതു വർഷത്തിലേറെ പഴക്കമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വിദ്യാർത്ഥികൾ പ്രധാനപ്പെട്ട ഒരു പങ്കുവഹിച്ചിരുന്നു. സ്വദേശി പ്രസ്ഥാനവുമായി ബന്ധപ്പെട്ടു നടന്ന സമരത്തിൽ വിദ്യാർത്ഥികൾ കൂട്ടത്തോടെ പങ്കെടുത്തു. ആദ്യം ചർക്ക സ്വരാജ്, പിന്നീട് വിദ്യാഭ്യാസം (Charka Swraj first Education after) എന്നതായിരുന്നു അന്നവരുയർത്തിയ മുദ്രാവാക്യം. ഈ സമരം വിദ്യാർത്ഥികൾക്കിടയിൽ ആത്മവീര്യം പകരാനും അവരിൽ ഒരു വിപ്ലവാത്മകചിന്ത ഉരുത്തിരിയുവാനും ഇടയാക്കി. 1920 ൽ നിസ്സഹകരണ സമരവുമായി ബന്ധപ്പെട്ട് ഗാന്ധിജി തന്നെ സ്കൂളുകളും കോളേജുകളും ബഹിഷ്കരിക്കുവാൻ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. തുടർന്ന് നാഗ്പൂരിൽ ചേർന്ന അഖിലേന്ത്യാ കോളേജ് വിദ്യാർത്ഥി സമ്മേളനം വിദ്യാലയങ്ങൾ ബഹിഷ്ക്കരിച്ച് സമരത്തിൽ പങ്കുചേരുവാൻ നിശ്ചയിച്ചു. 1930 ലെ ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ടും, 1942 ലെ ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ടും, വിദ്യാർത്ഥികൾ കൂട്ടത്തോടെ ക്ലാസ്സുകൾ ബഹിഷ്ക്കരിച്ച് സമരത്തിൽ അണിചേർന്നു. വിദ്യാഭ്യാസ രംഗത്തെ ദുഷ്പ്രവണതകൾക്കെതിരായുള്ള ഒരു തിരുത്തൽ ശക്തിയായും ഈ കാലഘട്ടത്തിൽ അവർ പ്രവർത്തിച്ചിരുന്നു.

### വിദ്യാർത്ഥി സമരം കേരളത്തിൽ

കേരളത്തിലെ വിദ്യാർത്ഥി സമൂഹം സ്വാതന്ത്ര്യ സമരത്തിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്നു. ദേശീയ താൽപര്യങ്ങൾക്കുപരിയായി ഇവിടെ രാഷ്ട്രീയ താൽപര്യം രൂപം കൊണ്ടത് 1958 ൽ നടന്ന 'ഒരണ സമര'ത്തോടെയാണെന്നു പറയാം. കുട്ടനാട്ടിലെ ബോട്ടുകൂലി ഒരണ (6 പൈസ) ആയിരുന്നത് പത്തുപൈസ ആക്കിയതിനെതിരെ ആയിരുന്നു സമരം. ( ഈ സമരത്തിന് ശ്രീ. കെ. കേളപ്പൻ എതിരായിരുന്നു എന്ന കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്). ഇടതുപക്ഷ സർക്കാരിനെതിരെ പ്രതിപക്ഷ കക്ഷിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വിദ്യാർത്ഥി വിഭാഗം നടത്തിയ ഈ സമരം വിദ്യാർത്ഥികളുടെ ശക്തിയെക്കുറിച്ച് അവരെ ബോധവാന്മാരാക്കി. ഈ സമരത്തിലുണ്ടായ വിജയം കൂടുതൽ സമരങ്ങൾ നടത്തുവാൻ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം പകർന്നു. പിന്നീട് ഇടതു സർക്കാരിനെതിരെ നടന്ന വിമോചന സമരത്തിലും ഈ വിദ്യാർത്ഥി സംഘടനകൾ പങ്കെടുത്തു. ഇതിന് വിവിധ സമുദായങ്ങളുടെ പ്രോത്സാഹനവുമുണ്ടായിരുന്നു. ഈ സമരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ പലരും പിന്നീട് ഭരണ രംഗങ്ങളിൽ ഉന്നതസ്ഥാനങ്ങളിലെത്തുകയും ചെയ്തു.

1960 ആയപ്പോഴേക്കും കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനകളും തികഞ്ഞ രാഷ്ട്രീയ ബോധത്തോടെ പ്രവർത്തിക്കുവാൻ തുടങ്ങി. 1967 ലെ രണ്ടാം ഇടതുപക്ഷ മന്ത്രിസഭ അധികാരമേറ്റ ശേഷം വിദ്യാലയരംഗം കൂടുതൽ കലുഷിതമായി. സമര രംഗത്തുണ്ടായിരുന്നത് കോൺഗ്രസ് അനുകൂല സംഘടനകളായിരുന്നതിനാൽ വിദ്യാർത്ഥികളെ അടിച്ചൊതുക്കുന്ന രീതിയാണ് സർക്കാർ സ്വീകരിച്ചത്. മർദ്ദനത്തിനിരയായവർക്ക് സമൂഹത്തിൽ കിട്ടിയ അംഗീകാരം കൂടുതൽ അക്രമാസക്ത സമരങ്ങൾക്ക് അവരെ പ്രോത്സാഹിപ്പിച്ചു. അക്രമ രാഷ്ട്രീയം വിദ്യാലയങ്ങളിൽ കൂടുതൽ പ്രകടമായത് ഈ കാലം മുതലായിരുന്നു. സംഘടനാ സ്വതന്ത്ര്യത്തിനു വേണ്ടിയും അവകാശ സംരക്ഷണങ്ങളുടെ പേരിലും ഈ ഘട്ടത്തിൽ എല്ലാ വിദ്യാർത്ഥി സംഘടന

കളും രംഗത്തുവന്നു. 1969 ൽ യൂണിവേഴ്സിറ്റി സെനറ്റിൽ വിദ്യാർത്ഥികൾക്കു പ്രാതിനിധ്യം ലഭിച്ചു.

1972 ൽ സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം ലഭിക്കുന്നതിന് വേണ്ടി (Direct Payment) കോളേജ് അദ്ധ്യാപകർ നടത്തിയ സമരത്തെ വിദ്യാർത്ഥികളും പിന്തുണച്ചു. കോളേജുകളിലെ ഫീസ് ഏകീകരണത്തിനുവേണ്ടി അവരും രംഗത്തിറങ്ങി. ദീർഘകാലം കോളേജുകൾ അടഞ്ഞു കിടന്നു. മാനേജുമെന്റുകൾക്കും കൂടി സ്വീകാര്യമായ വ്യവസ്ഥകളോടെ (അദ്ധ്യാപക നിയമനം, വിദ്യാർത്ഥി പ്രവേശനം എന്നിവയുടെ കാര്യത്തിൽ) ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. ഇതോടെ വിദ്യാർത്ഥി സമൂഹം കൂടുതൽ ശക്തിയാർജ്ജിച്ചു. കൂട്ടായ വിലപേശലിന്റെ പ്രാധാന്യം അവർ തിരിച്ചറിഞ്ഞു. 1974 ൽ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും പ്രാതിനിധ്യം നൽകുവാൻ തീരുമാനമായി.

1975 – 77 കാലത്തെ ദേശീയ അടിയന്തിരാവസ്ഥയോടെ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചു. വിദ്യാർത്ഥികളുടെയിടയിൽ അവർ കൂടുതൽ സ്വീകാര്യത നേടി. കേരള യൂണിവേഴ്സിറ്റി യൂണിയന്റെ ഭരണം അവർ കെ.എസ്.യു വിൽ നിന്നും പിടിച്ചെടുത്തു. ഇതോടെ രണ്ടു സംഘടനകളും തമ്മിലുള്ള മത്സരം കടുത്തു. കോളേജുകളിൽ ആധിപത്യം സ്ഥാപിക്കുവാൻ ഇരു വിഭാഗവും മത്സരത്തോടെ മുന്നേറി. പല കോളേജുകളിലും രണ്ടു വിഭാഗങ്ങളും തമ്മിൽ പല സംഘട്ടനങ്ങളും നടന്നു. രാഷ്ട്രീയ പാർട്ടികളിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ വിദ്യാർത്ഥി സംഘടനകളിലും ശക്തിയായി പ്രതിഫലിക്കാൻ തുടങ്ങി. പുതിയ വിദ്യാർത്ഥി സംഘടനകൾ ഉടലെടുക്കുകയും നിലവിലുണ്ടായവ പിളർന്ന് കൂടുതൽ സംഘടനകൾ രൂപം കൊള്ളുകയും ചെയ്തു. ഫലത്തിൽ വിദ്യാർത്ഥി സംഘടനകളെ നയിക്കുന്നത് രാഷ്ട്രീയപാർട്ടികളായി മാറി.

സ്വാതന്ത്ര്യ ലബ്ധിക്കു മുൻപു നടന്ന വിദ്യാർത്ഥി സമരങ്ങളൊക്കെത്തന്നെ ശരിയായ നേതൃത്വവും ലക്ഷ്യവും ഉണ്ടായിരുന്നതിനാൽ വിദ്യാർത്ഥികളിൽ ആശയപരമായ വ്യത്യാസം താരതമ്യേന കുറവായിരുന്നു, സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ആശയപരമായ വ്യത്യാസം വർദ്ധിക്കുകയും തന്മൂലം വിദ്യാർത്ഥികളുടെ സമരത്തിന് ഒരു ആദർശരൂപം ഇല്ലാതാകുകയും ചെയ്തു. മാതൃസംഘടനയായ രാഷ്ട്രീയ പാർട്ടി ചലിക്കുന്നതനുസരിച്ച് വിദ്യാർത്ഥി സംഘടനകളും പ്രവർത്തിച്ചു തുടങ്ങി. സമരത്തിന്റെ സ്വഭാവം മാറുകയും ദേശീയ താൽപര്യത്തിനുപരിയായി മറ്റു പല താൽപര്യങ്ങളും ഉടലെടുക്കുകയും ചെയ്തു. നക്സൽ പ്രസ്ഥാനം, ചിപ്കോസമരം, മണ്ഡൽ കമ്മീഷൻ, ആഗോളവൽക്കരണം തുടങ്ങിയവയിലെല്ലാം വിദ്യാർത്ഥികൾ ഇടപെട്ട് സമരങ്ങളുടെ ഒരു വേലിയേറ്റം തന്നെ ദൃശ്യമായി. രാഷ്ട്രീയത്തിൽ പ്രാദേശിക കക്ഷികൾ കൂടുതലായി വന്നത് പുതിയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനും പ്രാദേശികാടിസ്ഥാനത്തിലുള്ള സമരങ്ങൾ വർദ്ധിക്കുന്നതിനും ഇടയാക്കി.

## ഇന്നത്തെ അവസ്ഥ

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഇന്ന് അവരുടെ വിദ്യാർത്ഥി വിഭാഗമുണ്ട്. ഇതിലൂടെയാണ് വലിയൊരു വിഭാഗം വിദ്യാർത്ഥികൾ രാഷ്ട്രീയ രംഗത്തേക്കും അധികാര കേന്ദ്രങ്ങളിലേക്കും കടന്നു വരുന്നത്. രാഷ്ട്രീയ പാർട്ടികൾക്കിടയിലുള്ള കിടമത്സരം അതേ പടി ഈ സംഘടനകളിലും നടക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ ട്രേഡ് യൂണിയൻ പ്രവർത്തനരീതി തന്നെയാണ് വിദ്യാർത്ഥി സംഘടനകളും പിന്തുടരുന്നത്. വിദ്യാഭ്യാസ രംഗത്തെ അമിത രാഷ്ട്രീയവൽക്കരണവും കോളേജ് മാനേജ്മെന്റുകളുടെ പ്രവർത്തനശൈലിയും നിലവിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ പോരായ്മയും അദ്ധ്യാപക അനദ്ധ്യാപക വിഭാഗങ്ങളുടെ രാഷ്ട്രീയ പ്രവർത്തനവും സ്വജനപക്ഷപാതവും അഴിമതിയും ജാതി മതപരമായ കാഴ്ചപാടുകളും തൊഴിലില്ലായ്മയും എല്ലാം സൃഷ്ടിക്കുന്ന അസ്വസ്ഥതകൾ രാഷ്ട്രീയ പ്രവർത്തനത്തിന് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ നേടിയെടുക്കാവുന്ന അസുലഭ നേട്ടങ്ങളും രാഷ്ട്രീയ പാർട്ടികളുടെ പ്രോത്സാഹനവും വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രചോദനം നൽകുന്നവയാണ് . വിദ്യാർത്ഥി നേതാക്കൾ പിന്നീട് അധികാര കേന്ദ്രങ്ങളിലെത്തുന്നതും അക്കാദമിക രംഗങ്ങളിൽ മികവു തെളിയിച്ചവർ പലപ്പോഴും തഴയപ്പെടുന്നതും കാണുന്ന വിദ്യാർത്ഥി സമൂഹത്തിന് വിദ്യാർത്ഥി രാഷ്ട്രീയത്തോട് താൽപര്യമുണ്ടാകുക സ്വാഭാവികമാണ്. ശരിയായ ലക്ഷ്യമോ നേതൃത്വമോ ഇല്ലാതെയുള്ള വിദ്യാർത്ഥികളുടെ ഈ വിധ രാഷ്ട്രീയ പ്രവർത്തനം വിദ്യാലയങ്ങളുടെ ഭാവി അപകടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാലയങ്ങളുടെ ചിട്ടയായ പ്രവർത്തനം ഇത് ദുസ്സാദ്ധ്യമാക്കിയിരിക്കുന്നു.

## വിദ്യാർത്ഥി രാഷ്ട്രീയം കോടതിയിലേക്ക്

2003 ൽ പാലാ സെന്റ് തോമസ് കോളേജിലെ ഒരു വിദ്യാർത്ഥിക്ക് ഹാജർ കുറവായതിനാൽ യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ കോളേജധികൃതർ അനുമതി നിഷേധിച്ചു. സംഘടനാപ്രവർത്തനത്തിൽ മുഴുകിയതിനാലാണ് വിദ്യാർത്ഥിക്ക് ഹാജർ തീരെ കുറഞ്ഞു പോയത്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ഈ വിദ്യാർത്ഥി യൂണിവേഴ്സിറ്റിയുടെ അനുമതി വാങ്ങിയിരുന്നെങ്കിലും കോളേജധികൃതർ വഴങ്ങിയില്ല. ഇതിനെതിരെ വിദ്യാർത്ഥി ഹൈക്കോടതിയെ സമീപിച്ചു. (Sojan Francis Vs M.G. University) കോളേജിന്റെ നടപടി കോടതി അംഗീകരിച്ചു എന്നു മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനത്തിൽ രാഷ്ട്രീയ പ്രവർത്തനം നിരോധിക്കുവാനുള്ള അധികാരം സ്ഥാപനത്തിനുണ്ടെന്നും വിധിച്ചു.

ഇവിടെ എടുത്തു പറയേണ്ട ഒരു സംഭവം 1970 ൽ തിരുവനന്തപുരം മഹാത്മഗാന്ധി കോളേജിൽ ഉണ്ടായതാണ്. അന്ന് ഹാജർ കുറവുള്ള ചില വിദ്യാർത്ഥികളെ





പരീക്ഷക്കിരിക്കുന്നതിൽ നിന്നും പ്രിൻസിപ്പലായിരുന്ന പ്രൊഫ. എം. പി. മന്മഥൻ വിലക്കി. പക്ഷേ രാഷ്ട്രീയ സമ്മർദ്ദം മൂലം സർവ്വകലാശാലയും മാനേജ്മെന്റും വിദ്യാർത്ഥികൾക്ക് അനുകൂലമായി നിന്നു, തന്റെ ആത്മാഭിമാനം ചോദ്യം ചെയ്യപ്പെട്ടപ്പോൾ മുൻ പിൻ നോക്കാതെ പ്രൊഫ. എം.പി.മന്മഥൻ പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് കോളേജിന്റെ പടിയിറങ്ങി. ഉദാത്തമായ ഈ മാതൃക പിന്തുടരാൻ പിന്നീടാരും ഉണ്ടായില്ലെന്നു മാത്രമല്ല പ്രൊഫ. എം.പി.മന്മഥന് അനുകൂലമായി പ്രതികരിക്കാൻ സമൂഹവും തയ്യാറായില്ല. ഇന്നത്തെ ദുരവസ്ഥയെക്കുറിച്ച് വിലപിക്കുമ്പോൾ ഈ സംഭവം എടുത്തുപറയാതെ വയ്യ.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പും ലിംഗ്ദോ കമ്മറ്റിയും

യൂണിയൻ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ടാണ് ക്യാംപസുകളിൽ മിക്കവാറും അക്രമങ്ങൾ നടക്കുന്നത്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നിലവിലുള്ള രീതിയിൽ (Presidential Form) നടത്തണമെന്നു കാണിച്ച് 2004 ൽ കേരളയൂണിവേഴ്സിറ്റി കോളേജുകൾക്ക് നിർദ്ദേശം നൽകി. ഈ രീതിയിലുള്ള തെരഞ്ഞെടുപ്പ് കൂടുതൽ വാശിയേറിയ പോരാട്ടത്തിന് ഇടയാക്കുന്നതിനാൽ ഇതിനെതിരെ കോളേജ് പ്രിൻസിപ്പൽമാരുടെ സംഘടന (Principal's Council ഹൈക്കോടതിയിൽ പരാതി നൽകി. ഈ കേസിൽ കോളേജുകളിലെ തെരെഞ്ഞെടുപ്പ് ഏതു രീതിയിൽ നടത്തണമെന്ന് നിശ്ചയിക്കുവാനുള്ള അവകാശം കോളേജിനാണെന്ന് കേരള ഹൈക്കോടതി വിധിക്കുകയും. യൂണിവേഴ്സിറ്റിയുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. ഈ വിധിക്കെതിരെ കേരള യൂണിവേഴ്സിറ്റിയും, കേരളയൂണിവേഴ്സിറ്റി യൂണിയനും സുപ്രീം കോടതിയിൽ അപ്പീൽ നൽകി. കേസിന്റെ ന്യായാന്യായങ്ങളിലേക്കു കടക്കുന്നതിനുപകരം യൂണിവേഴ്സിറ്റി തലത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പരിശോധിക്കുവാനായി ഒരു കമ്മറ്റിയെ നിയോഗിക്കുവാൻ സുപ്രീംകോടതി കേന്ദ്ര ഗവണ്മെന്റിന് നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മനുഷ്യവിഭവശേഷിമന്ത്രാലയം 2006 ൽ മുൻ ചീഫ് തെരഞ്ഞെടുപ്പു കമ്മീഷൻ ജെ.എം. ലിംഗ്ദോ അദ്ധ്യക്ഷനായി 6 അംഗങ്ങളുള്ള ഒരു കമ്മറ്റി (Lyngdoh Committee) യെ നിയമിച്ചു. വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നടക്കുന്ന അക്രമം, അച്ചടക്കമില്ലായ്മ, കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള വേർതിരിവ്, പഠന നഷ്ടം തുടങ്ങിയവയെല്ലാം അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു. 2006 മേയിൽ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു . സുപ്രീം കോടതി റിപ്പോർട്ട് അതേപടി അംഗീകരിക്കുകയും എല്ലാ കോളേജുകൾക്കും യൂണിവേഴ്സിറ്റികൾക്കും റിപ്പോർട്ട് ബാധകമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. മദ്ധ്യ പ്രദേശിലെ ഉജ്ജയനി യൂണിവേഴ്സിറ്റിയിലെ പ്രൊഫ. എച്ച്. എസ്. സബർവാൾ വിദ്യാർത്ഥി മർദ്ദനത്തെത്തുടർന്ന് മരിക്കുവാനിടയായ സാഹചര്യം കൂടി കണക്കിലെടുത്ത് ഉടൻ തന്നെ സുപ്രീംകോടതി ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുകയാണുണ്ടായത്. കോളേജുകളിലും, യൂണിവേഴ്സിറ്റികളിലും യൂണിയൻ തിരഞ്ഞെടുപ്പ് എങ്ങിനെയാണ് നടത്തേണ്ടത് എന്നുള്ളതിന് വളരെ വിശദമായ ഒരു മാർഗ്ഗരേഖ ലിംഗ്ദോ കമ്മറ്റി റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ തെരെഞ്ഞെടുപ്പ് ചിലവിന്റെ കാര്യത്തിലും,തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കാര്യത്തിലും സ്ഥാനാർത്ഥികളുടെ യോഗ്യതയുടെ കാര്യത്തിലും വച്ചിരിക്കുന്ന നിബന്ധനകൾ വിദ്യാർത്ഥികൾ അംഗീകരിച്ചിട്ടില്ല. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഈ നിബന്ധനകൾക്കെതിരെ 2008 ൽ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും നടപടികൾ 2012 വരെ നീണ്ടു പോയി, എന്നു മാത്രമല്ല നിബന്ധനകളുടെ കാര്യത്തിൽ കാര്യമായ ഇളവുകളൊന്നും ലഭിച്ചുമില്ല. പല യൂണിവേഴ്സിറ്റികളിലും ഈ റിപ്പോർട്ടിനു വിരുദ്ധമായാണ് കാര്യങ്ങങ്ങൾ നടക്കുന്നത്. ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യം കമ്മറ്റി ക്യാംപസ് രാഷ്ട്രീയത്തെ എതിർത്തിട്ടില്ല എന്നതാണ്, എന്നു മാത്രമല്ല ക്യാംപസുകളിൽ ജനാധിപത്യം വളർത്തി എടുക്കേണ്ടതുണ്ടെന്നും ക്രിയാത്മകമായ രാഷ്ട്രീയവും ജനാധിപത്യ ചിന്തകളും വളർത്തുന്നതിനും അനൈക്യവും മറ്റ് അസ്വസ്ഥതകളും പ്രതിരോധിക്കാൻ ഇത് ഉതകും എന്നു കൂടി കമ്മറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്.

